# പഞ്ചായത്ത് രാജ്

പുസ്തകം 56 ◆ ലക്കം 12
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
മാർച്ച് 2017



# കർമ്മപ്രചോദകം രണ്ട് രാപ്പകൽ

## ഫെബ്രുവരി 18,19

## 'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

## പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



# പഞ്ചായത്ത് രാജ്

മാർച്ച് 2017


# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 ഗ്രീൻ പ്രോട്ടോകോൾ സാമൂഹിക ജീവിതത്തിന് ഒരു സാക്ഷ്യമാകണം
ഡോ. കെ.ടി. ജലീൽ

11 പഞ്ചായത്ത് ദിനം ആഘോഷമാകുമ്പോൾ





15 ജനകീയാസൂത്രണം രണ്ടാംഘട്ടം ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിനുളള സുവർണ്ണാവസരം : ഗവർണ്ണർ





18 വേദികളിലൂടെ

19 രണ്ടാംഘട്ട ജനകീയാസൂത്രണം വിജയിപ്പിക്കണം





24 വേണം, ഒരു പുത്തൻ പഞ്ചായത്തീരാജ്
ഡോ.ജോയ് ഇളമൺ

28 കവിത – ആര് വരും?
ദിലീപ് ഇരിങ്ങാവൂർ

27 മികവിന്റെ അമരത്ത് ആലപ്പുഴ

28 ഗുരുവായൂർ സത്യാഗ്രഹം വീണ്ടും വായിക്കുമ്പോൾ
ടി.വി. അബ്ദുറഹിമാൻ കുട്ടി

31 മലപ്പുറത്ത് വസ്തുനികുതി ഓൺലൈനിൽ

32 ഓച്ചിറ ബ്ലോക്കിൽ ഹരിതകാമ്പസ്
ആർ. അജയകുമാർ





33 ഇടവപ്പാതിയിലെ സന്ധ്യ : അനുഭവം
ഈപ്പൻ വറുഗീസ്

35 ഇ-ഹെൽത്ത്
പൊതുജനാരോഗ്യ രംഗത്ത് സമഗ്രമായ മാറ്റം
ദിലീപ് നായർ





40 പുഴയെ സ്നേഹിക്കുന്ന വാണിമേൽ പഞ്ചായത്ത്





42 വാർത്തകളും വിശേഷങ്ങളും

# ഇടമലക്കുടി സമഗ്രവികസനത്തിന് സത്വരനടപടികൾ സ്വീകരിക്കും

## - മുഖ്യമന്ത്രി

സംസ്ഥാനത്തെ ഏക പട്ടികവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയുടെ സമഗ്രവികസനത്തിന് അടിയന്തിര നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. 2012-13, 2013-14 കാലങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച ഇടമലക്കുടി പാക്കേജ് ലക്ഷ്യം കാണുകയോ, പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. 250 വീടുകൾ പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും ആകെ 103 വീട് മാത്രമാണ് പൂർത്തീകരിക്കാനായത്. 14 കി.മീ റോഡ് നിർമ്മിക്കാൻ തീരുമാനിച്ചിരുന്നുവെങ്കിലും ഇതുവരെ നടപ്പിലായിട്ടില്ല. പാക്കേജിന്റെ ഭാഗമായി 12.5 കോടി വകയിരുത്തിയെങ്കിലും ഏകദേശം നാലു കോടി രൂപ മാത്രമാണ് ചെലവഴിച്ചത്.

ഇടമലക്കുടി പഞ്ചായത്തിൽ തന്നെ പഞ്ചായത്ത് ആസ്ഥാനം പണികഴിപ്പിക്കാൻ യോഗത്തിൽ തീരുമാനമായി. സൊസൈറ്റിക്കടുത്ത് പ്രാദേശിക ആരോഗ്യ കേന്ദ്രവും ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സും സ്ഥിരം മെഡിക്കൽ സംവിധാനവും ഏർപ്പെടുത്തും. ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കും. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് വേണ്ടി വിദ്യാസമ്പന്നരായ തദ്ദേശീയരായ മുതുവാൻ വിഭാഗത്തിൽപ്പെട്ടവരെ ടീച്ചർമാരായി നിയമിക്കും. എം.ആർ.എസ് മാതൃകയിൽ റസിഡൻഷ്യൽ പഠനസമ്പ്രദായം ആവിഷ്കരിക്കും. കുടിവെള്ളത്തിന് തദ്ദേശീയമായ ജലസ്രോതസ്സ് ഉപയോഗപ്പെടുത്തിയും ചെക്ക് ഡാം പണിതും പദ്ധതികൾ നടപ്പിലാക്കും. കല്ല് പാകിയുള്ള പാത നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കും. പാരമ്പര്യ കൃഷിരീതികൾ ചെയ്യുന്നതിന് ആവശ്യമായ പ്രോത്സാഹനം നൽകും. കാർഷിക ഉത്പന്നങ്ങളുടെ ഇടത്തട്ട് ചൂഷണം അവസാനിപ്പിക്കാൻ ബദൽ സംവിധാനം ഏർപ്പെടുത്തും എല്ലാ കുടിലുകളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. റേഷൻ സംവിധാനം മെച്ചപ്പെടുത്തും. ദേവികുളം സബ്കളക്ടറെ ഇടമലക്കുടി പാക്കേജിന്റെ പദ്ധതി നിർവ്വഹണത്തിന് നോഡൽ ഓഫീസറായി ചുമതലപ്പെടുത്തി.

മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസനവകുപ്പ് മന്ത്രി.എ.കെ.ബാലൻ, വനംവകുപ്പ് മന്ത്രി കെ.രാജു, തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി.കെ.ടി.ജലീൽ, വിദ്യാഭ്യാസവകുപ്പു മന്ത്രി സി.രവീന്ദ്രനാഥ്, ആരോഗ്യവകുപ്പ് മന്ത്രി.കെ.കെ.ശൈലജ, ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ്, എ.ഡി.ജി.പി.ബി.സന്ധ്യ, വിവിധ വകുപ്പു മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.



*മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി പുരസ്കാരം എടക്കാട് ബ്ലോക്ക് പഞ്ചായത്തിന് പി.കെ. ശ്രീമതി ടീച്ചർ എം.പി സമ്മാനിക്കുന്നു*



*മികച്ച ജില്ലാ പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി പുരസ്കാരം കൊല്ലം ജില്ലാ പഞ്ചായത്തിന് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ സമ്മാനിക്കുന്നു*

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

മാർച്ച് 2017 | പുസ്തകം 56 | ലക്കം 12 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in

**ഉപദേശക സമിതി**

ചെയർമാൻ

**ഡോ. കെ.ടി. ജലീൽ**

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ

**ടി.കെ. ജോസ്,** ഐ.എ.എസ്.

പ്രിൻസിപ്പൽ സെക്രട്ടറി

തദ്ദേശസ്വയംഭരണവകുപ്പ്

**ഡോ. കെ. അമ്പാടി** ഐ.ഐ.എസ്.

ഡയറക്ടർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**കെ. തുളസിഭായ് പത്മനാഭൻ**

പ്രസിഡന്റ്

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**കെ.ആർ. അജയൻ**

സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**

പബ്ലിസിറ്റി ഓഫീസർ

പഞ്ചായത്ത് വകുപ്പ്

കൺവീനർ

**പി. ബാല കിരൺ ഐ.എ.എസ്.**

പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ

**പി. ബാല കിരൺ ഐ.എ.എസ്.**

email: directorofpanchayat@gmail.com

Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ

**ജി. ഹരികൃഷ്ണൻ**

email: prmdp2015@gmail.com

Ph: 0471-2321280

Mob: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്

Aadhi Graphics

(mayasanthoshm@gmail.com)

കവർ പെയിന്റിംഗ്

**ബി.എൻ. മേച്ചേരി**

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

**മേൽവിലാസം**

എഡിറ്റർ

പഞ്ചായത്ത് രാജ് മാസിക

പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.

തിരുവനന്തപുരം - 695033.

## എഡിറ്റോറിയൽ

# ആഘോഷപാഠം അവിസ്മരണീയം

ഒരുപാട് സുസ്മരണകൾ അവശേഷിപ്പിച്ചുകൊണ്ട് ഒരു പഞ്ചായത്ത് ദിനം കൂടി ഹൃദ്യമായി. ചരിത്രത്തിന്റെ അടയാളങ്ങൾ മഹിമയോടെ കാത്തുസൂക്ഷിക്കുന്ന കണ്ണൂരിൽ പഞ്ചായത്ത്ദിനാഘോഷം പൊലിമയോടെ സംഘടിപ്പിച്ച ഏവർക്കും അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ. നവീനാശയങ്ങളാൽ സമ്പുഷ്ടമായ സെമിനാറുകളിൽ നിന്നും സമ്മേളനപരിപാടികളിൽ നിന്നും പ്രവർത്തനോർജ്ജം ഉൾക്കൊണ്ട് ഗുണപരമായ മാറ്റം വരുത്താൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആത്മാർത്ഥമായി ശ്രമിക്കണം.

പദ്ധതിപ്പണത്തിന്റെ ചെലവ് നമ്മൾ ഉദ്ദേശിച്ച തരത്തിൽ ഉയർന്നിട്ടില്ല എന്നാണ് കണക്കുകൾ കാണിക്കുന്നത്. 2016-17 വാർഷികപദ്ധതിയിലുൾപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണമാരംഭിച്ച പ്രോജക്റ്റുകൾ മാർച്ച് 31നു ശേഷം സ്പിൽഓവർ ആയി തുടരാൻ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി അനുവാദം നൽകിയിട്ടുണ്ട്. എന്നിരുന്നാലും വരും ദിവസങ്ങളിൽ പരമാവധി തുക വിനിയോഗിക്കാൻ എല്ലാവരും ഒത്തൊരുമയോടെ പ്രവർത്തിക്കണം. തദ്ദേശമിത്രം പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ച ഫണ്ട് നഷ്ടപ്പെടാതിരിക്കണമെങ്കിൽ മാർച്ച് 31നകം പദ്ധതികൾ നടപടിക്രമം പൂർത്തീകരിച്ച് കരാറിലേർപ്പെടേണ്ടതാണെന്ന കാര്യം ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നു.

ആധുനികവത്ക്കരണം സമൂഹത്തിന്റെ എല്ലാ മേഖലയിലുമെന്നതുപോലെ പഞ്ചായത്ത് വകുപ്പിലും ചലനങ്ങൾ സൃഷ്ടിച്ചു തുടങ്ങി. 2016-17ൽ ഇതിനായി ഒരു കോടി പത്തു ലക്ഷം രൂപ അനുവദിച്ചു. ഈ പണം കൊണ്ട് സാങ്കേതികവിദ്യയ്ക്ക് ഉപകാരപ്പെടുന്ന ഓഫീസ് ഉപകരണങ്ങൾ ഇ-ടെണ്ടർ മുഖേന വാങ്ങുന്നതാണ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പു പദ്ധതി സംസ്ഥാനത്ത് സജീവമായി പുരോഗമിക്കുകയാണ്. സംസ്ഥാനത്തിന് ലേബർബഡ്ജറ്റ് ഫണ്ടിനത്തിൽ ലഭിക്കുന്ന തുകയുടെ 100 ശതമാനത്തിന് മുകളിൽ തുക തൊഴിലുറപ്പു പദ്ധതിയിൽ ചെലവഴിക്കപ്പെടുന്നുണ്ട്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് ചെലവഴിക്കപ്പെടുന്ന തൊഴിലുറപ്പു ഫണ്ടിന്റെ 95 ശതമാനവും വേതനഘടകമായിട്ടാണ് വിനിയോഗിക്കപ്പെടുന്നത്. സ്ഥായിയായതും ഉല്പാദനപരവുമായ ആസ്തികൾ സൃഷ്ടിക്കുന്നതിന് സാധനസാമഗ്രികൾക്കും വിദഗ്ധ-അർദ്ധവിദഗ്ധ തൊഴിലാളികളുടെ കൂലിയടക്കം ദേശീയ ശരാശരിയായ 25 ശതമാനം വരെ തൊഴിലുറപ്പു ഫണ്ട് വിനിയോഗിക്കാമെന്നിരിക്കെ അത്തരത്തിലുള്ള ആസ്തികൾ എന്തുകൊണ്ട് നമുക്ക് സൃഷ്ടിക്കാൻ കഴിയുന്നില്ല എന്നത് പഞ്ചായത്തുകൾ ഗൗരവമായി പരിശോധിക്കണം. പദ്ധതിക്കുള്ള ആക്ഷൻപ്ലാൻ രൂപീകരിക്കുന്ന വേളയിൽ തൊഴിലുറപ്പു പദ്ധതിയിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള സുവർണ്ണാവസരം പഞ്ചായത്തുകൾ പ്രയോജനപ്പെടുത്തണം.

മേൽപറഞ്ഞ വസ്തുതകൾ മനസ്സിൽ സൂക്ഷിക്കുകയും തദനുസൃതമായ പ്രവർത്തനപഥം തെളിച്ച് കർമ്മനിഷ്ഠയോടെ മുന്നോട്ടുപോയെങ്കിൽ മാത്രമേ നാട്ടുനന്മയെന്ന ആത്യന്തിക ലക്ഷ്യം പൂവണിയിക്കാൻ കഴിയുകയുള്ളു.

**പി. ബാല കിരൺ ഐ.എ.എസ്.**

പഞ്ചായത്ത് ഡയറക്ടർ

# ഗ്രീൻ പ്രോട്ടോകോൾ
## സാമൂഹിക ജീവിതത്തിന് ഒരു സാക്ഷ്യമാകണം



**ഡോ. കെ.ടി. ജലീൽ**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

വ്യത്തി പ്രവൃത്തിയിൽ നിന്നാണുണ്ടാകുന്നത്. പ്രവൃത്തി വൃത്തിയുള്ളതായിരിക്കണം. ഒരു സംസ്ക്കാരമായോ ജീവിതരീതിയായോ ഉരുത്തിരിയേണ്ടതാണ് വൃത്തി. ജീവിതത്തിന്റെ എല്ലാതലങ്ങളിലും അനുവർത്തിക്കേണ്ട അനുഷ്ഠാനസമാനമായ ഒരു ചര്യയാണത്. സമൂഹമനസ്സിൽ പരപ്രേരണകൂടാതെ ഉരുത്തിരിയുന്ന ചിന്താധാരയാണ് ശുചിത്വം. വ്യക്തികളുടെ വൃത്തിബോധമാണ് സമൂഹത്തിന്റെ ശുചിത്വത്തിന്റെ താക്കോൽ. ഇത് രൂപപ്പെട്ടുവരേണ്ടത് ഏറ്റവും അടിസ്ഥാനതലത്തിൽ നിന്നായിരിക്കണം. പരപ്രേരണയാലോ സമ്മർദ്ദത്താലോ ശുചിത്വം അടിച്ചേൽപ്പിക്കേണ്ടതല്ല. ഇത് അനുവർത്തിക്കേണ്ടത് നിയമനിർവ്വഹണത്തിന്റെ കാർക്കശ്യങ്ങളിലൂടെയോ നീതിന്യായത്തിന്റെ ചട്ടവട്ടങ്ങളിലൂടെയോ ആയിരിക്കരുത്. ഭരണരീതി ജനങ്ങളുടെ ശുചിത്വബോധത്തെ നയിക്കുന്നതോ നിയന്ത്രിക്കുന്നതോ ആവരുത്, മറിച്ച് ഭരണത്തെ ശുചീകരിക്കേണ്ടവരാണ് അവർ. ഇത്തരത്തിൽ മേൽത്തട്ടിൽ നിന്ന് അടിച്ചേൽപ്പിക്കാതെ ഒരു സംസ്ക്കാരമെന്ന നിലയിൽ രൂപം കൊള്ളേണ്ട ശുചിത്വബോധത്തിന് നമ്മുടെ നാട്ടിൽ എന്താണ് സംഭവിക്കുന്നത്. നിയമം കൊണ്ടും നിയമനിർവ്വഹണത്തിന്റെ മേൽനോട്ടത്താലും ശുചിത്വം ജനങ്ങളുടെ ഇടയിൽ നടപ്പാക്കേണ്ട രീതിയിലേക്ക് കാര്യങ്ങൾ മാറിപ്പോയിരിക്കുന്നു.

മേഘാലയായിലെ കിഴക്കൻ ഖാസി ജില്ലയിലെ മൗല്യാനോങ് ഏഷ്യയിലെ ഏറ്റവും വൃത്തിയുള്ള ഗ്രാമമായി ഡിസ്ക്കവർ ഇൻഡ്യാ മാസിക വിലയിരുത്തുന്നു. വൃത്തി സ്വപ്നം കാണുന്നവരുടെ തീർത്ഥാടന കേന്ദ്രമാണ് ഇന്ന് മൗല്യാനോങ്. ഷില്ലോങ്ങിൽ നിന്നും 90 കിലോമീറ്റർ അകലെ ഇന്ത്യാ-ബംഗ്ലാദേശ് അതിർത്തിയിലുള്ള ഒരു ചെറു ഗ്രാമത്തിന് ഇത് സാദ്ധ്യമാണെങ്കിൽ എന്തുകൊണ്ട് ഏറ്റവും വിദ്യാസമ്പന്നരും പ്രബുദ്ധരുമെന്ന് സ്വയം അഭിമാനിക്കുകയും നാഴികയ്ക്ക് നാൽപ്പതുവട്ടം വീമ്പുപറയുകയും ചെയ്യുന്ന കേരളത്തിന് ഇത് സാധിക്കുന്നില്ല. ഖാസികൾ നീതിപാലനത്തിന്റെ അച്ചടക്കനടപടി ഭയന്നല്ല ഈ അച്ചടക്കം പുലർത്തുന്നത്. അത് അവരുടെ ഇടയിൽത്തന്നെ ഉയിർക്കൊണ്ട ഒരു ജീവിതരീതിയുടേയോ സംസ്ക്കാരത്തിന്റെയോ ഉപോൽപ്പന്നമാണ്. അവർ ചവർ വലിച്ച് അന്യന്റെ പറമ്പിലേക്കെറിയുന്നില്ല. ജലസ്രോതസ്സുകളെ മലിനമാക്കുന്നില്ല. വായുവും വെ



ള്ളവും മണ്ണും വൃത്തിയുള്ളതാക്കിവയ്ക്കാൻ ഓരോരുത്തരും ശ്രദ്ധിക്കുന്നു. അതവരുടെ കർത്തവ്യമായി കരുതുന്നു. മുളകൊണ്ടുണ്ടാക്കിയ ചവർകുട്ട ഗ്രാമത്തിലെങ്ങും സ്ഥാപിച്ചിരിക്കുന്നു. അതിൽ നിക്ഷേപിക്കപ്പെടുന്ന ചപ്പുചവറുകൾ ജനകീയ പങ്കാളിത്തത്തോടെ വളമാക്കിമാറ്റുന്നു. പ്ലാസ്റ്റിക്ക് നിരോധനത്തിന് പ്രഖ്യാപനങ്ങളും പ്രതിജ്ഞകളും റോഡ് ഷോയും നടത്തുന്ന കേരളം ഈ നാടിനെ കണ്ട് പഠിക്കണം. അവിടെ പ്ലാസ്റ്റിക് ഉപയോഗമില്ല. പുകവലിയില്ല. ഇതൊന്നും നിരോധിക്കപ്പെട്ടതല്ല, ശീലിക്കപ്പെട്ടതാണ്.

നമ്മുടെ നാട്ടിൽ എന്താണ് സംഭവിക്കുന്നത്? രണ്ടുനേരം കുളിക്കുന്നവർ, ശുഭ്രവസ്ത്രധാരികൾ, ശുചിയായ വെള്ളം കുടിക്കുന്നവർ, വൃത്തിയുള്ള ആഹാരം കഴിക്കുന്നവർ ഇങ്ങനെ വെടിപ്പായി നമ്മെ നാം തന്നെ പുകഴ്ത്തുമ്പോൾ ഇതൊക്കെ ആരുടെ ചെലവിലാണ് നാം കൈവരിക്കുന്നതെന്ന് ഓർക്കാറുണ്ടോ. മൂന്നിലൊരു ഭാഗം ഹരിതാഭമാർന്ന വനസ്ഥലികളും പോറലേൽക്കാത്ത കുന്നും തെളിനീരൊഴുകുന്ന നദികളും കായലും പച്ചപ്പുനിറഞ്ഞ തടങ്ങളും എല്ലാമെല്ലാമായിരുന്നു കുന്നലനാട്. കവികൾ വാഴ്ത്തിപ്പാടി പുകൾപെറ്റ നാട്. സഞ്ചാരികളുടെ പറുദീസയായിരുന്ന നാട്. കച്ചവടത്തിനും തൊഴിലിനും വന്നവർ തിരിച്ചുപോകാതെ വീടുവച്ച് താമസിക്കാനാഗ്രഹിച്ച നാട്. ലോകത്തിന്റെ ഏതുകോണിൽ അന്നം തേടിപ്പോയാലും അന്ത്യകാലത്ത് മലയാളി കൂടുകൂട്ടാനും ചേക്കേറാനും കൊതിച്ച മണ്ണ്. ഈ മണ്ണിന് എന്താണ് സംഭവിച്ചത്? ഇവിടുത്തെ മണ്ണും വായുവും വെള്ളവും ഏതെങ്കിലും അധിനിവേശശക്തി മലിനമാക്കിയതല്ല. പുറത്തുനിന്നല്ല മാലിന്യങ്ങൾ ഇവിടേക്ക് ഒഴുകിയെത്തിയത്. നമ്മുടെ ഉള്ളിൽ നിന്നുതന്നെയാണ്.

കേരളത്തിന്റെ സ്വച്ഛഹരിതാഭയ്ക്ക് മങ്ങലേൽക്കാൻ തുടങ്ങിയിട്ട് ഏറെക്കാലമായി-ഏകദേശം കഴിഞ്ഞ അമ്പതു വർഷക്കാലം. നാടിന്റെ സ്വച്ഛത നഷ്ടമായിരിക്കുന്നു. വികസനത്തിന്റെ പേരിൽ നാം കാട്ടുന്ന അത്യാർത്തി കേരളത്തിന്റെ മുഖച്ഛായയെ തന്നെ മാറ്റിമറിച്ചിരിക്കുന്നു. പുരോഗതിയുടെ ദിശാസൂചിയാണ് ചീഞ്ഞുനാറുന്ന പരിസരങ്ങൾ. നന്മകളാൽ സമൃദ്ധമായിരുന്ന നാട്ടിൻപുറങ്ങൾ പോലും നഗരവൽക്കരണത്തിന്റെ നാട്യങ്ങളാൽ വൃത്തിഹീനമാകുന്നു. കുറച്ചുമാത്രം മണ്ണും കൂടുതൽ മനുഷ്യരുമുള്ള നമ്മുടെ നാട്ടിൽ ഇതിന്റെ അനന്തരഫലം പേറുന്നത് പവിത്രമായ മണ്ണും തെളിഞ്ഞൊഴുകുന്ന നീരുറവകളുമാണ്. ജലാശയങ്ങൾ മലിനവും പലപ്പോഴും വിഷലിപ്തവുമാകുന്നതിനും കാരണങ്ങൾ പലതാണ്. വിശാലമായ നെൽപ്പാടങ്ങൾ കോൺക്രീറ്റ് സൗധങ്ങൾക്ക് വഴിമാറുകയോ ജൈവാംശം നഷ്ടപ്പെട്ട് കൃഷിയിറക്കാനാകാതെ തരിശായിപ്പോകുകയോ ചെയ്യുന്നു. മണ്ണിലടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക്കുകളും പാഴ്വസ്തുക്കളും സസ്യജാലങ്ങൾക്ക് ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്നു. പരിഷ്ക്കാരത്തിന്റെ പേരിലുള്ള ജടിലങ്ങളായ ധാരണകൾ മൂലം പരമ്പരാഗതമായി നാം ഉപയോഗിച്ചുകൊണ്ടിരുന്ന പല വസ്തുക്കളും ഏകോപയോഗ വസ്തുക്കൾക്ക് വഴിമാറിയതുമൂലം ഉപയോഗശേഷം വലിച്ചെറിയുന്ന പാഴ്വസ്തുക്കളുടെ എണ്ണം ക്രമാതീതമായി ഉയർന്ന് മണ്ണിനും മനുഷ്യനും ഭീഷണിയാണിന്ന്. ഈ ഉപയോഗശേഷം വലിച്ചെറിയുന്ന സംസ്കാരം നമ്മുടെ ജീനുകളിലേക്ക് സംക്രമിക്കുകയും ഉപയോഗം കഴിഞ്ഞ് വേണ്ടാത്തതെല്ലാം വലിച്ചെറിയുന്ന ജീവിതക്രമത്തിലേക്ക് നാം വളരെ വേഗം മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. പ്രായമായ അച്ഛനമ്മമാരെ പോലും അവരുടെ കർമ്മകാണ്ഡം കഴിയുമ്പോഴേക്കും തീർത്ഥാടനകേന്ദ്രങ്ങളിൽ നടതള്ളുന്നത് അല്ലെങ്കിൽ വൃദ്ധസദനങ്ങളുടെ തടവറയിലാക്കുന്നത് നേരത്തെ സൂചിപ്പിച്ച ഉപയോഗശേഷം വലിച്ചെറിയുന്ന നമ്മുടെ നവസംസ്ക്കാരശീലത്തിന്റെ ഭാഗമാണെന്ന് കാണാം.

**മേഘാലയായിലെ കിഴക്കൻ ഖാസി ജില്ലയിലെ മൗല്യാനോങ് ഏഷ്യയിലെ ഏറ്റവും വൃത്തിയുള്ള ഗ്രാമമായി ഡിസ്ക്കവർ ഇൻഡ്യാ മാസിക വിലയിരുത്തുന്നു. വൃത്തി സ്വപ്നം കാണുന്നവരുടെ തീർത്ഥാടന കേന്ദ്രമാണ് ഇന്ന് മൗല്യാനോങ്. ഷില്ലോങ്ങിൽ നിന്നും 90 കിലോമീറ്റർ അകലെ ഇന്ത്യാ-ബംഗ്ലാദേശ് അതിർത്തിയിലുള്ള ഒരു ചെറു ഗ്രാമത്തിന് ഇത് സാദ്ധ്യമാണെങ്കിൽ എന്തുകൊണ്ട് ഏറ്റവും വിദ്യാസമ്പന്നരും പ്രബുദ്ധരുമെന്ന് സ്വയം അഭിമാനിക്കുകയും നാഴികയ്ക്ക് നാൽപ്പതുവട്ടം വീമ്പുപറയുകയും ചെയ്യുന്ന കേരളത്തിന് ഇത് സാധിക്കുന്നില്ല.**

ആഘോഷങ്ങളും ഉൽസവങ്ങളും മറ്റേതൊരു പ്രദേശത്തെക്കാളും വളരെ കൂടുതലുള്ള നാടാണ് നമ്മുടെ കേരളം. എന്തും ആഘോഷമാക്കി മാറ്റാൻ ഗ്രാമങ്ങളും നഗരങ്ങളും പരസ്പരം മൽസരിക്കുമ്പോൾ ഈ ആഘോഷങ്ങളുടെയൊക്കെയും ശേഷപത്രം ഇന്നത്തെ അവസ്ഥയിൽ കുമിഞ്ഞുകൂടുന്ന മാലിന്യങ്ങൾ തന്നെയാണ്. പൂരം കഴിയുന്ന പൂരപ്പറമ്പുകളും ഉത്സവപ്പിറ്റേന്നത്തെ ആരാധനാലയങ്ങളും മാലിന്യക്കടലാണ്. ആഘോഷങ്ങളിൽ ആമോദിച്ചവർ നാടുവിടുമ്പോൾ ഉത്സവമുറ്റവും വഴിയോരവും പറമ്പുമെല്ലാം ചപ്പുചവറുകളുടെ മലയായി മാറുന്നു. ഇതിലേറ്റവും വില്ലൻ പ്ലാസ്റ്റിക്കാണ്. പ്ലാസ്റ്റിക്നിർമ്മിതമായ കപ്പുകളും പാത്രങ്ങളും കവറുകളും തോരണങ്ങളും എല്ലാം എല്ലാം ബാക്കിയാക്കി ഉത്സവം കൊടിയിറങ്ങുമ്പോൾ നാട്ടിൽ അവശേഷിക്കപ്പെട്ടത് എത്രവലിയ പാരിസ്ഥിതികദുരന്തമാണെന്ന് ആഘോഷക്കമ്മറ്റിക്കാർ ചിന്തിക്കാറില്ല. എന്തും പ്ലാസ്റ്റിക്ക് നിർമ്മിതമായി കിട്ടും. അതും വിലകുറഞ്ഞ ചൈനീസ് പ്ലാസ്റ്റിക്കിൽ. ഒറിജിനലിനെ വെല്ലുന്ന ഈ ഉൽപ്പന്നങ്ങൾ വാങ്ങിക്കൂട്ടുന്ന തത്വശാസ്ത്രം 'വില തുച്ഛം ഗുണം മെച്ചം' എന്നതുമാത്രമാണ്. എന്തിനധികം പറയുന്നു, ഇക്കഴിഞ്ഞ വിഷുക്കാലത്ത് 'കണിക്കൊന്നയല്ലേ വിഷുക്കാലമല്ലേ പൂക്കാതിരിക്കാനെനിക്കാവതില്ലേ' എന്ന് കവി പാടിയത് അക്ഷരംപ്രതി അനുസരിക്കാൻ

**മാലിന്യ സംസ്കരണ സംവിധാനങ്ങൾ കൺകെട്ടുവിദ്യക്കാരൻ ക്ഷേത്രത്തിന്റെ കഴുക്കോൽ തുമ്പ് കടിച്ചിട്ട് ക്ഷേത്രം വിഴുങ്ങി എന്ന് കാണികളെ ധരിപ്പിക്കും വിധമാണ് മുന്നോട്ട് നീങ്ങുന്നത്. ഒരു സംവിധാനത്തിന്റെയും പിടിയിലൊതുങ്ങാതെ പ്ലാസ്റ്റിക്ക് നമ്മുടെ പരിസരത്തെ കീഴടക്കുകയാണ്. അനുദിനം മലിനമായിക്കൊണ്ടിരിക്കുന്ന കേരളത്തെ നിത്യഹരിതപ്രഭയിലേക്ക് കൈപിടിച്ചുയർത്താനുള്ള കടമ നമുക്കോരോരുത്തർക്കുമുണ്ട്.**

കണിക്കൊന്നയ്ക്ക് കഴിഞ്ഞില്ല. കൊന്നയ്ക്ക് കാലം തെറ്റി -അല്ലെങ്കിൽ നമ്മുടെ ചെയ്തികളുടെ പരിണിതഫലമായി കൊന്ന തെറ്റിദ്ധരിച്ചു. മീനമാസത്തിൽ തന്നെ തലയിൽ പൊന്നണിഞ്ഞ കൊന്നകൾ മേടവിഷുവിന് പൂ തന്നില്ല. സാരമില്ല, ചൈനീസ് പൂ വന്നല്ലോ. നമ്മൾ ആശ്വസിച്ചു. ഒറിജിനൽ കൊന്നപ്പൂ നാണിച്ചുപോകുംതരം പ്ലാസ്റ്റിക്ക് കൊന്നപ്പൂക്കൾ ചൈനയിൽ നിന്നും നാം ഇറക്കുമതിചെയ്ത് കണിയൊരുക്കി. തൂശനിലയിൽ വിളമ്പുന്ന പാരമ്പര്യ സദ്യവട്ടങ്ങൾ പലയിടങ്ങളിലും തൂശനിലയെ വെല്ലുന്ന 'പ്ലാസ്റ്റിക് വാഴയില' എന്ന ഓമനപ്പേരിലുള്ള വസ്തുക്കളിൽ വിളമ്പുന്നുണ്ട്. അച്ഛനമ്മമാരെ ഒഴികെ മറ്റെന്തും പ്ലാസ്റ്റിക്കിൽ ലഭ്യമാകുന്ന കാലമാണിത്. അതും മെച്ചമായ ഗുണത്തിൽ തുച്ഛമായ വിലയ്ക്ക്. കണ്ടറിഞ്ഞാൽ പോരെ കൊണ്ടറിയേണ്ടതുണ്ടോ എന്നൊരു ഉടക്കു തത്വശാസ്ത്രത്തിൽ നാം ആശ്വസിച്ചുകൊള്ളുമ്പോഴും നാം അറിയുന്നില്ല എന്നതാണ് വർത്തമാനകാല ദുരന്തം. ഉപ്പു മുതൽ കർപ്പൂരം വരെയും പഴം-പച്ചക്കറി മുതൽ ഇലക്ട്രോണിക് വസ്തുക്കൾ അത് ഏതായാലും പൊതിഞ്ഞ് കിട്ടുന്നത് പ്ലാസ്റ്റിക് സഞ്ചികളിലാണ്. പഴയ കടലാസ് കുമ്പിളിനും കൂവയിലപ്പൊതിക്കും മറ്റും പകിട്ടും പത്രാസും പോരെന്നായിരിക്കുന്നു. മുക്കിന്മുക്കിന് പൊങ്ങിവരുന്ന സൂപ്പർ ഹൈപ്പർമാർക്കറ്റുകൾക്ക് കടലാസ് പാക്കിംഗ് അന്യമാണ്. സദ്യകൾക്കും സൽക്കാരങ്ങൾക്കും ശേഷം പുറംതള്ളുന്ന പ്ലാസ്റ്റിക് പ്ലേറ്റും ഗ്ലാസും സ്പൂണുമെല്ലാം കുന്നുകൂടുന്ന അവസ്ഥയാണുള്ളത്. മാലിന്യ സംസ്കരണ സംവിധാനങ്ങൾ കൺകെട്ടുവിദ്യക്കാരൻ ക്ഷേത്രത്തിന്റെ കഴുക്കോൽ തുമ്പ് കടിച്ചിട്ട് ക്ഷേത്രം വിഴുങ്ങി എന്ന് കാണികളെ ധരിപ്പിക്കും വിധമാണ് മുന്നോട്ട് നീങ്ങുന്നത്. ഒരു സംവിധാനത്തിന്റെയും പിടിയിലൊതുങ്ങാതെ പ്ലാസ്റ്റിക്ക് നമ്മുടെ പരിസരത്തെ കീഴടക്കുകയാണ്. അനുദിനം മലിനമായിക്കൊണ്ടിരിക്കുന്ന കേരളത്തെ നിത്യഹരിതപ്രഭയിലേക്ക് കൈപിടിച്ചുയർത്താനുള്ള കടമ നമുക്കോരോരുത്തർക്കുമുണ്ട്.

പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനും ക്രമേണ നമ്മുടെ സംസ്ഥാനത്തെ പ്ലാസ്റ്റിക് രഹിത സംസ്ഥാനമാക്കുന്നതിനുമായി ഹരിതപ്പെരുമാറ്റച്ചട്ടം വളരെയധികം സഹായിക്കുന്നു. ജനസാന്ദ്രത കൂടിയ നമ്മുടെ സംസ്ഥാനത്ത് ഉറവിട മാലിന്യ സംസ്കരണം - Reduce, Reuse, Recycle എന്നിവയ്ക്ക് മറ്റേതൊരു സ്ഥലത്തെക്കാളും വളരെ പ്രാധാന്യമുണ്ട്. വരുംതലമുറകളുടെ നിലനില്പിനായും അവരുടെ അവകാശങ്ങളെ മാനിക്കുന്നതിനും ഹരിതപ്പെരുമാറ്റച്ചട്ടത്തിന് പ്രാധാന്യമുണ്ട്. മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനായി ഉപയോഗശേഷം വലിച്ചെറിയുന്ന വസ്തുക്കളുടെ ഉപയോഗം പൂർണ്ണമായി ഒഴിവാക്കി പരിസ്ഥിതി സൗഹൃദവും ആവർത്തിച്ചുപയോഗിക്കാൻ കഴിയുന്നതുമായ വസ്തുക്കൾ ഉപയോഗിക്കുകയും ശേഷമുണ്ടാകുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി ഉറവിടത്തിൽ തന്നെ സംസ്കരിക്കുകയും ചെയ്യുന്ന രീതിയാണ് ഹരിത പെരുമാറ്റച്ചട്ടം. 2015 ൽ നടന്ന ദേശീയ ഗെയിംസ്, സംസ്ഥാന സ്കൂൾ കലോത്സവങ്ങൾ, ദേശീയ സ്കൂൾ അത്‌ലറ്റ് മീറ്റ്, ആറ്റുകാൽ പൊങ്കാല മുതൽ ഇങ്ങോട്ട് സംസ്ഥാന ശുചിത്വമിഷൻ ആവിഷ്കരിച്ചിരിക്കുന്ന ഗ്രീൻ പ്രോട്ടോകോൾ എന്ന ആശയം നമുക്കെല്ലാവർക്കും പ്രാവർത്തികമാക്കാവുന്നതാണ്. സ്വകാര്യ ചടങ്ങുകളായാലും സർക്കാർ വകുപ്പുകളുടെ ഔദ്യോഗിക ചടങ്ങുകളായാലും ഈ ഹരിത നിയമാവലി പാലിക്കാൻ നാം മുൻകൈ എടുക്കണം.

## എന്താണ് ഗ്രീൻ പ്രോട്ടോകോൾ അഥവാ ഹരിത പെരുമാറ്റച്ചട്ടം?

മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനായി ഏകോപയോഗ വസ്തുക്കളുടെ (ഡിസ്പോസിബിൾ) ഉപയോഗം പൂർണ്ണമായി ഒഴിവാക്കി പരിസ്ഥിതി സൗഹൃദവും ആവർത്തിച്ചുപയോഗിക്കാൻ കഴിയുന്നതുമായവ ഉപയോഗിക്കുകയും ശേഷമുണ്ടാകുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി ഉറവിടത്തിൽ തന്നെ സംസ്കരിക്കുകയും ചെയ്യുന്ന രീതിയാണ് ഗ്രീൻപ്രോട്ടോകോൾ അഥവാ ഹരിതനിയമാവലി. ഇത് നിയമസഭയോ പാർലമെന്റോ പാസാക്കിയ ഒരു നിയമാവലി അല്ല, പകരം പ്രാദേശികമായി കൂട്ടായി ചെയ്യാൻ പറ്റുന്ന ഒരു നടപടിക്രമം മാത്രമാണ്. വിവിധ പൊതുപരിപാടികളിൽ ഇപ്പോൾ ഗ്രീൻ പ്രോട്ടോകോൾ പിന്തുടർന്ന് വരുന്നത് പ്രശംസനീയമാണ്. 2015 ൽ സംസ്ഥാനം ആതിഥ്യം നൽകിയ ദേശീയ ഗെയിംസ് തുടങ്ങി കേരളത്തെ ആദ്യത്തെ വലിയ വെളിയിട വിമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ച ചടങ്ങ് തുടങ്ങിയവയിലെല്ലാം ഗ്രീൻ പ്രോട്ടോകോൾ അടിസ്ഥാനമാക്കി സംഘടിപ്പിച്ചത് വലിയ വിജയമായിരുന്നു. ഇതുപോലെ സംസ്ഥാനത്തുണ്ടാകുന്ന ചെറുതും വലുതുമായ എല്ലാ പൊതുപരിപാടികളിലും ഹരിത നിയമാവലി നിർബന്ധമായി പാലിച്ചാൽ മാലിന്യത്തോത് ഗണ്യമായി കുറയ്ക്കാൻ കഴിയും.

ഏതെല്ലാം പ്രവർത്തനങ്ങളിലൂടെ ഗ്രീൻ പ്രോട്ടോകോൾ പാലിക്കാൻ കഴിയും എന്നുള്ളത് അറിഞ്ഞിരിക്കേണ്ടതുണ്ട്.

## പൊതുവായ ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ

- ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം പൂർണ്ണമായി ഒഴിവാക്കുക.
- പുന:ചംക്രമണ സാധ്യതയുള്ളതും പുനരുപയോഗ സാധ്യതയുള്ളതുമായ വസ്തുക്കളുടെ ഉപയോഗം ശീലിക്കുക.
- പ്രകൃതി സൗഹൃദ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക (വാഴയില, പാളപ്ലേറ്റ്, സ്റ്റീൽഗ്ലാസ്, മൺകലം, കൂജ മുതലായവ).
- അജൈവ മാലിന്യങ്ങൾ പ്രത്യേകം തരംതിരിച്ച് സൂക്ഷിച്ച്

മാലിന്യത്തിന്റെ അളവ് കുറയ്ക്കുകയും പുന:ചംക്രമണ സാധ്യത ഉറപ്പാക്കുകയും ചെയ്യുക.

- പ്രത്യേകം തരംതിരിച്ച അജൈവ മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുകയും അവ മുടക്കം കൂടാതെ നീക്കം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
- ജൈവമാലിന്യങ്ങൾ പ്രത്യേകം ശേഖരിക്കുന്നതിനും കമ്പോസ്റ്റാക്കി മാറ്റി ജൈവകൃഷി ചെയ്യുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളുക.
- കലോത്സവം നടക്കുന്ന ക്യാമ്പസുകളിൽ ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം നിരോധിക്കുക. നിർദ്ദേശങ്ങളടങ്ങിയ ബോർഡുകൾ പ്രകൃതി സൗഹൃദ വസ്തുക്കളിൽ നിർമ്മിച്ചവയാകണമെന്ന് നിഷ്കർഷിക്കുക.
- കുടിവെള്ളം മൺകലത്തിലോ കൂജയിലോ സജ്ജീകരിക്കുകയും സ്റ്റീൽ ഗ്ലാസുകളിൽ വിതരണം ചെയ്യുകയും ചെയ്യുക. . പ്രായോഗികമല്ലാത്തിടത്ത് പുനരുപയോഗ സാധ്യതയുള്ള ബബിൾ ടോപ്പ് ഉപയോഗിക്കുക
- ഭക്ഷണവിതരണം പ്രകൃതിസൗഹൃദ വസ്തുക്കളിലാക്കുവാൻ നടപടിയെടുക്കുക
- തുണി, ഓല, വാഴയില തുടങ്ങി പ്രകൃതിസൗഹൃദ വസ്തുക്കളിൽ ഗ്രീൻ പ്രോട്ടോകോൾ നിർദ്ദേശങ്ങൾ വിവിധ സ്ഥലങ്ങളിൽ പ്രദർശിപ്പിക്കാവുന്നതാണ്.
- പരിശീലനം കൊടുത്ത് ഒരു ഗ്രീൻ വോളണ്ടിയർ ടീമിനെ ഇതിനായി രൂപപ്പെടുത്താവുന്നതാണ്. ഇതിനായി എൻ.സി.സി, എൻ.എസ്.എസ്, എസ്.പി.സി തുടങ്ങി സ്കൂൾതലങ്ങളിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ സേവനം ഉറപ്പാക്കാം.

## തൊഴിലിടങ്ങളിൽ പാലിക്കാവുന്ന ഗ്രീൻ പ്രോട്ടോ കോൾ പ്രവർത്തനങ്ങൾ

നമ്മുടെ തൊഴിലിടങ്ങൾ ഇന്ന് പ്ലാസ്റ്റിക് ഭീകരതയുടെ നിഴലിലാണ്. സർക്കാർ ഓഫീസ്, സ്വകാര്യ സ്ഥാപനങ്ങൾ, സംഘടിത–അസംഘടിത തൊഴിലിടങ്ങൾ എന്നിവിടങ്ങളിലെല്ലാം പ്ലാസ്റ്റിക് കുമിഞ്ഞുകൂടുകയോ കരിഞ്ഞുനാറുകയോ ചെയ്യുന്നു. പ്ലാസ്റ്റിക് കത്തിക്കുന്നത് മനുഷ്യന് മാത്രമല്ല അന്തരീക്ഷത്തിനും ഹാനികരമാണ്. പ്ലാസ്റ്റിക് കണ്ടെയ്നറുകൾ, പാത്രങ്ങൾ, കവറുകൾ എന്നിവയിലടങ്ങിയിട്ടുള്ള പോളിവിനൈൽക്ലോറൈഡ് എന്ന പിവിസി കത്തുമ്പോൾ കാർബൺ മോണോക്സൈഡ്, ഡൈഓക്സിനുകൾ, ഫുറാൻസ് എന്നിവ അന്തരീക്ഷവായുവിൽ കലരുന്നു. കാർബൺമോണോക്സൈഡ് മാരകമായ വിഷവാതകമാണെന്നെല്ലാവർക്കുമറിയാമല്ലോ. ഡൈഓക്സിൻ ശ്വാസകോശരോഗങ്ങൾക്കും ക്യാൻസറിനും കാരണമാകാറുണ്ട്. നമ്മുടെ തൊഴിലിടങ്ങളിൽ മിക്കയിടത്തും പ്ലാസ്റ്റിക് കത്തിക്കുകയാണ് പതിവ്. വളരെ പരിമിതമായ പരിസരം മാത്രമുള്ളവയാണ് മിക്ക ഓഫീസുകളും. അവിടെ ഒരു മൂല സ്ഥിരമായി പ്ലാസ്റ്റിക്കും മറ്റ് ചപ്പുചവറുകളും കത്തിക്കുന്നതിനായി ഉപയോഗിച്ചുവരുന്നതായി കാണാം. ഇത് ഓഫീസ് ജീവനക്കാർക്കും പരിസരവാസികൾക്കും എത്രമാത്രം ഹാനികരമാണെന്ന് ചിന്തിക്കാറേയില്ല. ഹരിത പ്രോട്ടോക്കോൾ ഇക്കാര്യത്തിൽ ചില മാർഗ്ഗനിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയാണ്.

1. ആവശ്യത്തിന് മാത്രം ആഹാരസാധനങ്ങൾ കൊണ്ടുവരുന്നതിനും ആഹാരമുൾപ്പെടെയുള്ള ഒരു വസ്തുവും പാഴാക്കികളയാതിരിക്കുന്നതിനും വേണ്ടി ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ബോധവൽക്കരണം നടത്തുക.
2. ആഹാരം, ജലം തുടങ്ങിയവ കൊണ്ടുവരുന്നതിന് സ്റ്റെയിൻലസ്സ്റ്റീൽ പാത്രങ്ങൾ ശീലമാക്കുകയും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഡിസ്പോസിബിൾ സാധനങ്ങൾ കർശനമായി നിരോധിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
3. മാലിന്യത്തെ ജൈവം, അജൈവം, അപകടകരം എന്നിങ്ങനെ മൂന്നായി തരംതിരിച്ച് നിക്ഷേപിക്കുന്നതിന് അതാത് ഓഫീസുകളിൽ സംവിധാനം ഒരുക്കേണ്ടതും ഉദ്യോഗസ്ഥരേയും ജീവനക്കാരേയും അതിന് സജ്ജമാക്കേണ്ടതുമാണ്.
4. അപകടകരമായ മാലിന്യത്തിന്റെ ഇനത്തിൽ വരുന്ന ഇലക്ട്രിക്കൽ, ഇലക്ട്രോണിക് വേസ്റ്റുകൾ സർക്കാർ നടപടിക്രമം പൂർത്തിയാക്കി കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. ഉപയോഗശൂന്യമായ ഫർണിച്ചറുകൾ മറ്റ് പാഴ്‌വസ്തുക്കൾ തുടങ്ങിയവ സർക്കാർ നടപടിക്രമം പൂർത്തിയാക്കി കണ്ടം ചെയ്യേണ്ടതാണ്.
6. മീറ്റിംഗുകൾ, പൊതുപരിപാടികൾ, മറ്റ് ചടങ്ങുകൾ എന്നിവ നടത്തുമ്പോൾ കഴുകി വീണ്ടും ഉപയോഗിക്കാവുന്ന പാത്രങ്ങൾ, ഗ്ലാസുകൾ തുടങ്ങിയവ ഉപയോഗിക്കേണ്ടതാണ്. ഡിസ്പോസിബിൾ പാത്രങ്ങളിലെ ആഹാര, ജലവിതരണം കർശനമായി നിയന്ത്രിക്കേണ്ട

**മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനായി ഉപയോഗശേഷം വലിച്ചെറിയുന്ന വസ്തുക്കളുടെ ഉപയോഗം പൂർണ്ണമായി ഒഴിവാക്കി പരിസ്ഥിതി സൗഹൃദവും ആവർത്തിച്ചുപയോഗിക്കാൻ കഴിയുന്നതുമായ വസ്തുക്കൾ ഉപയോഗിക്കുകയും ശേഷമുണ്ടാകുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി ഉറവിടത്തിൽ തന്നെ സംസ്കരിക്കുകയും ചെയ്യുന്ന രീതിയാണ് ഹരിത പെരുമാറ്റച്ചട്ടം. 2015 ൽ നടന്ന ദേശീയ ഗെയിംസ്, സംസ്ഥാന സ്കൂൾ കലോത്സവങ്ങൾ, ദേശീയ സ്കൂൾ അത്‌ലറ്റ് മീറ്റ്, ആറ്റുകാൽ പൊങ്കാല മുതൽ ഇങ്ങോട്ട് സംസ്ഥാന ശുചിത്വമിഷൻ ആവിഷ്കരിച്ചിരിക്കുന്ന ഗ്രീൻ പ്രോട്ടോകോൾ എന്ന ആശയം നമുക്കെല്ലാവർക്കും പ്രാവർത്തികമാക്കാവുന്നതാണ്. സ്വകാര്യ ചടങ്ങുകളായാലും സർക്കാർ വകുപ്പുകളുടെ ഔദ്യോഗിക ചടങ്ങുകളായാലും ഈ ഹരിത നിയമാവലി പാലിക്കാൻ നാം മുൻകൈ എടുക്കണം.**

താണ്. പ്രസ്തുത പരിപാടികൾക്ക് ആവശ്യമായ സ്റ്റീൽ ഗ്ലാസ്, ജഗ് എന്നിവ ശുചിത്വമിഷനിൽ നിന്നും ഉപയോഗ ശേഷം തിരിച്ചുനൽകുന്ന വ്യവസ്ഥയിൽ സൗജന്യമായി നൽകുന്നതാണ്.

7. ഓഫീസ് ശുചിത്വം, മാലിന്യപരിപാലനം തുടങ്ങിയ കാര്യങ്ങൾ ദിവസേന മോണിറ്റർ ചെയ്യുന്നതിന് അതാത് ഓഫീസുകളിലെ ഒരു മുതിർന്ന ഉദ്യോഗസ്ഥന് ചുമതല നൽകേണ്ടതാണ്.
8. അതാത് ഓഫീസുകളിലെ എല്ലാ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ശേഷിവികസന ക്ലാസ് നൽകേണ്ടതുണ്ട്. (അത് സംഘടിപ്പിക്കുന്നതിനും പരിശീലനം ലഭ്യമാക്കുന്നതിനും ശുചിത്വമിഷൻ പരിശീലന വിഭാഗവുമായി ബന്ധപ്പെടാവുന്നതാണ്).

മേൽ സൂചിപ്പിച്ചവ മാത്രമല്ല ഗ്രീൻ പ്രോട്ടോകോളിൽ ഉൾപ്പെടുത്താൻ കഴിയുക. ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾക്ക് വിശാലമായ അർത്ഥതലങ്ങളുണ്ട്. പരിസ്ഥിതി മലിനമാകാതിരിക്കുന്നതിനും പാഴ്‌വസ്തുക്കൾ ഇല്ലാതാക്കുന്നതിനും ചെയ്യുന്ന ഏതൊരു പ്രവർത്തനവും ഗ്രീൻ പ്രോട്ടോകോളിന്റെ ഭാഗമാണ്.

## സ്കൂളുകളിൽ പാലിക്കേണ്ട ഹരിതനിയമാവലി

ചെറുപ്പത്തിലേ കണ്ടെത്തുക എന്നത് ശിശുകേന്ദ്രീകൃതമായ ഏതു പ്രവർത്തനത്തെക്കുറിച്ചും നാം ആലങ്കാരികമായി പറയാറുണ്ട്. എന്നാൽ ഹരിത പ്രോട്ടോക്കോളിനെ സംബന്ധിച്ച അവബോധം കുട്ടികളിലാണ് ആദ്യമുണ്ടാക്കേണ്ടത്. നാം ജീവിക്കുന്ന കാലത്തിന്റെ സുകൃതമെന്നുതന്നെ പറയണം, ഇന്നത്തെ കുട്ടികളിൽ ശുചിത്വബോധം വളരെ പ്രബലമാണ്. അത് വ്യക്തിശുചിത്വമാകട്ടെ പരിസരശുചിത്വമാകട്ടെ കുട്ടികളിലൂടെയാണ് ഈ പ്രോട്ടോക്കോൾ നടപ്പിലാക്കേണ്ടത്. അവരെ സജ്ജമാക്കിയാൽ ഈ സന്ദേശം അവരുടെ വീടുകളിലും അതിലൂടെ സമൂഹത്തിന്റെ സമസ്ത ശ്രേണികളിലും എത്തിച്ചേരും. കുട്ടികളിലേക്ക് ഈ സന്ദേശം എത്തിക്കുന്നത് പ്രായേണ എളുപ്പവുമാണ്. സ്കൂളിൽ ഹരിത പ്രോട്ടോക്കോൾ എങ്ങനെ നടപ്പിലാക്കാം.

1. ആവശ്യത്തിന് മാത്രം ആഹാരസാധനങ്ങൾ കൊണ്ടുവരുന്നതിനും ആഹാരമുൾപ്പെടെയുള്ള ഒരു വസ്തുക്കളും പാഴാക്കികളയാതിരിക്കുന്നതിനും വേണ്ടി വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും ബോധവൽക്കരണം നടത്തുക. ഭക്ഷണം പാഴാക്കരുതെന്നത് കർശനമാക്കുക.
2. ആഹാരം, കുടിവെള്ളം എന്നിവ കൊണ്ടുവരുന്നതിന് സ്റ്റെയിൻലസ്സ്റ്റീൽ പാത്രങ്ങൾ ശീലമാക്കുകയും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഡിസ്പോസിബിൾ സാധനങ്ങൾ കർശനമായി നിരോധിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
3. മാലിന്യത്തെ ജൈവം, അജൈവം, അപകടകരം എന്നിങ്ങനെ മൂന്നായി തരംതിരിച്ച് നിക്ഷേപിക്കുന്നതിന് അതാത് സ്കൂളുകളിൽ സംവിധാനം ഒരുക്കേണ്ടതും കുട്ടികളേയും ജീവനക്കാരേയും ആയതിന് സജ്ജരാക്കേണ്ടതുമാണ്.
4. ജൈവമാലിന്യം കമ്പോസ്റ്റാക്കുന്നതിന് വേണ്ടി കമ്പോസ്റ്റ് സംവിധാനം സ്കൂളുകളിൽ സ്ഥാപിക്കേണ്ടതാണ്. കമ്പോസ്റ്റ് സംവിധാനം പരിപാലിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് പരിശീലനം നൽകാവുന്നതാണ്. കമ്പോസ്റ്റ് ഉപയോഗിച്ച് ഗ്രോബാഗ്/ചെടിച്ചട്ടി ജൈവപച്ചക്കറി കൃഷിയും നടത്താം.
5. പ്ലാസ്റ്റിക്, പേപ്പർ ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ വൃത്തിയാക്കി തരംതിരിച്ച് ശേഖരിച്ച് വയ്ക്കേണ്ടതും അത് പാഴ്‌വസ്തുവ്യാപാരികൾക്ക് കൈമാറേണ്ടതുമാണ്. ഇതിനായി ചെറിയ മെറ്റീരിയൽ റിക്കവറി സംവിധാനം സ്കൂളിൽ ഒരുക്കാം. ഉപയോഗിക്കാത്ത ക്ലാസ് മുറികൾ ഉണ്ടെങ്കിൽ അവിടെ സജ്ജീകരിക്കാം. ഇതിനായി സ്കൂളിനടുത്തുള്ള പാഴ്‌വസ്തു വ്യാപാരികളെ മുൻകൂട്ടി ബന്ധപ്പെടേണ്ടതാണ്. വൃത്തിയില്ലാത്ത അജൈവമാലിന്യങ്ങൾ പാഴ്‌വസ്തു വ്യാപാരികൾക്ക് കൈമാറാൻ കഴിയുന്നതല്ല.
6. വേസ്റ്റ് പേപ്പറുകൾ (ചുരുട്ടി കളയാതെ) ഓരോ ക്ലാസിലും വൃത്തിയായി സൂക്ഷിച്ച് അവ ഓരോ മാസവും സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പൊതു സംഭരണ കേന്ദ്രത്തിൽ (എം.ആർ.എഫ്) എത്തിക്കുക.
7. ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി മഷിപേനകൾ ശീലമാക്കാൻ കുട്ടികളോട് ആവശ്യപ്പെടാം. നിലവിലുപയോഗിച്ചുവരുന്ന പേനകൾ റീസൈക്കിൾ ചെയ്യുന്നതിനും കൈമാറുന്നതിനായി ഓരോ ക്ലാസ് മുറിയിലും പേനശേഖരണത്തിന് ചെറിയ ബിന്നുകൾ സ്ഥാപിക്കാം.
8. സ്കൂളിൽ നടക്കുന്ന പൊതുപരിപാടികൾ, സ്റ്റാഫ് മീറ്റിംഗുകൾ തുടങ്ങി ഭക്ഷണം വിതരണം ചെയ്യുന്ന എല്ലാ സത്കാരങ്ങളിലുമടക്കം പേപ്പർ കപ്പുകൾ, പേപ്പർ പ്ലേറ്റുകൾ, വെള്ളംകുപ്പികൾ, പ്ലാസ്റ്റിക് കവറുകൾ എന്നിവയും ഫ്ളക്സുകളും കർശനമായി ഒഴിവാക്കുക. ഭക്ഷണവും വെള്ളവും കഴുകി ഉപയോഗിക്കാവുന്ന പാത്രങ്ങളിൽ വിളമ്പുക. തിളപ്പിച്ചാറിയ കുടിവെള്ളം നൽകുന്നതിന് പരമാവധി ശ്രമിക്കുക.
9. അപകടകരമായ മാലിന്യത്തിന്റെ ഇനത്തിൽ വരുന്ന ഇലക്ട്രിക്കൽ, ഇലക്ട്രോണിക് വേസ്റ്റുകൾ വൃത്തിയായി സൂക്ഷിച്ച് വർഷാന്ത്യം അവ പുനഃചംക്രമണത്തിനായി ബന്ധപ്പെട്ട വ്യാപാരികളെ കണ്ടെത്തി കൈമാറേണ്ടതാണ്. ഇക്കാര്യത്തിൽ തദ്ദേശസ്ഥാപനങ്ങളുടെ സഹായം ലഭിക്കും.
10. സ്കൂളിലെ എല്ലാ അധ്യാപകർക്കും ക്ലാസ് ലീഡർമാർക്കും മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ശേഷിവികസന ക്ലാസ് ശുചിത്വമിഷൻ റിസോഴ്സ് പേഴ്സൺ മുഖേന നൽകുകയും ഗ്രീൻ പ്രോട്ടോകോൾ മോണിറ്ററിംഗ് ടീമിനെ തെരഞ്ഞെടുത്ത് ഓരോ മാസവും ഗ്രീൻ പ്രോട്ടോകോൾ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്. ഇതിന് സംസ്ഥാന കീ-റിസോഴ്സ് പേഴ്സൺമാരുടേയും ജില്ലാതല റിസോഴ്സ് പേഴ്സൺമാരുടേയും സേവനം പ്രയോജനപ്പെടുത്തുക.

കണ്ണിലെ കൃഷ്ണമണിപോലെ പരിപാലിക്കപ്പെടേണ്ട പ്രകൃതിയെ മുറിവേൽപ്പിക്കാതെ നോക്കുന്നതിന് നിയമാവലികളുടെ പരിരക്ഷയല്ല വേണ്ടത്. നീതിനിർവ്വഹണത്തിന്റെ ഉരുക്കുമുഷ്ടികൊണ്ട് അടിച്ചേൽപ്പിക്കേണ്ട ഒരു ആചാരമര്യാദയുമല്ല അത്. ഓരോരുത്തരുടേയും മനസ്സിന്റെ അടിത്തട്ടിൽ നിന്നുതന്നെ രൂപപ്പെടേണ്ട ഒരു സംസ്ക്കാരമാണത്. ഇത് സമൂഹത്തിന്റെ മൊത്തം ഉത്തരവാദിത്തമാണെന്ന തോന്നൽ ഓരോരുത്തരിലും ഉണ്ടാകണം. ആ തോന്നലാകണം ഹരിതാചാരമര്യാദസംഹിതയുടെ വഴികാട്ടി. ◆

# പഞ്ചായത്ത് ദിനം ആഘോഷമാകുമ്പോൾ

ഫെബ്രുവരി 19 – ഭാരതമണ്ണിലെ ഗ്രാമീണജനതയുടെ ക്ഷേമ – വികസനസ്വപ്നങ്ങൾക്ക് പുത്തനൂർജ്ജം പകരുന്ന ചരിത്രസുദിനം. ബൽവന്ത്റായ് മേത്ത എന്ന ക്രാന്തദർശിയുടെ ജന്മദിനം. പ്രാദേശികസർക്കാരുകൾക്ക് നിർണ്ണായക സ്ഥാനവും മാനവും പൊതുജനം കല്പിച്ചുകൊടുക്കുന്ന കേരളത്തിൽ പഞ്ചായത്ത് ദിനം ആഘോഷമാക്കുന്നു. പൊള്ളയായ ഘോഷണങ്ങൾ കൊണ്ടല്ല. പ്രോജ്ജ്വലമായ പ്രഭാഷണങ്ങൾ, പ്രസക്തമായ സംവാദങ്ങൾ, ചിന്തയുണർത്തുന്ന സെമിനാറുകൾ, നിറപ്പൊലിമയുടെ ഘോഷയാത്ര, ഹൃദയസ്പർശിയായ കലാസന്ധ്യ, സ്നേഹസംക്രമണത്തിന്റെ കൂട്ടായ്മകൾ അങ്ങനെ അങ്ങനെ ബഹുവർണ്ണം കൊണ്ടാണ് 2017 ലെ പഞ്ചായത്ത് ദിനം കണ്ണൂരിൽ വച്ച് ആഘോഷിച്ചത്. കണ്ണൂർ നഗരത്തിലെ മസ്കോട്ട് പാരഡൈസ് ആഡിറ്റോറിയവും നഗരതെരുവും മുനിസിപ്പൽ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്ക്കൂളും പ്രതിനിധിസൗഹൃദങ്ങളാലും ഉത്ക്കർഷചിന്തകളാലും നിറഞ്ഞു. ഫെബ്രുവരി 17 നുതന്നെ ആഘോഷത്തിന്റെ ഭാഗമായി വിവിധ ഗ്രാമപഞ്ചായത്തുകളുടെ സ്റ്റാളുകൾ കണ്ണൂർ മുൻസിപ്പൽ വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിനു സമീപം സജ്ജമാക്കി. പഞ്ചായത്തുകൾ സ്വപ്രയത്നത്തിലൂടെ നേടിയ സവിശേഷ നേട്ടങ്ങളുടെ സാക്ഷ്യപത്രങ്ങളായിരുന്നു ഓരോ സ്റ്റാളും.

**പ്രവേശികാദിനം**

ഫെബ്രുവരി 18 രാവിലെ 8.30ന് രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചു. 10.15 ന് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. കെ. തുളസിഭായി പദ്മനാഭൻ ആഘോഷനിർഭരരാപ്പകലുകൾക്ക് തുടക്കമിട്ട് പതാക ഉയർത്തി. വരും ദിനങ്ങൾ പ്രവർത്തനോന്മുഖമാക്കാൻ ഹൃദയപൂർവ്വം നമുക്ക് പ്രതിജ്ഞയെടുക്കാമെന്ന് അവർ പറഞ്ഞു. തുടർന്ന് 'അധികാരവികേന്ദ്രീകരണവും മാറുന്ന കേരളവും' എന്ന വിഷയത്തിൽ സെമിനാർ

പ്രോജ്ജ്വലമായ പ്രഭാഷണങ്ങൾ, പ്രസക്തമായ സംവാദങ്ങൾ, ചിന്തയുണർത്തുന്ന സെമിനാറുകൾ, നിറപ്പൊലിമയുടെ ഘോഷയാത്ര, ഹൃദയസ്പർശിയായ കലാസന്ധ്യ, സ്നേഹസംക്രമണത്തിന്റെ കൂട്ടായ്മകൾ അങ്ങനെ അങ്ങനെ ബഹുവർണ്ണം കൊണ്ടാണ് 2017 ലെ പഞ്ചായത്ത് ദിനം കണ്ണൂരിൽ വച്ച് ആഘോഷിച്ചത്.




*കണ്ണൂരിൽവച്ച് നടന്ന് സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടിയുടെ ഉദ്ഘാടനം ഗവർണ്ണർ ജസ്റ്റിസ് (റിട്ട.) പി. സദാശിവം നിർവ്വഹിക്കുന്നു. മന്ത്രിമാരായ ഡോ. കെ.ടി. ജലീൽ, കെ.കെ. ശൈലജ ടീച്ചർ, കടന്നപ്പള്ളി രാമചന്ദ്രൻ, പി.കെ. ശ്രീമതി ടീച്ചർ എം.പി. തുടങ്ങിയവർ സമീപം*





*സംസ്ഥാനതലത്തിൽ മികച്ച ഗ്രാമപഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി പുരസ്കാരം ചെമ്പിലോട് ഗ്രാമപഞ്ചായത്തിന് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ സമ്മാനിക്കുന്നു*

നടന്നു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ കണ്ണൂർ ജില്ലാ സെക്രട്ടറി എ.കെ. ചന്ദ്രൻ മാസ്റ്റർ സ്വാഗതം പറഞ്ഞു. സ്വാഗതസംഘം ചെയർമാനും കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമായ കെ.വി. സുമേഷ് അധ്യക്ഷപദവി അലങ്കരിച്ചു. പി.കെ. ശ്രീമതി ടീച്ചർ എം.പി. മുഖ്യാതിഥിയായി. ആശയസമ്പുഷ്ടമായ ഉദ്ഘാടനപ്രസംഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ.ടി. ജലീൽ ജനകീയാസൂത്രണമാണ് അധികാരവികേന്ദ്രീകരണത്തെ അനുഭവതലത്തിലെത്തിച്ചതെന്ന് സോദാഹരണം സമർത്ഥിച്ചു.

പ്രാദേശികസർക്കാർ സംവിധാനങ്ങളിൽ സ്ത്രീമുന്നേറ്റത്തിന്റെ കാലികപ്രസക്തിയെക്കുറിച്ചാണ് പി.കെ. ശ്രീമതി ടീച്ചർ വിവരിച്ചത്. സംസ്ഥാന ആസൂത്രണ ബോർഡ് വർക്കിംഗ് ഗ്രൂപ്പ് മെമ്പർ ഡോ. ജോയ് ഇളമൺ വിഷയത്തെ 7 ഭാഗങ്ങളാക്കി ലളിതവും സംവേദനാത്മകവുമായ ഭാഷയിൽ അവതരിപ്പിച്ചു.

പദ്ധതിപ്പണം ലഭിക്കുന്നതിനേക്കാൾ ദുഷ്കരമായി മാറിയിരിക്കുന്നു പണം ചെലവഴിക്കുന്നതെന്ന് പറഞ്ഞ തളിപ്പറമ്പ് മണ്ഡലം എം.എൽ.എ ജയിംസ് മാത്യൂ നിലവിലെ അവസ്ഥയെ സൂചിപ്പിച്ചു. തുടർന്ന് സംസാരിച്ച പഞ്ചായത്ത് ഡയറക്ടർ പി. ബാല കിരൺ ഐ.എ.എസ് പഞ്ചായത്ത് വകുപ്പിൽ സാങ്കേതികവിദ്യയുടെ പ്രയോജനങ്ങൾ ഫലപ്രദമായി മാറ്റുവാൻ വകുപ്പ് പ്രതിജ്ഞാബദ്ധമാണെന്ന് കർമ്മസന്നദ്ധതയോടെ ഉറപ്പിച്ചുപറഞ്ഞു. ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ചെയർമാൻ സി.പി. വിനോദ്, കില ഡയറക്ടർ പി.പി. ബാലൻ, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറി സി. സത്യപാലൻ, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ വൈസ് പ്രസിഡന്റ് തോമസ് വക്കത്താനം, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ എക്സിക്യൂട്ടീവ് അംഗം അഡ്വ. ഇ. സിന്ധു എന്നിവർ തങ്ങളുടേതായ നവീനാശയങ്ങളും ചിന്താധാരയും കൊണ്ട് സെമിനാറിനെ ധന്യമാക്കി. മന്ത്രി കടന്നപ്പള്ളി രാമചന്ദ്രന്റെ സാന്നിദ്ധ്യം ശ്രദ്ധേയമായി. കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ കണ്ണൂർ ജില്ലാ പ്രസിഡന്റ് മൈഥിലി രമണനാണ് സെമിനാറിന് നന്ദി പറഞ്ഞത്.

**കലയുടെ കണ്ണൂർപ്പെരുമ അനുഭവങ്ങളിൽ അടയാളമാക്കി മാറ്റി ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ ഒരുക്കിയ ഘോഷയാത്ര ഉച്ചച്ചൂടിനെ അതിജീവിച്ച് മനസ്സിലൊരു കുളിർമഴയായി.**

കലയുടെ കണ്ണൂർപ്പെരുമ അനുഭവങ്ങളിൽ അടയാളമാക്കി മാറ്റി ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ ഒരുക്കിയ ഘോഷയാത്ര ഉച്ചച്ചൂടിനെ അതിജീവിച്ച് മനസ്സിലൊരു കുളിർമഴയായി. എസ്.എൻ പാർക്കിന് സമീപത്ത് നിന്നും ആരംഭിച്ച് മുനിസിപ്പൽ വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ അങ്കണത്തിൽ അവസാനിച്ചു. തുടർന്ന് ആഡിറ്റോറിയത്തിൽ 'ഇന്ത്യൻ സാമ്പത്തിക മേഖലയിലെ പ്രതിസന്ധികൾ' എന്ന വിഷയത്തിൽ സെമിനാർ നടന്നു.

സണ്ണിജോസഫ് എം.എൽ.എ അധ്യക്ഷത വഹിച്ച യോഗത്തിൽ കെ.വി. സുമേഷ് സ്വാഗതം പറഞ്ഞു. മന്ത്രി കടന്നപ്പള്ളി രാമചന്ദ്രനാണ് ഉദ്ഘാടകനായത്. പി.കെ. ശ്രീമതി ടീച്ചർ വിശിഷ്ടാതിഥിയായി. മന്ത്രി കെ.ടി ജലീൽ സാന്നിദ്ധ്യമറിയിച്ചു. കണ്ണൂർ കളക്ടർ പീർമുഹമ്മദ് അലി, സബ്ബ് കളക്ടർ പി.കെ. രാജേഷ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ വൈസ് പ്രസിഡന്റ് സത്യപാലൻ, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. കെ. തുളസിഭായി പദ്മനാഭൻ, തോമസ് തുടങ്ങിയവർ പ്രതികരണങ്ങൾ അറിയിച്ചു. കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ എക്സിക്യൂട്ടീവ് അംഗം റ്റി.വി. ലക്ഷ്മിയാണ് നന്ദി പ്രകാശിപ്പിച്ചത്.

രാത്രി 8 മണി മുതൽ മനസ്സ് സമ്പന്നമാക്കിയ





*സംസ്ഥാനതലത്തിൽ മികച്ച ഗ്രാമപഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി പുരസ്കാരം ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ സമ്മാനിക്കുന്നു*

കലാവിഷ്ക്കാരങ്ങൾ – 'നാട്ടരങ്ങ്' അരങ്ങേറി. പയ്യന്നൂർ ഫൈൻ ആർട്സ് സൊസൈറ്റിയിലെ പ്രതിഭകൾ ശരീരകലയുടെ അത്ഭുതാനുഭവം തീർത്ത ചരടുകുത്തിക്കോൽക്കളി കാണേണ്ടതുതന്നെ. പയറ്റുമുറകളിലെ വടക്കനഭ്യാസവുമായെത്തിയ പയ്യന്നൂർ യോദ്ധാ കളരിപ്പയറ്റ് അക്കാദമിയുടെ പ്രകടനങ്ങൾ കാണികൾ നിർനിമേഷരായി നോക്കി നിന്നു.

കെ. കുമാരനും സംഘവും അവതരിപ്പിച്ച മാരിത്തെയ്യം ദൃശ്യതാളലയങ്ങളുടെ വടക്കൻ മഹിമയായി. കണ്ണൂർ മുണ്ടേരി ഗ്രാമ പഞ്ചായത്ത് സീനിയർ ക്ലർക്ക് മട്ടന്നൂർ ശ്രീകല ശിവദാസിന്റെ കുച്ചിപ്പുഡി നയനാനന്ദകരമായി. മാസ്റ്റർ നവനീത്, ബി. രാധാകൃഷ്ണൻ, ദിമിത്രോവ് കെ.എസ്., ബാലൻ, എസ്. സ്റ്റീഫൻ, ശശിധരൻ കെ.കെ. എന്നിവരുടെ ഗാനാലാപനവും ഗീത എം. പി. യുടെ സ്വന്തം കവിതയും ആദ്യദിനരാവിനെ കലാശോഭനമാക്കി.

## പൊരുൾ ദിനം ഉദ്ഘാടന സമ്മേളനം

സ്വാഗതപ്രഭാഷണം കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി അഡ്വ. പി. വിശ്വംഭരപണിക്കർ നടത്തിയതോടെ രണ്ടാം ദിനാഘോഷം പുലർന്നു. മന്ത്രി കെ. ടി. ജലീൽ അധ്യക്ഷപദമലങ്കരിച്ചു. അനുഭവസ്പർശിയായ വാക്കുകൾ പകർന്ന് ശ്രവണസുഖമഴയായിമാറി ഗവർണ്ണർ ജസ്റ്റിസ് (റിട്ട) പി. സദാശിവം നടത്തിയ ഉദ്ഘാടനപ്രസംഗം. സ്വന്തം ബാല്യകാലം സൂചിപ്പിച്ചും ജീവിതാനുഭവങ്ങൾ പകർന്നും ഗ്രാമീണജനതയും ഗ്രാമ പുരോഗതിയും അനിവാര്യമായും ശാക്തീകരിക്കപ്പെടേണ്ടതിന്റെ ആവശ്യകത അദ്ദേഹം എടുത്തു പറഞ്ഞു. മന്ത്രിമാരായ കടന്നപ്പള്ളി രാമചന്ദ്രൻ, കെ. കെ. ശൈലജ ടീച്ചർ എന്നിവർ ആശംസകൾ അർപ്പിച്ചു. പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തലയുടെ സന്ദേശം ഉദ്ഘാടനസമ്മേളനത്തിൽ വായിച്ചു. പഞ്ചായത്ത് ഡയറക്ടർ പി. ബാല കിരൺ ഐ.എ.എസ്. നന്ദി പറഞ്ഞു.

സെമിനാറുകളുടെ കാതലായ സെമിനാറായിരുന്നു തുടർന്ന് ആരംഭിച്ച 'നവകേരളത്തിനായി ജനകീയാസൂത്രണം'. പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ എം.പി. അജിത്കുമാറാണ് സ്വാഗതപ്രാസംഗികനായത്. കണ്ണൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.പി. ദിവ്യ മോഡറേറ്റ് ചെയ്ത സെമിനാറിന്റെ മുഖ്യ ആകർഷണം ചീഫ് സെക്രട്ടറി എസ്. എം. വിജയാനന്ദിന്റെ പ്രഭാഷണശില്പമായിരുന്നു. കേരള മാതൃകയിൽ ആദ്യകാലത്ത് വന്നിട്ടുള്ള പോരായ്മകൾ ഇപ്പോൾ പരിഹരിക്കണമെന്നും, ജനകീയാസൂത്രണത്തിൽ ഒരിക്കലും ഉദ്യോഗസ്ഥമേധാവിത്തം ഉണ്ടാവില്ലെന്നും കാര്യങ്ങൾക്ക് വ്യക്തതയുണ്ടാവുകമൂലം ജോലി ഭാരം കുറയുമെന്നും അദ്ദേഹം പറഞ്ഞത് സദസ്സിൽ കരഘോഷമുയർത്തി. കുടുംബശ്രീ ഡയറക്ടർ എസ്. ഹരികിഷോറിന്റെ പ്രഭാഷണം കാര്യമാത്ര പ്രസക്തവും പ്രായോഗികതയിലൂന്നിയതുമായിരുന്നു. ശുചിത്വ മിഷൻ ഡയറക്ടർ സി.വി. ജോയി, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ആർ. സുബാഷ്, മുനിസിപ്പൽ ചെയർമാൻസ് ചേമ്പർ സെക്രട്ടറി സാബു. കെ ജോസഫ് എന്നിവരും ഔപചാരികസ്വരം വെടിഞ്ഞ് സദസ്യർക്ക് സുഗ്രാഹ്യമായ

**അനുഭവസ്പർശിയായ വാക്കുകൾ പകർന്ന് ശ്രവണസുഖമഴയായി മാറി ഗവർണ്ണർ ജസ്റ്റിസ് (റിട്ട) പി. സദാശിവം നടത്തിയ ഉദ്ഘാടന പ്രസംഗം. സ്വന്തം ബാല്യകാലം സൂചിപ്പിച്ചും ജീവിതാനുഭവങ്ങൾ പകർന്നും ഗ്രാമീണജനതയും ഗ്രാമപുരോഗതിയും അനിവാര്യമായും ശാക്തീകരിക്കപ്പെടേണ്ടതിന്റെ ആവശ്യകത അദ്ദേഹം എടുത്തു പറഞ്ഞു.**

**സെമിനാറിന്റെ മുഖ്യ ആകർഷണം ചീഫ് സെക്രട്ടറി എസ്. എം. വിജയാനന്ദിന്റെ പ്രഭാഷണ ശില്പമായിരുന്നു. കേരള മാതൃകയിൽ ആദ്യകാലത്ത് വന്നിട്ടുള്ള പോരായ്മകൾ ഇപ്പോൾ പരിഹരിക്കണമെന്നും, ജനകീയാസൂത്രണത്തിൽ ഒരിക്കലും ഉദ്യോഗസ്ഥമേധാവിത്തം ഉണ്ടാവില്ലെന്നും കാര്യങ്ങൾക്ക് വ്യക്തത യുണ്ടാവുകമൂലം ജോലി ഭാരം കുറയുമെന്നും അദ്ദേഹം പറഞ്ഞത് സദസ്സിൽ കരഘോഷമുയർത്തി.**

ഭാഷയിൽത്തന്നെ വിഷയത്തിലിടപെട്ടു. കേരള ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അബ്ദുൾ ജബ്ബാർ നന്ദി രേഖപ്പെടുത്തിയതോടെ ഒരു സമഗ്ര വിഷയസെമിനാറിന് തിരശ്ശീല വീണു.

## പ്രതിനിധി സംഗമം

പ്രതിനിധി സമ്മേളനം ഉച്ചയ്ക്ക് ശേഷം ആരംഭിച്ചു. ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി അഡ്വ. പി. വിശ്വംഭരപ്പണിക്കരാണ് സ്വാഗതമരുളിയത്. തുളസിടീച്ചറിന്റെ അധ്യക്ഷതയിൽ സമ്മേളനം തുടർന്നു. എസ്.എം. വിജയാനന്ദ് മോഡറേറ്റ് ചെയ്തത് സമ്മേളനത്തിന്റെ ഭംഗി കൂട്ടി. മന്ത്രി കെ.ടി. ജലീലിന്റെ ഉദ്ഘാടനപ്രസംഗം ഈ സമ്മേളനത്തിനും നിറവേകി വിവിധ വകുപ്പ് മേധാവികൾ തങ്ങളുടെ സാന്നിദ്ധ്യവും സംസാരവും കൊണ്ട് സമ്മേളനം ഗംഭീരമാക്കി. പ്രതിനിധികളുടെ ചോദ്യങ്ങൾക്ക് പഞ്ചായത്ത് ഡയറക്ടർ പി. ബാലകിരൺ വിശദമായ മറുപടി നല്കി. മറ്റ് വകുപ്പുകളെ പ്രതിനിധീകരിച്ച് എത്തിയ ഉദ്യോഗസ്ഥരും സംശയനിവാരണം നടത്തി. സമ്മേളനത്തിന് കൃതജ്ഞത രേഖപ്പെടുത്തിയത് കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറിയും പ്രോഗ്രാം കമ്മിറ്റി ചെയർമാനുമായ കെ. നാരായണനാണ്.

941 ജനഭരണപ്രസ്ഥാനങ്ങളുടെ തുടിപ്പും മിടിപ്പും മുഴങ്ങിനിന്ന രണ്ടു രാപ്പകൽ അസ്തമിക്കുന്നതിന്റെ പ്രൗഢി സമാപന സമ്മേളനം അടയാളപ്പെടുത്തി. പി.കെ. ശ്രീമതി ടീച്ചറുടെ അധ്യക്ഷതയിൽ കെ. നാരായണൻ സ്വാഗതം പറഞ്ഞ സമ്മേളനത്തിന്റെ ഉദ്ഘാടനം മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ നിർവ്വഹിച്ചു. 2015-16 ലെ സ്വരാജ് ട്രോഫി വിജയികൾക്ക് സമ്മേളനത്തിൽ പുരസ്കാരം സമർപ്പിച്ചു. ഘോഷയാത്രയിൽ ഏറ്റവും നല്ല ഫ്ലോട്ടിനുള്ള സമ്മാനം ചെമ്പിലോട് ഗ്രാമപഞ്ചായത്ത് നേടി. രണ്ടാം സ്ഥാനം പിണറായി ഗ്രാമപഞ്ചായത്ത്. കൊളച്ചേരി ഗ്രാമപഞ്ചായത്ത് പ്രോത്സാഹന സമ്മാനത്തിനർഹരായി. ചിത്രരചനാമത്സരത്തിൽ പുരസ്കാര ലബ്ധരായ കുട്ടികളെയും സമ്മേളനത്തിൽ അനുമോദിച്ചു. ക്വിസ്, ഉപന്യാസ മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനവിതരണം നടത്തി.

ചലനാത്മകചിന്തകളുടെയും സംവാദങ്ങളുടെയും ചർച്ചകളുടേയും ചൈതന്യ സംക്രമണത്തിന്റെയും ഉജ്ജ്വലപ്രഭാഷണങ്ങളുടെയും കൂട്ടായ പങ്കുവയ്ക്കലിന്റെയും രണ്ട് രാപ്പകൽ കഴിഞ്ഞ് കൈവഴികളായി ജനപ്രവാഹം പിരിഞ്ഞപ്പോൾ ചരിത്രമുണർന്നിരിക്കുന്ന കണ്ണൂർ നല്കിയ പ്രവർത്തനോന്മേഷം 2018 ൽ ജനകീയാസൂത്രണത്തിന്റെ ഉപജ്ഞാതാവായ ഇ.എം.എസ് പിറന്ന പെരിന്തൽമണ്ണയിൽ വച്ച് നടക്കുന്ന പഞ്ചായത്ത് ദിനാഘോഷത്തിലും പുതുക്കാമെന്ന പ്രതീക്ഷ സജീവമായി. ◆

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*



കണ്ണൂരിൽ വച്ച് നടക്കുന്ന ഈ വർഷത്തെ പഞ്ചായത്ത് ദിനാഘോഷ പരിപാടികൾ ഉത്ഘാടനം ചെയ്യുന്നതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. യഥാർത്ഥത്തിൽ പഞ്ചായത്തുകളിലെ ജനപ്രതിനിധികളെ അഭിസംബോധന ചെയ്യുന്നതിന് എനിക്ക് ആദ്യമായി ലഭിക്കുന്ന അവസരമാണിത്. പഞ്ചായത്ത് പ്രസിഡന്റുമാരും അംഗങ്ങളും ഒരു പ്രദേശത്തെ മുഴുവൻ ജനങ്ങളെയും പ്രതിനിധീകരിക്കുന്നവരാകയാൽ കേരളത്തിലെ മുഴുവൻ ജനതയേയും അഭിസംബോധന ചെയ്യുന്നതായി ഞാൻ കരുതുന്നു.

നമുക്കെല്ലാവർക്കും അറിയാവുന്നതു പോലെ ത്രിതല പഞ്ചായത്ത് സംവിധാനത്തിലൂടെ ജനാധിപത്യ വികേന്ദ്രീകരണമെന്ന ആശയം മുന്നോട്ടുവച്ച കമ്മിറ്റിയുടെ തലവനും ഗുജറാത്ത് മുഖ്യമന്ത്രിയുമായിരുന്ന ബൽവന്തറായ് മേത്തയുടെ ജന്മദിനമായ ഫെബ്രുവരി 19 പഞ്ചായത്ത് ദിനമായി ആചരിച്ചുപോരുന്നു. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശകളാണ് രാജ്യത്ത് പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ രൂപീകരണത്തിന് വേദിയൊരുക്കിയ 73, 74 ഭരണഘടനാ ഭേദഗതികളിലേക്ക് നയിക്കുന്നതിന് നിദാനമായത്.

കേരളത്തിന്റെ കാര്യത്തിൽ അധികാരകൈമാറ്റവും വികേന്ദ്രീകരണവും നമ്മുടെ ജനാധിപത്യ നേതൃത്വത്തിന്റെ മനസ്സിൽ എപ്പോഴും നിലകൊണ്ടിരുന്നവയാണ്. മറ്റു സംസ്ഥാനങ്ങൾ ചിന്തിക്കുക പോലും ചെയ്യുന്നതിന് ദശാബ്ദങ്ങൾക്കു മുമ്പ് തന്നെ നമ്മുടെ സംസ്ഥാനത്ത് ഭൂപരിഷ്ക്കരണം നിലവിൽ വന്നതോടൊപ്പം തദ്ദേശസ്വയംഭരണ സർക്കാരുകളുടെ ശക്ത

## ജനകീയാസൂത്രണം രണ്ടാംഘട്ടം

# ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിനുള്ള സുവർണ്ണാവസരം - ഗവർണ്ണർ

**നാം ഹൃദയത്തോട് ചേർത്തുപിടിച്ച വികേന്ദ്രീകൃതാസൂത്രണ മാതൃക നമ്മുടെ ഗ്രാമങ്ങളുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്തം ഏറ്റെടുത്തുകൊണ്ട് പരിഷ്ക്കരിക്കേണ്ടതുണ്ട്. വികേന്ദ്രീകൃതാസൂത്രണത്തിലൂടെ നമ്മുടെ പഞ്ചായത്തുകൾ ശാക്തീകരിക്കപ്പെട്ട് രണ്ടു ദശാബ്ദങ്ങൾ പിന്നിട്ടുകഴിഞ്ഞിട്ടും സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ട ഒരു വലിയ വിഭാഗം ഉൾപ്പെടെ മൂന്നു ലക്ഷത്തിലധികം ഭവനരഹിത കുടുംബങ്ങൾ ഇപ്പോഴുമുണ്ടെന്ന വസ്തുത നാം ഓർക്കണം.**



മായ ഒരു ശൃംഖലയെന്ന ആശയവും ഉയർന്നുവന്നിരുന്നു. മാത്രമല്ല, 1958 ൽ തന്നെ കേരളം ജില്ലാ കൗൺസിൽ ബില്ലും അവതരിപ്പിക്കുകയുണ്ടായി. പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നയുടനെ തന്നെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടത്താൻ കഴിഞ്ഞതും 1996 ൽ കേരള സർക്കാർ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 33% വികേന്ദ്രീകൃതാസൂത്രണ പദ്ധതി പ്രകാരം വികസന പദ്ധതികൾ തയ്യാറാക്കുന്നതിനായി മാറ്റിവയ്ക്കാൻ തീരുമാനിച്ചതും ഓർക്കേണ്ടതുണ്ട്. കേരളത്തിൽ നടപ്പിലാക്കിയ അധികാരവികേന്ദ്രീകരണം അഥവാ ജനകീയാസൂത്രണം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയും ലോകം കണ്ടതിൽ വച്ച് തന്നെ ജനാധിപത്യ സംവിധാനത്തെക്കുറിച്ചുള്ള ഏറ്റവും വിശാലമായ ഒരു അനൗദ്യോഗിക വിദ്യാഭ്യാസ പരിപാടിയായും കണക്കാക്കാവുന്നതാണ്.

എന്നാൽ മറ്റു കേരള മാതൃകകൾക്ക് സമഗ്രമായ ഒരു പൊളിച്ചെഴുത്ത് ആവശ്യമായി വരുന്ന പശ്ചാത്തലത്തിൽ വികേന്ദ്രീകരണത്തിലെ കേരള മാതൃകയുടെ പ്രാരംഭവിജയത്തിൽ നാം അത്യധികം ആഹ്ലാദചിത്തരാകരുത്. ഉദാഹരണമായി ആരോഗ്യരംഗവുമായി ബന്ധപ്പെട്ട കേരള മാതൃക കാലഹരണപ്പെട്ടുവെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അത് ഇപ്പോൾ പരിഷ്ക്കരണത്തിന്റെ പാതയിലാണ്. നാം ഹൃദയത്തോട് ചേർത്തുപിടിച്ച വികേന്ദ്രീകൃതാസൂത്രണ മാതൃക നമ്മുടെ ഗ്രാമങ്ങളുടെ സമഗ്രവികസനം ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്തം ഏറ്റെടുത്തുകൊണ്ട് പരിഷ്ക്കരിക്കേണ്ടതുണ്ട്. വികേന്ദ്രീകൃതാസൂത്രണത്തിലൂടെ നമ്മുടെ പഞ്ചായത്തുകൾ ശാക്തീകരിക്കപ്പെട്ട് രണ്ടു ദശാബ്ദങ്ങൾ പിന്നിട്ടുകഴിഞ്ഞിട്ടും സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ട ഒരു വലിയ വിഭാഗം ഉൾപ്പെടെ മൂന്നു ലക്ഷത്തിലധികം ഭവനരഹിത കുടുംബങ്ങൾ ഇപ്പോഴുമുണ്ടെന്ന വസ്തുത നാം ഓർക്കണം. ക്ഷേമപദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ താഴെത്തട്ടിൽ നിന്നും തിരഞ്ഞെടുക്കുന്നതിന് പഴുതുകളില്ലാത്ത ഒരു സംവിധാനം ആവശ്യമാണെന്ന് ഇത് സൂചിപ്പിക്കുന്നു. ഈ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കണമെങ്കിൽ ജനങ്ങൾക്ക് അവരുടെ അതിജീവനവുമായി ബന്ധപ്പെട്ട ഉത്കണ്ഠകൾ സ്വതന്ത്രമായി ഉന്നയിക്കുന്നതിനും അവരുടെ ആവശ്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതിനും തിരഞ്ഞെടുക്കുന്നതിനുമുള്ള തലത്തിലേക്ക് ആസൂത്രണം താഴെത്തട്ടിൽ നിന്നും ആരംഭിക്കേണ്ടതുണ്ട്. ജനാധിപത്യത്തിന്റെ അടിസ്ഥാന തലങ്ങളിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്ന പൊതു മണ്ഡലങ്ങളിൽ ജനതയുടെ അവരെ കേൾക്കുന്നതിനുള്ള അവകാശത്തെ നാം മാനിക്കേണ്ടതുണ്ട്.

നവകേരളമിഷന്റെ ഭാഗമായി ഇപ്പോൾ സർക്കാർ നടപ്പിലാക്കുന്ന ആർദ്രം, ഹരിതകേരളം, ലൈഫ് എന്നീ പദ്ധതികളെക്കുറിച്ച് ഏവർക്കും അറിവുള്ളതാണല്ലോ. ഈ പദ്ധതികളും പൊതുവിദ്യാഭ്യാസത്തിന്റെ പുനരുജ്ജീവനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കാനുദ്ദേശിക്കുന്നതിനാൽ ഇവയുടെ നടത്തിപ്പിൽ നിങ്ങൾക്ക്



വലിയ പങ്കുവഹിക്കേണ്ടതുണ്ട്. ഇപ്പോൾ പ്രഖ്യാപിക്കപ്പെട്ട ആരോഗ്യ ദൗത്യം നമ്മുടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ മികവിന്റെ പരിശോധനയാകുമെന്ന് ഞാൻ കരുതുന്നു.

നമുക്കേവർക്കും അറിയാവുന്നതുപോലെ സമീപകാലങ്ങളിലുണ്ടായവയെ അപേക്ഷിച്ച് അതികഠിനമായ ഒരു വരൾച്ചയിലൂടെ കേരളം കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനം മുഴുവൻ വരൾച്ചാബാധിത പ്രദേശമായി പ്രഖ്യാപിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ കേന്ദ്രീകൃത ജലവിതരണ ജലസേചന പദ്ധതികൾക്കായി കാത്തിരിക്കാതെ മതിയായ ജലവിഭവങ്ങൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ ഒരു സ്ഥായിയായ പരിഹാരമാർഗ്ഗം കണ്ടെത്തുന്നതിന് നീർത്തടാധിഷ്ഠിത പദ്ധതികൾക്ക് രൂപം നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയും.

കേരളത്തിന്റെ ദ്രുതഗതിയിലുള്ള നഗരവത്ക്കരണം പുരോഗതിയുടെ അടയാളമായി സൂചിപ്പിക്കുമ്പോഴും നമുക്ക് ചുറ്റും കുന്നുകൂടുന്ന വലിയ മാലിന്യ കൂമ്പാരങ്ങളുടെ കാഴ്ച നമുക്ക് അവഗണിക്കുവാൻ കഴിയില്ല. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെയും ദോഷകരമല്ലാത്ത രീതിയിൽ മാലിന്യം സംസ്കരിക്കേണ്ട ഉത്തരവാദിത്തം ഓരോ കുടുംബത്തിന്റെയും ബാധ്യതയാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രചരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ടെന്ന് കാണുന്നു.

സർക്കാരിന്റെ പുതിയ ആരോഗ്യനയം, ആരോഗ്യം ജനതയുടെ മൗലികാവകാശമായി കാണുന്ന തരത്തിലുള്ളതാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഒരു ചെറു ചോദ്യം ഞാൻ



**ഇപ്പോൾ ജനകീയാസൂത്രണം 2017 – 18 'ജനകീയാസൂത്രണം– രണ്ടാം ഘട്ടം' എന്ന പേരിൽ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. അതോടൊപ്പം തന്നെ ഏകദേശം 6200 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവെയ്ക്കാനും തീരുമാനിച്ചിരിക്കുന്നു. നമ്മുടെ ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിന് ഉതകുന്ന തരത്തിലും ദുർബലരും പാർശ്വവത്ക്കരിക്കപ്പെട്ടവരുമായ വിഭാഗങ്ങൾക്കും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പ്രത്യേക പരിഗണന നൽകുന്ന തരത്തിലും ഈ സുവർണ്ണാവസരം എല്ലാ പഞ്ചായത്തുകളും ഉപയോഗപ്പെടുത്തേണ്ടതാണെന്ന കാര്യം ഓർമ്മിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു.**

നിങ്ങളോട് ചോദിക്കട്ടെ 'നമുക്ക് ചുറ്റും നാം മാലിന്യം നിക്ഷേപിക്കുകയാണെങ്കിൽ ആരോഗ്യം മൗലികാവകാശമാണെന്ന് നമുക്ക് എങ്ങനെ ചിന്തിക്കാനാകും'. മാലിന്യകൂമ്പാരങ്ങൾ എണ്ണമറ്റ രോഗങ്ങളുടെ വളർച്ചാ കേന്ദ്രങ്ങളാണ്. മാലിന്യം രോഗങ്ങളെ വർദ്ധിപ്പിക്കുന്നു, ഒപ്പം രോഗാണുക്കൾ, എലി, തെരുവുനായ്ക്കൾ എന്നിവയുടെ വർദ്ധനയ്ക്കും കാരണമാകുന്നു. ഓർക്കുക, നാമിപ്പോൾ വീടുകളിൽ ഉണ്ടാകുന്ന ജലജന്യ രോഗങ്ങളിൽ നിന്നും സാമൂഹ്യജന്യരോഗങ്ങളിലേക്കുള്ള മാറ്റത്തെ അഭിമുഖീകരിക്കുകയാണ്. ഭക്ഷണത്തിൽ നിന്നും, കൊതുകുകളിൽ നിന്നും, കെട്ടിക്കിടക്കുന്ന മലിനജലത്തിൽ നിന്നും പകർച്ചവ്യാധികൾ സാധാരണമാകുന്നു. മാലിന്യ നിയന്ത്രണം, സുരക്ഷിതമായ കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്തൽ, ഭക്ഷ്യസുരക്ഷ എന്നിവയുടെ താഴെത്തട്ടിലുള്ള ഏകോപനത്തിലൂടെ മാത്രമേ ഈ പ്രശ്നങ്ങൾക്ക് അടിസ്ഥാന പരിഹാരം സാധ്യമാകൂ.

'ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ്' എന്ന ഗാന്ധിജിയുടെ വചനങ്ങൾ ഇന്നും പ്രസക്തമാണ്. എന്നാൽ നമ്മുടെ ഗ്രാമങ്ങളിലെ ജീവിതഗുണനിലവാരത്തിൽ നാം സംതൃപ്തരാണോ? സസ്യശ്യാമളതയ്ക്ക് പേരുകേട്ടിരുന്നതും എന്നാൽ സമീപകാലത്ത് കാർഷികമേഖല അവഗണിക്കപ്പെട്ടതുമായ നമ്മുടെ സംസ്ഥാനത്ത് കാർഷികമേഖലയുടെ ഉയിർത്തെഴുന്നേൽപ്പിനായി ഒരു ഹരിതകേരളം അനിവാര്യമാണെന്നത് തികഞ്ഞ യാഥാർഥ്യമാണ്. വികേന്ദ്രീകൃതാസൂത്രണം നമ്മുടെ കർഷകർക്ക് ആവശ്യമായ പരിഗണന നൽകേണ്ടതുണ്ട്. കാർഷികമേഖല അവഗണിക്കപ്പെട്ടാൽ നമ്മുടെ സംസ്ഥാനത്തിന്റെ നട്ടെല്ലു തന്നെ ദുർബലമാകുമെന്ന കാര്യം പഞ്ചായത്ത് പ്രസിഡന്റുമാരെ ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നു. എല്ലാ പഞ്ചായത്തുകളും ജൈവപച്ചക്കറികളുടെ വിപണനത്തിനായി പ്രത്യേക വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതും മികച്ച അടുക്കള പച്ചക്കറിത്തോട്ടത്തിന്റെ ഉടമസ്ഥരെ ആദരിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണെന്നും ഞാൻ കരുതുന്നു.

ഇപ്പോൾ ജനകീയാസൂത്രണം 2017–18 'ജനകീയാസൂത്രണം–രണ്ടാം ഘട്ടം' എന്ന പേരിൽ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. അതോടൊപ്പം തന്നെ ഏകദേശം 6200 കോടി രൂപ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കായി നീക്കിവെയ്ക്കാനും തീരുമാനിച്ചിരിക്കുന്നു. നമ്മുടെ ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിന് ഉതകുന്ന തരത്തിലും ദുർബലരും പാർശ്വവത്ക്കരിക്കപ്പെട്ടവരുമായ വിഭാഗങ്ങൾക്കും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പ്രത്യേക പരിഗണന നൽകുന്ന തരത്തിലും ഈ സുവർണ്ണാവസരം എല്ലാ പഞ്ചായത്തുകളും ഉപയോഗപ്പെടുത്തേണ്ടതാണെന്ന കാര്യം ഓർമ്മിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

ഇന്ത്യൻ ജനാധിപത്യത്തിന്റെ ഉത്തമ മാതൃകകൾ കേരളത്തിലെ പഞ്ചായത്തുകളിൽ കാണാവുന്നതാണെന്ന് തെളിയിച്ചുകൊണ്ട് ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ സന്തുഷ്ടമായിരിക്കുന്നുവെന്ന് ഉറപ്പാക്കിക്കൊണ്ട് ഗാന്ധിജിയുടെ കാഴ്ചപ്പാടുകളെ ഒന്നു കൂടി നമുക്ക് പരിപോഷിപ്പിക്കാം. ◆

*(2017 ഫെബ്രുവരി 19 ന് കണ്ണൂരിൽ വച്ച് നടന്ന പഞ്ചായത്ത് ദിനാഘോഷ പരിപാടിയുടെ ഉദ്ഘാടന സമ്മേളനത്തിൽ ഗവർണ്ണർ ജസ്റ്റിസ് (റിട്ട) പി.സദാശിവം നടത്തിയ പ്രസംഗത്തിൽ നിന്ന്).*

# വേദികളിലൂടെ

## സചേതനപങ്കാളിത്തം ആവശ്യം
### മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ



അധികാരവികേന്ദ്രീകരണത്തിന്റെ പ്രയാണത്തിൽ കേരളം നിസ്തൂലമായ പങ്ക് വഹിച്ചു. ഗ്രാമങ്ങളിൽ മാറ്റമുണ്ടായാൽ മാത്രമേ ഇന്ത്യയുടെ പുരോഗതി സാധ്യമാക്കാൻ കഴിയൂ എന്നാണ് ഗാന്ധിജി പറഞ്ഞിട്ടുള്ളത്.

കേരള സർക്കാരിന്റെ മിഷനുകൾ പൂർത്തീകരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സചേതനമായ പങ്കാളിത്തം ആവശ്യമാണ്. ഐശ്വര്യസമ്പൂർണ്ണവും സമ്പൽസമൃദ്ധവുമായൊരു കേരളം കെട്ടിപ്പടുക്കാനുള്ള ശ്രമത്തിലാണ് നമ്മളെല്ലാവരും.

## തുടർച്ചയ്ക്കായി യത്നിക്കാം
### മന്ത്രി കെ.കെ.ശൈലജ ടീച്ചർ



അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമാക്കി ജനങ്ങളുടെ ജീവിതപ്രശ്നങ്ങൾ പരിഹരിക്കാനുള്ള വലിയ യത്നത്തിലാണ് നമ്മൾ. ഒന്നാംഘട്ട ജനകീയാസൂത്രണത്തിന് തുടർച്ചയുണ്ടാക്കാൻ നാം ഇനിയും ഏറെ മുന്നോട്ട് പോകേണ്ടതുണ്ട്.

തൊഴിലില്ലായ്മ, പട്ടിണി, വിലക്കയറ്റം, രോഗാതുരത ഇവയെല്ലാം പരിഹരിച്ച് സുസ്ഥിരമായൊരു ജീവിതം നാം സൃഷ്ടിക്കണം. ഇവിടെ എത്തിച്ചേർന്നിട്ടുള്ളവരെല്ലാവരും ഒരു വലിയ ദൗത്യം ഏറ്റെടുക്കുകയാണ് എന്നുള്ളതാണ് ഇവിടുന്ന് പിരിയുമ്പോൾ നമുക്ക് ഓർക്കാനുള്ള ഒരു വസ്തുത.

## പുതിയ പാഠങ്ങൾ കരുത്താകണം
### പി.ബാല കിരൺ ഐ.എ.എസ്.



"1996 മുതൽ ആരംഭിച്ച ജനകീയാസൂത്രണവും അധികാരവികേന്ദ്രീകരണവും സംബന്ധിച്ചുള്ള നമ്മുടെ അനുഭവങ്ങളും, നേട്ടങ്ങളും, പാഠങ്ങളുമൊക്കെ പഠിക്കാനും അവലോകനം ചെയ്യാനും പഞ്ചായത്ത് ദിനാഘോഷവേള നമ്മൾ ഉപയോഗപ്പെടുത്തണം. ഇവിടെ നടക്കുന്ന ചർച്ചകൾ കഴിയുമ്പോൾ പുതിയ പുതിയ പാഠങ്ങൾ പഠിക്കാനും, പുതിയ ജീവനോടെ പഞ്ചായത്തുകളിലേക്കു പോകുവാനും സാധിക്കും". വേദിയിലും സദസ്സിലും സന്നിഹിതരായിട്ടുള്ള എല്ലാവർക്കും സ്നേഹത്തോടെ നന്ദി പ്രകാശിപ്പിച്ചുകൊണ്ട് പഞ്ചായത്ത് ഡയറക്ടർ ബാല കിരൺ-ഐ.എ.എസ് ഉദ്ഘാടന സമ്മേളനത്തിലെ സ്വന്തം ചുമതല ആകർഷകമായി നിറവേറ്റി.

# രണ്ടാംഘട്ട ജനകീയാസൂത്രണം വിജയിപ്പിക്കണം

*(സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷപരിപാടിയോടനുബന്ധിച്ച് "അധികാരവികേന്ദ്രീകരണവും മാറുന്ന കേരളവും" എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാർ ഉദ്ഘാടനം ചെയ്തുകൊണ്ട് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി* ***ഡോ. കെ.ടി.ജലീൽ*** *നടത്തിയ പ്രസംഗത്തിൽ നിന്ന്)*



*സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷപരിപാടിയോടനുബന്ധിച്ച് അധികാരവികേന്ദ്രീകരണവും മാറുന്ന കേരളവും എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാർ തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി ഡോ.കെ.ടി.ജലീൽ ഉത്ഘാടനം ചെയ്യുന്നു.*

അധികാരവികേന്ദ്രീകരണം നമ്മുടെ രാജ്യത്ത് ഒരുപാട് ചർച്ച ചെയ്തിട്ടുള്ള കാര്യമാണ്. സ്വാതന്ത്ര്യത്തിനു ശേഷം അധികാരവികേന്ദ്രീകരണത്തെ സംബന്ധിച്ച് രണ്ട് കമ്മീഷൻ റിപ്പോർട്ടുകൾ കേന്ദ്ര ഗവൺമെന്റിനു മുമ്പിൽ സമർപ്പിക്കപ്പെടുകയുണ്ടായി. അതിന്റെയൊക്കെ ഫലമായിട്ടായിരുന്നു ഗ്രാമസ്വരാജ് എന്ന മഹാത്മാഗാന്ധിയുടെ സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന്റെ ഭാഗമായി 1993 ൽ പഞ്ചായത്ത്രാജ് നിയമം രാജ്യത്ത് കൊണ്ടുവന്നത്. നമ്മുടെ സംസ്ഥാനത്ത് 1994 ൽ തന്നെ അത് ആവിഷ്കരിക്കുന്നതിന് നിയമനിർമ്മാണം നടത്തുകയുണ്ടായി. എങ്ങനെയാണ് അധികാരവികേന്ദ്രീകരണം ജനങ്ങൾക്ക് അനുഭവവേദ്യമാക്കുകയെന്ന ചോദ്യം കേരളത്തിന്റെ മുന്നിൽ ഉയർന്നുവന്നതിന്റെ ഉത്തരമായിരുന്നു ജനകീയാസൂത്രണം എന്ന ഏറ്റവും നൂതനമായ ആശയം. ജനകീയാസൂത്രണമാണ് അധികാരവികേന്ദ്രീകരണത്തെ അല്ലെങ്കിൽ അതിന്റെ സ്വാധീനത്തെ ജനങ്ങൾക്ക് അനുഭവിക്കാൻ കഴിയുന്ന തരത്തിലേക്ക് മാറ്റിയത്. ജനകീയാസൂത്രണം ഇരുപത് വർഷങ്ങൾ പിന്നിടുകയാണ്. രണ്ട് പതിറ്റാണ്ട് മുമ്പ് കേരളം അഭിമുഖീകരിച്ചിരുന്ന പ്രശ്നങ്ങളല്ല ഇന്ന് അഭിമുഖീകരിക്കുന്നത്. ജനകീയാസൂത്രണം കുറ്റവും കുറവുമില്ലാത്ത ഒന്നായിരുന്നുവെന്ന് ആരും അവകാശപ്പെടില്ല. മനുഷ്യസഹജമായ പോരായ്മകൾ ജനകീയാസൂത്രണത്തിൽ ഉണ്ടായിരുന്നു. ലോകത്ത് സമാനമായ ഒരു മാതൃക ഇല്ലാത്തതു കൊണ്ട് എന്തൊക്കെ പോരായ്മകളാണ് സംഭവിക്കാൻ പോകുന്നതെന്നതിനെ കുറിച്ച് അറിയാനും നമുക്ക് കഴിഞ്ഞില്ല. നന്മ ഉദ്ദേശിച്ചു കൊണ്ടും പ്രാദേശികമായ പുരോഗതി ലക്ഷ്യംവച്ചു കൊണ്ടും പരമാവധി സുതാര്യമാകണമെന്നാഗ്രഹിച്ചു കൊണ്ടും ജനകീയാസൂത്രണത്തിന് നിയമാവലികൾ

**ജനകീയാസൂത്രണത്തിന്റെ ഒരു പോരായ്മയായി ചൂണ്ടിക്കാണിക്കപ്പെട്ടത് അതായിരുന്നു. ഒമ്പതു മാസം പദ്ധതിയുടെ രൂപീകരണത്തിനും മൂന്നു മാസം അതിന്റെ നിർവ്വഹണത്തിനും. ആ ഒരു രീതി പിന്തുടർന്നാൽ എക്സ്പെൻഡിച്ചറാകുന്നതിന്റെ ഇപ്പോഴത്തെ പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമായി വരുംകാലങ്ങളിൽ തുടരും. അതുകൊണ്ടാണ് അത് മാറ്റിയെടുക്കുന്നതിന് 3 മാസം പദ്ധതിയുടെ രൂപീകരണത്തിനും ഒമ്പതു മാസം പദ്ധതി നിർവ്വഹണത്തിനും നൽകേണ്ടതുണ്ടെന്ന് സർക്കാർ ആലോചിച്ചത്.**

ഉണ്ടാക്കി വ്യവസ്ഥകൾക്ക് നാം രൂപം നൽകി. അതിൽ ചിലതെങ്കിലും വേണ്ടത്ര വിജയിച്ചോ എന്നുള്ളത് സംബന്ധിച്ച് ഒരു സ്വയംവിമർശനം ഈ ഘട്ടത്തിൽ അനിവാര്യമാണെന്നു തോന്നുന്നു.

രണ്ടാം ജനകീയാസൂത്രണത്തിന്റെ സമാരംഭപ്രഖ്യാപനം തേക്കിൻകാട് മൈതാനിയിൽ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർവ്വഹിക്കുകയുണ്ടായി. അദ്ദേഹം കൃത്യമായി രണ്ടാം ജനകീയാസൂത്രണത്തിന്റെ രൂപരേഖ എന്താവും എന്നതിനെക്കുറിച്ച് പരാമർശിച്ചു. കാലങ്ങളായി നമ്മൾ തുടർന്നു വരുന്ന ശീലങ്ങളിൽ ചില മാറ്റങ്ങൾ അനിവാര്യമാണെന്ന് അദ്ദേഹം അസന്നിഗ്ദ്ധമായി പറഞ്ഞു. നമ്മുടെ പ്ലാൻഫണ്ടിന്റെ വിനിയോഗത്തിന് ഇന്ന് വളരെ കുറഞ്ഞ കാലയളവേ കിട്ടുന്നുള്ളൂ. ജനകീയാസൂത്രണത്തിന്റെ ഒരു പോരായ്മയായി ചൂണ്ടിക്കാണിക്കപ്പെട്ടത് അതായിരുന്നു. ഒമ്പതു മാസം പദ്ധതിയുടെ രൂപീകരണത്തിനും മൂന്നു മാസം അതിന്റെ നിർവ്വഹണത്തിനും. ആ ഒരു രീതി പിന്തുടർന്നാൽ എക്സ്പെൻഡിച്ചറാകുന്നതിന്റെ ഇപ്പോഴത്തെ പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമായി വരും കാലങ്ങളിൽ തുടരും. അതുകൊണ്ടാണ് അത് മാറ്റിയെടുക്കുന്നതിന് 3 മാസം പദ്ധതിയുടെ രൂപീകരണത്തിനും ഒമ്പതു മാസം പദ്ധതി നിർവ്വഹണത്തിനും നൽകേണ്ടതുണ്ടെന്ന് സർക്കാർ ആലോചിച്ചത്.

എല്ലാ ത്രിതല പഞ്ചായത്തുകൾക്കും അവർക്ക് അടുത്ത വർഷം ലഭിക്കുവാൻ പോകുന്ന തുക എത്രയാകും എന്നത് സംബന്ധിച്ച് ഒരു ഏകദേശ ധാരണ നൽകിക്കഴിഞ്ഞു. കഴിഞ്ഞ വർഷം ലഭിച്ചതിന്റെ 10 ശതമാനം വർദ്ധനവിൽ ലഭിക്കുവാൻ പോകുന്ന പ്ലാൻ ഫണ്ടിന് അനുസൃതമായി പദ്ധതികളുടെ ആസൂത്രണം വരുന്ന 3 മാസം കൊണ്ട് നടത്തിയിരിക്കണം എന്ന നിർദ്ദേശം നൽകിക്കഴിഞ്ഞിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ 3 മാസം കൊണ്ട് നമുക്ക് പദ്ധതികൾ രൂപീകരിക്കുവാനും തുടർന്ന് വരുന്ന 9 മാസം പദ്ധതിയുടെ നിർവ്വഹണത്തിനും ലഭിക്കും. എക്സ്പെൻഡിച്ചറാകുന്നത് അവസാന നിമിഷത്തിലേക്കാകുന്ന പ്രവണതയ്ക്ക് വിരാമമിട്ടേ പറ്റൂ. മുഖ്യമന്ത്രി പറഞ്ഞു കഴിഞ്ഞു, മാർച്ച് മാസത്തിൽ ഒരു കാരണവശാലും 16 ശതമാനത്തിൽ കൂടുതൽ എക്സ്പെൻഡിച്ചറാക്കാൻ സമ്മതിക്കില്ല എന്ന്. 9 മാസത്തിൽ ഓരോ മൂന്നു മാസത്തിലും എത്രയായിരിക്കണം എക്സ്പെൻഡിച്ചർ വേണ്ടത് എന്നത് സംബന്ധിച്ച് വ്യക്തമായിട്ടുള്ള കണക്കുകൾ ബന്ധപ്പെട്ടവർക്ക് നൽകും. എന്തുകൊണ്ടാണ് നമ്മുടെ സംസ്ഥാനത്ത് പദ്ധതിചെലവ് ഇപ്പോഴും 22 ശതമാനത്തിലും 23 ശതമാനത്തിലും മുട്ടിനിൽക്കുന്നത്? എത്ര ശതമാനം പ്രവൃത്തികൾക്ക് റ്റി.എസ് ആവശ്യമായിട്ടുണ്ട്? റ്റി.എസ് ആവശ്യമില്ലാത്ത പ്രവൃത്തികൾ എന്തുകൊണ്ടാണ് ഏറ്റെടുത്ത് നടത്താത്തത്? എസ്.എസ്.എ-യിലേക്കുള്ള ഡിപ്പോസിറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയാൽ ഇപ്പോഴുള്ളതിന്റെ 10 ശതമാനത്തിൽ കൂടുതലായി നമ്മുടെ എക്സ്പെൻഡിച്ചർ മാറും. അംഗനവാടികളിലെ ഫീഡിംഗിന് ആവശ്യമായിട്ടുള്ള പണം നീക്കിവച്ചാൽ എത്ര ശതമാനം എക്സ്പെൻഡിച്ചർ വർദ്ധിപ്പിക്കാൻ കഴിയും. ഇങ്ങനെ നിർബന്ധമായും നീക്കിവയ്ക്കേണ്ട തുക പോലും നമുക്ക് നീക്കിവയ്ക്കാൻ കഴിഞ്ഞിട്ടില്ല. ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾക്ക് നേതൃത്വം നൽകുന്ന അദ്ധ്യക്ഷൻമാരും സെക്രട്ടറിമാരും അക്കാര്യത്തെ സംബന്ധിച്ച് ഗൗരവപൂർവ്വം ആലോചിക്കേണ്ടതുണ്ട്. ചെയ്യാൻ പറ്റുന്നത് പോലും ചെയ്യാൻ നമ്മൾ മെനക്കെടുന്നില്ല. ശ്രമിക്കുന്നില്ല. എല്ലാം അവസാന നിമിഷത്തിലേക്ക് മാറ്റിവെയ്ക്കുകയാണ്. മാർച്ച് ഉണ്ടല്ലോ- മാർച്ചിന്റെ അവസാന ആഴ്ച ഉണ്ടല്ലോ- മാർച്ചിന്റെ അവസാന ദിവസം ഉണ്ടല്ലോ-ആ ദിവസം അവസാനിക്കുന്ന അവസാന നിമിഷം ഉണ്ടല്ലോ-ഇതാണ് നമ്മൾ ഓരോരുത്തരും എപ്പോഴും ആലോചിക്കുന്നത്. അതിന് അറുതി വന്നേ പറ്റൂ. ക്രിയാത്മകമായ മേഖലയിലേക്ക് പ്ലാൻ ഫണ്ടിന്റെ വിനിയോഗം പോകുകയും വേണം. ചില മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നു.

രണ്ടാം ജനകീയാസൂത്രണത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ജെയിംസ് മാത്യു എം.എൽ.എ നല്ല ഒരാശയം മുന്നോട്ടു വച്ചു. ഉല്പാദന മേഖലയ്ക്ക് നീക്കിവയ്ക്കുന്ന സംഖ്യ പലപ്പോഴും വേണ്ടത്ര പ്രയോജനപ്പെടുംവിധം നമുക്ക് ചെലവാക്കാൻ കഴിയാറില്ല. നമ്മൾ ഒരുപാട് മെഷീനുകൾ വാങ്ങിയിട്ടുണ്ട്. അവ ഏതെങ്കിലും പാടശേഖര സമിതികൾ കുറച്ചുകാലം മാത്രം ഉപയോഗിക്കും. കോടിക്കണക്കിനു രൂപയാണ് അങ്ങനെ ഓരോ പഞ്ചായത്ത് ആഫീസുകളുടെ കോമ്പൗണ്ടുകളുടെ പിൻഭാഗത്ത് പ്രയോജനപ്പെടാതെ കിടക്കുന്നത്. ഇതിന് സ്ഥായിയായിട്ടുള്ള ചില മാറ്റം ആവശ്യമായി വന്നിരിക്കുന്നു. ഉൽപാദന മേഖലയിൽ നല്ല സംരംഭങ്ങൾ തുടങ്ങുന്നതിന്-കൃഷി നടത്താം, ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാം, മറ്റു തരത്തിലുള്ള ഉൽപാദന മേഖലയിലെ പ്രവൃത്തികൾ

ഏറ്റെടുക്കാം–ഏതെങ്കിലും വ്യക്തികളോ സംഘങ്ങളോ മുന്നോട്ടു വന്നാൽ അവരെ ഏതെങ്കിലും ഒരു ധനകാര്യ സ്ഥാപനവുമായി ബന്ധപ്പെടുത്തി ലോൺ സംഘടിപ്പിച്ചു നൽകുക. വീഴ്ച വരുത്താതെ പ്രിൻസിപ്പൽ തുക ലോണിലേക്ക് അടയ്ക്കുന്നവരുടെ പലിശ ഓരോ തദ്ദേശസ്ഥാപനവും ബാങ്കുകൾക്ക് നേരിട്ട് നൽകുക. ഉല്പാദന മേഖലയിൽ നമ്മൾ ചെലവഴിക്കുന്ന പണം ക്രിയാത്മകമായി, സ്ഥായിയായി നിലനിൽക്കുവാൻ ഇത് അനുയോജ്യമായിട്ടുള്ള ഒരു വഴിയാണ് എന്ന് ഞങ്ങൾക്ക് ബോദ്ധ്യമായിട്ടുണ്ട്. നിങ്ങൾക്കും അത് ബോദ്ധ്യമാകും എന്നു കരുതുന്നു.

ഇരുപത് വർഷം മുമ്പ് നമ്മുടെ നാട്ടിൽ കൃഷി ചെയ്തിരുന്ന ഭൂമി ഇപ്പോൾ കൃഷിയിടങ്ങളായി അവശേഷിക്കുന്നുണ്ടോ? എന്തുകൊണ്ട് അവശേഷിക്കുന്നില്ല? നമ്മൾ ആർക്കോ വേണ്ടി എന്തൊക്കെയോ ചെയ്യുന്നു. മാർച്ച് മാസത്തിൽ പണം ചെലവഴിച്ചു എന്നു വരുത്തി തീർക്കാൻ സാധനങ്ങൾ വാങ്ങിവയ്ക്കുന്ന പദ്ധതികൾക്ക് നമ്മൾ രൂപം നൽകുന്നു. അതാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇതിനൊരു മാറ്റം ഉണ്ടാകണം. സർക്കാരിനും നഷ്ടം വരാൻ പാടില്ല, ഉല്പാദനമേഖലയിൽ നല്ല പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നവർക്കും നഷ്ടം വരാൻ പാടില്ല. ഇരുകൂട്ടരുടെയും സംരക്ഷണം ഒരുപോലെ പ്രധാനമാണ്. അവരുടെ പരിരക്ഷ ഒരുപോലെ കണക്കിലെടുക്കേണ്ടതാണ്. നമ്മൾ പ്ലാൻ ഫണ്ട് വിനിയോഗിക്കുമ്പോൾ Asset creationനു വേണ്ടി മാത്രമേ അത് ഉപയോഗിക്കാവൂ. ആരോഗ്യമേഖലയിൽ നമ്മൾ നീക്കി വച്ച പണം PHC Building കെട്ടാൻ വേണ്ടി നമ്മൾ ഉപയോഗിക്കുന്നു. അവിടെ എന്തെങ്കിലും യന്ത്രങ്ങൾ വാങ്ങാൻ വേണ്ടി നമ്മൾ ഉപയോഗിക്കുന്നു. അടിസ്ഥാനപരമായി അങ്ങനെയൊക്കെ ഉണ്ടാക്കപ്പെടുന്ന സൗകര്യങ്ങൾ ഉപയോഗിക്കപ്പെടാൻ ആവുന്നുണ്ടോ എന്ന് നമ്മൾ പലപ്പോഴും ചിന്തിക്കാറില്ല. നമ്മുടെ എല്ലാ പ്രൈമറി ആശുപത്രികളും ഇത്തരത്തിലുള്ള ആസൂത്രണപദ്ധതികളിലൂടെ ചെലവാക്കപ്പെട്ട പണം ഉപയോഗിച്ചുകൊണ്ട് ഭൗതികസൗകര്യങ്ങൾ ഒരുക്കപ്പെട്ടവയാണ്. എന്നാൽ അവിടെയൊരു ഡോക്ടറെ വയ്ക്കാൻ, ഒരു പാരാമെഡിക്കൽ സ്റ്റാഫിനെ വയ്ക്കാൻ പഞ്ചായത്തിന് സാധിക്കാത്ത സാഹചര്യമാണ്. പ്ലാൻ ഫണ്ട് ശമ്പളത്തിനു വേണ്ടി കൊടുക്കാൻ പാടില്ല. നമ്മുടെ സർക്കാർ ആശുപത്രികൾ ജനങ്ങൾക്ക് പ്രയോജനപ്പെടണമെങ്കിൽ രാവിലെ മുതൽ വൈകുന്നേരം വരെ ഏറ്റവും ചുരുങ്ങിയത് ആ സർക്കാർ ആശുപത്രിയുടെ ഗേറ്റെങ്കിലും തുറന്നിടണ്ടേ? ഒരു ഡോക്ടറും 2 പാരാ മെഡിക്കൽ സ്റ്റാഫുമാണ് ഇന്ന് PHCമായി ബന്ധപ്പെട്ടുള്ളത്. ഉച്ചവരെയാണ് PHCകൾ പ്രവർത്തിക്കുന്നത്. ഉച്ചയ്ക്ക് ശേഷം പൂട്ടിപ്പോകുകയാണ്. അതിന് പകരമായി ആരോഗ്യ മേഖലയിലേക്ക് നമ്മൾ നീക്കിവയ്ക്കുന്ന പണം ഉപയോഗപ്പെടുത്തിക്കൊണ്ട് ഉച്ചയ്ക്കു ശേഷവും നമ്മുടെ ആശുപത്രികളെ സുശക്തമാക്കാൻ ഒരു താൽക്കാലിക ഡോക്ടറേയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയും പ്ലാൻ ഫണ്ടിൽ നിന്ന് ശമ്പളം കൊടുത്ത് നിയമിക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നാം നൽകേണ്ടതായിട്ടുണ്ട്.

സംസ്ഥാന ഗവൺമെന്റ് ആർദ്രം പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുന്നു. ആർദ്രം പദ്ധതി വിജയിക്കണമെങ്കിൽ

**ഏതെങ്കിലും വ്യക്തികളോ സംഘങ്ങളോ മുന്നോട്ടു വന്നാൽ അവരെ ഏതെങ്കിലും ഒരു ധനകാര്യ സ്ഥാപനവുമായി ബന്ധപ്പെടുത്തി ലോൺ സംഘടിപ്പിച്ചു നൽകുക. വീഴ്ച വരുത്താതെ പ്രിൻസിപ്പൽ തുക ലോണിലേക്ക് അടയ്ക്കുന്നവരുടെ പലിശ ഓരോ തദ്ദേശസ്ഥാപനവും ബാങ്കുകൾക്ക് നേരിട്ട് നൽകുക. ഉല്പാദന മേഖലയിൽ നമ്മൾ ചെലവഴിക്കുന്ന പണം ക്രിയാത്മകമായി, സ്ഥായിയായി നിലനിൽക്കുവാൻ ഇത് അനുയോജ്യമായിട്ടുള്ള ഒരു വഴിയാണ് എന്ന് ഞങ്ങൾക്ക് ബോദ്ധ്യമായിട്ടുണ്ട്.**

തദ്ദേശസ്ഥാപനങ്ങളിൽ ഇങ്ങനെയൊരു മാറ്റം അതിന്റെ ഘടനയിൽ വരുത്തിയേ പറ്റൂ. അങ്ങനെ വരുമ്പോൾ NRHM മുഖേന ഡോക്ടർമാരുടെ ഇന്റർവ്യൂ നടത്തി അവർ ലിസ്റ്റ് ഉണ്ടാക്കും. നമ്മുടെ പ്രദേശത്തുള്ള ആളുകൾ ആ ഇന്റർവ്യൂവിൽ പങ്കെടുത്തിട്ടുണ്ടെങ്കിൽ അവരുടെ സേവനം നമ്മുടെ പഞ്ചായത്തുകളിൽ ലഭിക്കും. പാരാമെഡിക്കൽ സ്റ്റാഫിനെയും NRHM Interview നടത്തി നൽകും. ഓരോ പ്രദേശത്തിന്റെയും പ്രത്യേകതയും സൗകര്യവും കണക്കിലെടുത്ത് അവർക്ക് പ്ലാൻ ഫണ്ടിൽ നിന്നും നീക്കിവച്ചിട്ടുള്ള വിഹിതം ഉപയോഗിച്ച് ശമ്പളം നൽകാൻ കഴിയും. ഇതു വരുന്നതോടെ നമ്മുടെ ഗ്രാമീണമേഖലയിൽ ആശുപത്രികൾ രാവിലെ മുതൽ വൈകുന്നേരം വരെ പ്രവർത്തിക്കുന്ന സ്ഥിതിയുണ്ടാകും. ഈ രീതിയിലുള്ള നൂതനമായ ആശയങ്ങൾ, പരിപാടികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കാനാഗ്രഹിക്കുന്നുണ്ട്.

ആളുകൾ തൊഴിൽ തേടി വിദേശരാജ്യങ്ങളിലേക്ക് പോകുന്ന ഒരു കാലമായിരുന്നു 20 വർഷം മുമ്പ്. ഇന്ന് പക്ഷെ അവിടെ തൊഴിൽ നഷ്ടപ്പെട്ട് ലക്ഷക്കണക്കിന് വരുന്ന ആളുകൾ കേരളത്തിലേക്ക് തിരിച്ചുവരുന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്. മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസം കേരളം നേരിടേണ്ട ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ജീവിതത്തിന്റെ ഭൂരിഭാഗവും മണൽക്കാട്ടിൽ ചെലവഴിച്ച് അവസാനം ഒരുപിടി രോഗങ്ങൾക്ക് അടിമകളായി മടങ്ങിവരുന്ന പ്രവാസികൾക്കായി നമുക്ക് ചില പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. മടങ്ങിവരുന്ന പ്രവാസികൾക്ക് അവർ ഏതെങ്കിലും ഒരു ഉത്പാദന മേഖലയിലെ സംരംഭത്തിന് തയ്യാറുണ്ടെങ്കിൽ നൽകുന്നതിനെക്കുറിച്ച്

**കേരളത്തിൽ ഇന്ന് ഏതാണ്ട് എല്ലാ ഗ്രാമങ്ങളും പട്ടണസമാനമായിട്ടുള്ള സ്വഭാവത്തിലേക്ക് വളർന്ന് കഴിഞ്ഞിരിക്കുന്നു. കുറച്ചുകൂടി കഴിയുമ്പോൾ രണ്ടിനേയും വേർതിരിച്ചറിയാൻ സാധിക്കാത്തവിധം മാറുന്ന സംസ്ഥാനമായി കേരളം മാറുകയാണ്. പഞ്ചായത്താണെങ്കിൽപോലും അതിന് നഗരത്തിന്റെ ഒരു ആസൂത്രണം ഉണ്ടാകണം. ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കപ്പെടണം. ഏതൊക്കെ സ്ഥലത്ത് നമുക്ക് കൃഷിചെയ്യാം, ഏതൊക്കെ സ്ഥലത്ത് നമുക്ക് വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കാം, ഏതൊക്കെ സ്ഥലങ്ങളിൽ ആളുകൾക്ക് താമസിക്കാൻ സൗകര്യമൊരുക്കണം, ഇതേക്കുറിച്ചൊക്കെ നഗരങ്ങൾ മാത്രമല്ല പഞ്ചായത്തുകളും ചിന്തിക്കേണ്ട അവസ്ഥയിലേക്ക് കാര്യങ്ങൾ മാറുകയാണ്.**

നമുക്ക് ആലോചിക്കണം. പ്രവാസികളുടെ ജനസംഖ്യാനുപാതികമായി ഓരോ ത്രിതലപഞ്ചായത്തുകളിലും തീരുമാനങ്ങൾ എടുക്കാവുന്നതാണ്. നമ്മുടെ രാജ്യത്തിന് കോടിക്കണക്കിന് രൂപയുടെ വിദേശനാണ്യം നേടിത്തരുന്നവരെ നമുക്ക് അവഗണിക്കുവാൻ കഴിയില്ല. അവരോട് വേണ്ടത്ര നീതി നമ്മുടെ നാട് കാണിച്ചിട്ടില്ല എന്നത് ഒരു വസ്തുതയാണ്. അതിന് സ്ഥായിയായ ഒരു മാറ്റം വരണമെന്ന് ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. അത്തരത്തിലുള്ള ഒരു നല്ല നീക്കം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും.

നിർത്തടാധിഷ്ഠിത വികസനത്തേക്കുറിച്ച് ഇരുപത് വർഷം മുമ്പ് നമ്മൾ പറഞ്ഞു. അപ്പോൾ ആളുകൾക്കൊന്നും അതിന്റെ പ്രാധാന്യം മനസ്സിലായില്ല. ഇന്നത്തെ സ്ഥിതി എന്താണ്. നീർത്തടാധിഷ്ഠിതമായുള്ള വികസനത്തിന് ഏറ്റവുമധികം പ്രസക്തിയും പ്രാധാന്യവും കൈവന്നിരിക്കുന്നു. നമ്മുടെ കിണറുകളൊക്കെ റീചാർജ്ജ് ചെയ്യണമെന്ന് അനുഭവത്തിലൂടെ മനസ്സിലാക്കിയിരിക്കുന്നു. കൃഷി നടത്തിയില്ലെങ്കിലും നാട്ടിലെ കൃഷിയിടങ്ങൾ മുഴുവൻ വർഷകാലം വരുന്നതിനുമുമ്പ് ഉഴുതുമറിച്ചിടുകയെങ്കിലും വേണം. അതിന് പദ്ധതികൾ ആവിഷ്ക്കരിക്കണം. മഴക്കാലത്ത് ലഭിക്കുന്ന വെള്ളം ഭൂമിക്കടിയിലേക്ക് ഇറങ്ങിപ്പോകണമെങ്കിൽ ഭൂമിയുടെ ഉപരിതലം ഉഴുതുമറിച്ചിടപ്പെട്ട അവസ്ഥയിൽ ഉണ്ടാകണം. MGNREGSന്റെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് വ്യാപകമായി മഴക്കാലം വരുന്നതിന് മുമ്പ് തെങ്ങിൻ തടങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കണം. മഴവെള്ളം കിണറുകളിലേക്ക് എത്തിക്കുന്നതിനുള്ള സാഹചര്യം ഒരുക്കണം. നമ്മുടെ സംസ്ഥാനത്ത് 140 നിയോജകമണ്ഡലങ്ങളിൽ 140 പഞ്ചായത്തുകളിൽ കിണർ റീചാർജ്ജിംഗിനുള്ള പദ്ധതി തയ്യാറാക്കിവരുന്നു. എതാണ്ട് 8000/- രൂപയോളമാണ് ഒരു കിണറിന്റെ റീചാർജ്ജിംഗിന് വേണ്ടി ചെലവാകുന്നത്. തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിൽ സർവ്വേ നടന്നുകൊണ്ടിരിക്കുന്നു. നാട്ടിലെ കുളങ്ങൾ, നാട്ടിലെ കിണറുകൾ ഇതൊക്കെ ജലസമൃദ്ധമാക്കണമെങ്കിൽ പുഴകളിലും തോടുകളിലും വെള്ളം കെട്ടി നിൽക്കുന്ന സാഹചര്യം നമുക്കുണ്ടാകണം.

കേരളത്തിൽ ഇന്ന് ഏതാണ്ട് എല്ലാ ഗ്രാമങ്ങളും പട്ടണസമാനമായിട്ടുള്ള സ്വഭാവത്തിലേക്ക് വളർന്ന് കഴിഞ്ഞിരിക്കുന്നു. കുറച്ചുകൂടി കഴിയുമ്പോൾ രണ്ടിനേയും വേർതിരിച്ചറിയാൻ സാധിക്കാത്തവിധം മാറുന്ന സംസ്ഥാനമായി കേരളം മാറുകയാണ്. പഞ്ചായത്താണെങ്കിൽപോലും അതിന് നഗരത്തിന്റെ ഒരു ആസൂത്രണം ഉണ്ടാകണം. ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കപ്പെടണം. ഏതൊക്കെ സ്ഥലത്ത് നമുക്ക് കൃഷിചെയ്യാം, ഏതൊക്കെ സ്ഥലത്ത് നമുക്ക് വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കാം, ഏതൊക്കെ സ്ഥലങ്ങളിൽ ആളുകൾക്ക് താമസിക്കാൻ സൗകര്യമൊരുക്കണം, ഇതേക്കുറിച്ചൊക്കെ നഗരങ്ങൾ മാത്രമല്ല പഞ്ചായത്തുകളും ചിന്തിക്കേണ്ട അവസ്ഥയിലേക്ക് കാര്യങ്ങൾ മാറുകയാണ്. രണ്ടാം ജനകീയാസൂത്രണത്തിന്റെ സമാരംഭത്തിന്റെ ഈ സമയത്ത് അതിനെക്കുറിച്ചുള്ള വ്യക്തമായ പ്ലാനിംഗ് നമ്മുടെ ജനപ്രതിനിധികൾക്ക് വേണം.

കുടുംബശ്രീയെ ശക്തിപ്പെടുത്തി നമുക്ക് മുമ്പോട്ടു പോകണം. പല പ്രസിഡന്റുമാരും പറയുന്നത് കുടുംബശ്രീയും പഞ്ചായത്തും തമ്മിൽ വ്യക്തമായ കോർഡിനേഷൻ ഇല്ല എന്നാണ്. അങ്ങനെപോയാൽ പോര. പഞ്ചായത്തുകളുടെ അധീനതയിൽ പ്രവർത്തിക്കുന്നതു തന്നെയാണ് കുടുംബശ്രീ സംവിധാനം. LIFEന്റെ സർവ്വേ നടക്കുകയാണ്. ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാർ ചില ആശങ്കകൾ അതുമായി ബന്ധപ്പെട്ട് അറിയിച്ചിട്ടുണ്ട്. ആരും ഭയപ്പെടേണ്ട കാര്യമില്ല. ഇതിന്റെ അന്തിമവാക്ക് എന്നു പറയുന്നത് ഗ്രാമസഭയും പഞ്ചായത്ത് ഭരണസമിതിയുമാണ്.

ഒരു ബാഹ്യ ഏജൻസിയെ ഏൽപ്പിക്കുന്നതിലും എത്രയോ നല്ലതാണ് നമ്മുടെ കുടുംബശ്രീ സംവിധാനത്തെ-ഒരു നാടിനെക്കുറിച്ച്, പ്രദേശത്തേക്കുറിച്ച് വ്യക്തമായി അറിയുന്ന ഒരു സംഘത്തെ സർവ്വേയുടെ ഉത്തരവാദിത്വം ഏൽപ്പിക്കുക എന്നുള്ളത്. ഇങ്ങനെ നടത്തുന്ന സർവ്വേയുടെ ലിസ്റ്റ് പരസ്യപ്പെടുത്തും. ആർക്കെങ്കിലും പരാതിയുണ്ടെങ്കിൽ പഞ്ചായത്ത് സെക്രട്ടറിക്ക് ആ ലിസ്റ്റിൽ കൂട്ടിച്ചേർക്കലുകൾ നടത്താം. രാഷ്ട്രീയ വിരോധം കൊണ്ടോ മറ്റുതരത്തിലുള്ള വൈരം കൊണ്ടോ അർഹതപ്പെട്ട ആർക്കെങ്കിലും പഞ്ചായത്ത് ഭരണസമിതി അല്ലെങ്കിൽ പഞ്ചായത്ത് സെക്രട്ടറി വീടിന് ആനുകൂല്യം നിഷേധിക്കുന്നു എങ്കിൽ അവർക്ക് ആർ.ഡി.ഒ/സബ്കള

**വട്ടംകുളം ഗ്രാമപഞ്ചായത്തിൽ ആനുകൂല്യം വിതരണം ചെയ്യുന്ന ഒരു ചടങ്ങിൽ പങ്കെടുത്തുകൊണ്ട് ഞാനിക്കാര്യം പറഞ്ഞു. അർഹതപ്പെടാത്തതാണ് നിങ്ങൾ ഇവിടെ  നിന്നും വാങ്ങുന്നതെങ്കിൽ ഏതോ ഒരു പാവപ്പെട്ടവന്റെ ആനുകൂല്യം തട്ടിപ്പറിച്ച് കട്ടാണ് കൊണ്ടുപോകുന്നതെന്ന് നിങ്ങൾ ഓർക്കണമെന്ന്. ഏഴു പേരാണ് ആനുകൂല്യം വാങ്ങാതെപോയത്. ഞങ്ങളേക്കാൾ അർഹതപ്പെട്ടവർ ഉണ്ടെന്നാണ് അവർ പറഞ്ഞത്. ഇത് അവർക്ക് ആരെങ്കിലും പറഞ്ഞുകൊടുക്കേണ്ടേ. നമ്മൾ ഏന്നെങ്കിലും പറഞ്ഞുകൊടുത്തിട്ടുണ്ടോ?**

ക്ടർ തലത്തിൽ അപ്പീൽ നൽകാം. അവർ പരിശോധിച്ച് അർഹതപ്പെട്ടതാണെങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള സൗകര്യമുണ്ട്. രണ്ട് അപ്പീൽ അവസരങ്ങൾ നൽകിയതുകൊണ്ട് പഞ്ചായത്ത് ഭരണസമിതികൾ ആശങ്കപ്പെടണോ. നിങ്ങൾക്ക് ആ ലിസ്റ്റ് ലഭിക്കും. ആ ലിസ്റ്റിനെ അടിസ്ഥാനപ്പെടുത്തിയാണ് ഗ്രാമസഭകളും പഞ്ചായത്ത് ഭരണസമിതിയും ആത്യന്തികമായി തീരുമാനങ്ങളെടുക്കേണ്ടത്. മുൻഗണനാ പട്ടിക നിശ്ചയിക്കേണ്ടത് അങ്ങനെയാണ്. ഒരു കാരണവശാലും അനർഹർ നമ്മുടെ പട്ടികയിൽ വന്നുപോകരുത്. സർക്കാരിന്റെ പണമല്ലേ. അതവർക്ക് കിട്ടിക്കോട്ടേ എന്ന് നമ്മൾ വിചാരിക്കരുത്. അങ്ങനെ നമ്മൾ വിചാരിക്കുമ്പോൾ അർഹതപ്പെട്ട ഏതോ ഒരു മനുഷ്യന്റെ ആനുകൂല്യമാണ് തട്ടിത്തെറിക്കപ്പെടുന്നത് എന്ന് നാം ഓർക്കണം. മതം, ജാതി, സമുദായം ഇതൊന്നും ഒരു ജനപ്രതിനിധിയെ സംബന്ധിച്ചിടത്തോളം ഒരു മുൻഗണനാക്രമലിസ്റ്റ് തയ്യാറാക്കുമ്പോൾ സ്വാധീനിക്കാൻ പാടില്ല. ആരാണ് അർഹതപ്പെട്ടവൻ, ആ ഒരൊറ്റ മാനദണ്ഡമേ പാടുള്ളൂ. ബി.പി.എൽ കാർഡിന്റെ ആനുകൂല്യം പറ്റുന്ന ലക്ഷക്കണക്കിന് ആളുകളുണ്ട് കേരളത്തിൽ. പക്ഷെ അതിലൊക്കെ എത്ര അർഹതപ്പെട്ടവരുണ്ട് എന്ന് നമുക്ക് ഓരോരുത്തർക്കും അറിയാം. നമ്മുടെ പഞ്ചായത്തിൽ ഈ ലിസ്റ്റുകളിൽ കടന്നുകൂടിയിട്ടുള്ള അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തണമെന്ന് നമ്മൾ പറഞ്ഞിട്ടുണ്ടോ? എപ്പോഴും പറയാറുള്ളത് നിലവിലുള്ള ലിസ്റ്റിൽ ആളുകളെ കൂട്ടിച്ചേർക്കണമെന്നാണ്. ആ ഒരു ചിന്താരീതിക്ക് മാറ്റം ഉണ്ടാകണം.

വട്ടംകുളം ഗ്രാമപഞ്ചായത്തിൽ ആനുകൂല്യം വിതരണം ചെയ്യുന്ന ഒരു ചടങ്ങിൽ പങ്കെടുത്തുകൊണ്ട് ഞാനിക്കാര്യം പറഞ്ഞു. അർഹതപ്പെടാത്തതാണ് നിങ്ങൾ ഇവിടെ  നിന്നും വാങ്ങുന്നതെങ്കിൽ ഏതോ ഒരു പാവപ്പെട്ടവന്റെ ആനുകൂല്യം തട്ടിപ്പറിച്ച് കട്ടാണ് കൊണ്ടുപോകുന്നതെന്ന് നിങ്ങൾ ഓർക്കണമെന്ന്. ഏഴു പേരാണ് ആനുകൂല്യം വാങ്ങാതെപോയത്. ഞങ്ങളേക്കാൾ അർഹതപ്പെട്ടവർ ഉണ്ടെന്നാണ് അവർ പറഞ്ഞത്. ഇത് അവർക്ക് ആരെങ്കിലും പറഞ്ഞുകൊടുക്കേണ്ടേ. നമ്മൾ ഏന്നെങ്കിലും പറഞ്ഞുകൊടുത്തിട്ടുണ്ടോ? നമ്മളൊക്കെ പറയും നാമൊക്കെ മതവിശ്വാസികളാണെന്ന്. മതവിശ്വാസം പ്രതിഫലിക്കേണ്ടത് എനിക്ക് അർഹതപ്പെടാത്തത് ഞാൻ വാങ്ങേണ്ടതില്ലെന്ന്. നമ്മളെ തീരുമാനിപ്പിക്കുന്നതിലൂടെയാണ്. പുരോഹിതർ, മതനേതാക്കന്മാർ അതേക്കുറിച്ച് പറയുന്നില്ല. ബി.പി.എൽ കാർഡാക്കാൻ വേണ്ടി ഗ്രാമപഞ്ചായത്ത് ഓഫീസുകൾക്ക് മുന്നിൽ എത്ര വലിയ ക്യൂവാണ്. അർഹതപ്പെട്ടവരാണോ നിൽക്കുന്നത്. സർക്കാരിന്റേതായ ആനുകൂല്യം വാങ്ങാം എന്ന ചിന്തയാണ് ആളുകൾക്ക്. അങ്ങനെയല്ല  എന്ന് നമ്മൾ അവരെ ബോധ്യപ്പെടുത്തണം. സാധാരണ പറയാറുണ്ട് ദൈവത്തിനോട് പാപമോചനത്തിന് അഭ്യർത്ഥിച്ചാൽ ദൈവം പൊറുത്തുതരുമെന്ന്. വ്യക്തിപരമായി നമ്മൾ ചെയ്യുന്ന തെറ്റുകൾ ദൈവം പൊറുത്തുതരുമോ? അർഹതപ്പെടാത്തത് സർക്കാരിൽ നിന്നാണെങ്കിലും വ്യക്തികളിൽ നിന്നാണെങ്കിലും വാങ്ങിയാൽ അത് കളവിന് സമാനമാണ്. ആ പാപം നൂറ്റാണ്ടുകളായി പാപമോചനത്തിന് അഭ്യർത്ഥിച്ചാലും ദൈവം പൊറുത്തുതരില്ല എന്ന് നമ്മൾ നാട്ടിലെ ജനങ്ങളോട് എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടോ. അത് പറഞ്ഞുകൊടുത്താൽ അത് സ്വീകരിക്കാൻ അവർ ഒരുക്കമാണ്. അതിനേക്കാൾ വലിയ അപരാധം ലോകത്ത് വേറെയില്ല എന്നവരെ ബോധ്യപ്പെടുത്തിയാൽ അവർ അതിൽ നിന്നും പിന്തിരിയും.

അധികാരവികേന്ദ്രീകരണത്തിന്റെ പുതിയ ഒരു തലത്തിലേക്ക് നമ്മൾ പ്രവേശിക്കുമ്പോൾ അതിനെ ആരും തന്നെ രാഷ്ട്രീയമായിട്ട് കാണേണ്ടതില്ല. ശുദ്ധവെള്ളം, ശുദ്ധവായു, ശുദ്ധഭക്ഷണം ഇതൊക്കെ എല്ലാവർക്കും വേണം. അതുകൊണ്ടുതന്നെ രണ്ടാം ജനകീയാസൂത്രണ പദ്ധതിയെ വിജയിപ്പിക്കണമെന്ന് നിങ്ങൾ ഓരോരുത്തരും തീരുമാനിക്കണം. നിങ്ങളുടെ പദ്ധതിയായി ഇതിനെ ഏറ്റെടുക്കണം. ഇക്കാലമത്രയും ഇല്ലാത്ത സ്വാതന്ത്ര്യം നിങ്ങൾക്ക് നൽകുകയാണ്. ഓരോ മേഖലയിലും അത്തരത്തിലുള്ള മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട്. കേവലം സാധനസാമഗ്രികൾ വാങ്ങിക്കൂക  എന്നുള്ളതിനപ്പുറത്തേക്ക് നമ്മുടെ ആലോചനകളെ ഉയർത്തിക്കൊണ്ടുപോകാൻ കഴിയണം. Innovatives ആയ idea ആണെങ്കിൽ നേരിട്ടുതന്നെ അക്കാര്യത്തെക്കുറിച്ച് നമുക്ക് ആലോചിക്കാം. ക്രിയേറ്റീവായ പദ്ധതികൾക്ക് പ്രാമുഖ്യം നൽകി അധികാരവികേന്ദ്രീകരണത്തിന്റെ രണ്ടാം ഘട്ടത്തിലേക്ക് പ്രവേശിക്കുമ്പോൾ രണ്ടാം ജനകീയാസൂത്രണത്തിന്റെ പ്രാവർത്തികതയിലേക്ക് നീങ്ങുമ്പോൾ നമ്മളോരോരുത്തരും ഇത് രാഷ്ട്രീയ ഭേദമന്യേ കണക്കിലെടുക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ ഓർമ്മിപ്പിക്കുന്നു.

◆

# വേണം, ഒരു പുത്തൻ പഞ്ചായത്തീരാജ്

## ഡോ.ജോയ് ഇളമൺ



രണ്ടാം ജനകീയാസൂത്രണത്തിന്റെ പടിവാതിൽക്കൽ നിന്നുകൊണ്ടാണ് നാമിന്ന് ഈ വർഷത്തെ പഞ്ചായത്ത് ദിനം ആഘോഷിക്കുന്നത്. ലോകമെങ്ങും അംഗീകരിച്ച ജനകീയാസൂത്രണം ആരംഭിച്ചിട്ട് രണ്ട് ദശകങ്ങൾ കഴിഞ്ഞു. ഈ കാലയളവിൽ കേരളത്തിലെ പഞ്ചായത്തുകൾ ഏറെ ശക്തിപ്രാപിച്ചു. ഒട്ടേറെ മാറ്റങ്ങൾ- സംഘടനാരീതികളിൽ, ഭരണപ്രക്രിയകളിൽ, ആസൂത്രണത്തിൽ, പങ്കാളിത്തത്തിൽ, വികസനത്തിൽ എന്നിങ്ങനെ പലതിലും. അതിലേറെ മാറ്റം സ്ത്രീ പങ്കാളിത്തത്തിലാണെന്ന് പറയാതെ വയ്യ. വനിത സംവരണത്തിനും വനിത ഘടകപദ്ധതിക്കും കുടുംബശ്രീക്കുമപ്പുറം തദ്ദേശഭരണ സംവിധാനത്തിൽ സ്ത്രീ ഒരു നിർണ്ണായക ഘടകമായിരിക്കുന്നു.

ഒട്ടേറെ വികസന നേട്ടങ്ങളും ഈ കാലഘട്ടത്തിൽ പഞ്ചായത്തുകളുടെ നേതൃത്വത്തിലുണ്ടായി - വീട്, കുടിവെള്ളം, കക്കൂസ്, സ്കൂൾ-പ്രാഥമികാരോഗ്യകേന്ദ്ര നവീകരണം തുടങ്ങി വിവിധ മേഖലകളിൽ. ഭരണതലത്തിൽ ഫ്രണ്ട് ആഫീസ്, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ എന്നിങ്ങനെ നിരവധി മാതൃകകൾ.

കൃഷിയിലും മറ്റ് സമാനമേഖലകളിലും മാതൃകാപ്രവർത്തനം സംഘടിപ്പിച്ച പഞ്ചായത്തുകൾ കേരളത്തിലങ്ങോളമിങ്ങോളമുണ്ട്. ഇക്കാലയളവിൽ കേരളവും കേരളീയരും ഒട്ടേറെ മുമ്പോട്ടുപോയി. സ്വാഭാവികമായും പുത്തൻ സാഹചര്യങ്ങളുയർത്തുന്ന വെല്ലുവിളികളും ആവശ്യങ്ങളും നിരവധിയാണ്. ജനങ്ങളുടെ ആവശ്യങ്ങൾക്കും അഭിലാഷങ്ങൾക്കും മാറ്റം വന്നിരിക്കുന്നു. 'ഒന്നാം തലമുറ' പ്രശ്നങ്ങളും വെല്ലുവിളികളും എല്ലാ സ്ഥലങ്ങളിലും പരിഹരിച്ചിട്ടില്ലെങ്കിലും 'രണ്ടാം തലമുറ' പ്രശ്നങ്ങളും വെല്ലുവിളികളും വ്യാപകമായിരിക്കുന്നു. സ്വാഭാവികമായും ഇവ നേരിടുന്നതിന് പുതിയ ലക്ഷ്യങ്ങൾ, മാർഗ്ഗങ്ങൾ, രീതികളെല്ലാം വേണം അതാണ് രണ്ടാം ജനകീയാസൂത്രണം കൊണ്ടർത്ഥമാകുന്നത്. ഈ പ്രക്രിയയിൽ പഞ്ചായത്തുകളുടെ പ്രവർത്തനവും നവീകരിക്കപ്പെടണം. ഒരു പുത്തൻ പഞ്ചായത്ത് രാജിനായാണ് ലക്ഷ്യമിടേണ്ടത്.

ആസൂത്രണപ്രക്രിയയിൽ ഈ മാറ്റങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ട്. ഈ കാലയളവിലേറെയും വിഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ആസൂത്രണത്തിനായിരുന്നു ഊന്നൽ എന്ന് പറയാതെ വയ്യ. ഇനിയത് ലക്ഷ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാകണം. സുസ്ഥിരവികസനലക്ഷ്യങ്ങളെയും സംസ്ഥാന മിഷനുകളുടെ ലക്ഷ്യങ്ങളെയും മുൻനിർത്തി പഞ്ചായത്തുതല വികസന ലക്ഷ്യങ്ങൾ നിർവചിക്കണം. ഇവയുടെ അടിസ്ഥാനത്തിലുള്ള ആസൂത്രണമാണ് ആവശ്യം. ആ ലക്ഷ്യങ്ങൾ നേടാനുള്ള വിഭവസമാഹരണമാണ് നടപ്പാക്കേണ്ടത്. വികസനവെല്ലുവിളികൾക്കൊപ്പമാണ് പാരിസ്ഥിതിക വെല്ലുവിളികളും. കാലാവസ്ഥാ വ്യതിയാനം കേരളത്തിന് ഭീഷണി ഉയർത്തിത്തുടങ്ങിയിട്ടുണ്ട്. തീരദേശ-മത്സ്യമേഖലകളിലും ആരോഗ്യരംഗത്തുമൊക്കെ അതിന്റെ ആഘാതം പ്രകടമായിരിക്കുന്നു. ഇവ പലതും നേരിടേണ്ടത് പ്രാദേശിക തലത്തിലാണ്. പഞ്ചായത്തുകൾക്ക് ഒട്ടേറെ ചെയ്യാനുമുണ്ട്. പരിസ്ഥിതി-കാലാവസ്ഥാ ഡയറക്ടറേറ്റും ക്ലൈമറ്റ് ചെയ്ഞ്ച് ഇന്നവേഷൻ പ്രോഗ്രാമും (Climate Change Innovation Programme) ചേർന്ന് തീരദേശ പഞ്ചായത്തുകൾ എങ്ങനെ കാലാവസ്ഥാ വ്യതിയാനത്തെ നേരിടുമെന്നതിന്റെ ആസൂത്രണപ്രക്രിയ വികസിപ്പിക്കുന്നുണ്ട്. നമ്മുടെ തീരദേശ പഞ്ചായത്തുകൾ അത്തരം അവസരങ്ങൾ ഉപയോഗിക്കണം.

കേരളത്തിലെ പഞ്ചായത്തീരാജും പഞ്ചായത്തുകളും ഇതര സംസ്ഥാനങ്ങളേക്കാൾ മെച്ചപ്പെട്ടതാണെന്നതിൽ തർക്കമില്ല. എന്നാൽ, കേരളത്തിലെ വെല്ലുവിളികളും അനുകൂല സാഹചര്യങ്ങളും കണക്കിലെടുത്താൽ ഏറെ മുന്നേറാനുണ്ട്. എല്ലാം നേടിക്കഴിഞ്ഞു എന്ന ചിന്താഗതിക്കപ്പുറം ഒട്ടേറെ നേടാനുണ്ടെന്നും അതിനുള്ള നിരവധി അവസരങ്ങളുണ്ടെന്നും പുതിയവ കണ്ടെത്താനാവുമെന്ന ചിന്താഗതിയിലൂടെ കേരളത്തിനും തുടർന്ന് ഇന്ത്യയ്ക്കും മാതൃകയാകാവുന്ന ഒരു പുത്തൻ പഞ്ചായത്തീരാജിനാണ് നാം ലക്ഷ്യമിടേണ്ടത്. ◆

*(2017 ഫെബ്രുവരി 18 ന് കണ്ണൂരിൽ നടന്ന സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടിയുമായി ബന്ധപ്പെട്ട് 'അധികാരവികേന്ദ്രീകരണവും മാറുന്ന കേരളവും' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാറിൽ വിഷയാവതരണം നടത്തിയതിനെ ആസ്പദമാക്കി തയ്യാറാക്കിയത്)*

# സ്ത്രീപങ്കാളിത്തം പുരോഗതിക്ക് അനിവാര്യം

## പി.കെ. ശ്രീമതിടീച്ചർ എം.പി



1995-ൽ നമ്മുടെ സംസ്ഥാനത്ത് പഞ്ചായത്ത്‌രാജ് നിയമത്തിന്റെ ഭാഗമായി സ്ത്രീകൾക്ക് 33% സംവരണം കൂടി ഏർപ്പെടുത്തിയ ഘട്ടത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്ക് സംവരണം ചെയ്യപ്പെടുകയും അതിന്റെ ഫലമായി പ്രസിഡന്റായി കുറച്ചുകാലം പ്രവർത്തിക്കാനുള്ള അവസരം എനിക്ക് ലഭിക്കുകയുണ്ടായി. കഴിഞ്ഞ ഇടതുപക്ഷസർക്കാർ അധികാരത്തിലിരുന്നപ്പോൾ രണ്ട് പ്രധാന ഭേദഗതികൾ നിയമത്തിൽ വരുത്തി. ഒന്ന് വനിതാസംവരണം 50 ശതമാനമാക്കി ഉയർത്തി. രണ്ടാമത് 50 ശതമാനമാക്കി പ്രസിഡന്റ് പദവിയും വൈസ് പ്രസിഡന്റ് പദവിയും വനിതകൾക്കായി സംവരണം ചെയ്തു. ഉയർത്തിപ്പിടിക്കേണ്ട നേട്ടങ്ങളുടെ പട്ടികയിലാണ് ഇത് വരിക. കുടുംബശ്രീവഴി, കുടുംബങ്ങളുടെ സാമ്പത്തികനിലവാരം ഉയർത്തണം. തൊഴിലുറപ്പ് പദ്ധതിവഴി നിർമ്മാണപ്രവർത്തന മേഖലയിലൂടെ സ്ത്രീകൾക്ക് മുന്നേറ്റമുണ്ടാക്കാം. NREGS-ന്റെ നാഗരികരൂപമായ അയ്യങ്കാളിപദ്ധതി ഒരിക്കൽകൂടി സജീവമാക്കണം. പദ്ധതിപ്പണം കാര്യക്ഷമമായി ചെലവാകുന്നില്ല എന്ന യാഥാർത്ഥ്യം മനസ്സിലാക്കി ആത്മപരിശോധന പഞ്ചായത്തുകൾ നടത്തണം. എല്ലാ അംഗൻവാടികൾക്കും സുരക്ഷിതകെട്ടിടം നിർമ്മിക്കാൻ നാം കൂടുതൽ ശ്രദ്ധിക്കണമെന്നും ഇതിനായി പദ്ധതിപ്പണം മാറ്റിവയ്ക്കണമെന്നും ശ്രീമതിടീച്ചർ പ്രസംഗത്തിൽ സൂചിപ്പിച്ചു.

# വികസനസങ്കല്പം സമഗ്രമാകണം

## ജയിംസ് മാത്യു. എം. എൽ. എ



9 മാസം കൊണ്ട് പദ്ധതിനിർവ്വഹണം നടത്താൻ സമയം ലഭിക്കത്തക്കവണ്ണം പദ്ധതിപ്രവർത്തനങ്ങളെ മുൻകൂട്ടി ആസൂത്രണം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകാൻ തദ്ദേശസ്വയംഭരണവകുപ്പും പ്ലാനിംഗ് ബോർഡും തയ്യാറായതിന് ആദ്യമേ ഞാൻ അഭിനന്ദിക്കുന്നു. വിവിധ തടസ്സങ്ങളും കടമ്പകളും കടന്ന് നിയമപരമായ ബാധ്യതകളൊന്നും വരുത്താതെ സമയബന്ധിതമായി പദ്ധതിനിർവ്വഹണം നടത്തുന്ന പഞ്ചായത്ത് സെക്രട്ടറിമാർ വളരെ അഭിനന്ദനം അർഹിക്കുന്നു.

റോഡുകളും പാലങ്ങളും കെട്ടിടങ്ങളും വികസനത്തിന്റെ ഒരു ഭാഗം മാത്രമാണ്. യഥാർത്ഥത്തിൽ കുടിവെള്ളം, ആരോഗ്യം, വിദ്യാഭ്യാസം, ചികിത്സാസൗകര്യം എല്ലാം ചേർന്നതാണ് വികസനം. മറ്റൊരു വലിയ വികസനം ജനങ്ങളുടെ വരുമാനമാണ്. ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാൻ നമുക്ക് എന്ത് സാധ്യമാകും? അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ലഭ്യമായ അധികാരാവകാശങ്ങൾ ഇത്തരത്തിൽ നാം എങ്ങനെ പ്രയോജനപ്പെടുത്തുന്നു എന്നതാണ് പ്രധാനം. സേവനമേഖലയ്ക്ക് ഊന്നൽ കൊടുത്താൽ അത് എല്ലാ വാർഡിനും എല്ലാവർക്കും പ്രയോജനം ചെയ്യും. അതിനായി നാം കുറച്ച് ത്യാഗം ചെയ്യണം.

ഉല്പാദനമേഖലയിൽ പലിശരഹിതമായ വായ്പകൾ നൽകി പഞ്ചായത്തുകൾ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കണം. കൃഷിയോടൊപ്പം മൃഗസംരക്ഷണം കൂടിയുണ്ടെങ്കിലേ ജൈവവളമുപയോഗിച്ചുള്ള ജൈവകൃഷി ഫലപ്രദമാകൂ. മൃഗസംരക്ഷണമേഖലയിൽ സംരംഭങ്ങൾ തുടങ്ങണം.

ദിലീപ് ഇരിങ്ങാവൂർ കവിത
ഫോൺ: 9562270447

# ആര് വരും?

ഇവിടെയീ കാടിന്റെ
നിലവിളികൾ കേൾക്കുവാൻ
ആരുണ്ട് നെഞ്ചിലെ
തീ കെടുത്തീടുവാൻ?
തൊടിയിലെ കണ്ണാന്തളി
പൂവ് മിഴിയറ്റ് വീഴവേ
ആരുണ്ടൊരശ്രുകണം
പൊഴിച്ചീടുവാൻ?
തുടപിളർന്നലറുന്ന
മലകളെ ലാളിച്ച്
മുറിവുണക്കാൻ വരും
ആരിന്നരികത്ത്?
കടലെടുത്തൊരുകുടിലിൻ
സ്മരണയിൽ നിൽക്കു-
ന്നൊരമ്മയെ സാന്ത്വനിപ്പിക്കുമോ?
വയലിന്റെ ശവമടക്കം
കണ്ട് കാറ്റ് പിൻവാങ്ങവെ
ഇടവഴികൾ ഓതുന്നു നാളെ
വരും വിധി ഞങ്ങളെ
തൂക്കിലേറ്റീടുവാൻ

## From IV (See Rule 8)

**Statement about ownership and other particulars about the Panchayat Raj (Monthly) to be published in the first issue every year after the last day of February**

| | | |
|---|---|---|
| 1. Place of Publication | : | Thiruvananthapuram |
| 2. Periodicity of the Publication | : | Monthly |
| 3. Printer's Name | : | P. Bala Kiran IAS |
| Nationality | : | Indian |
| Address | : | Director of Panchayats<br>Thiruvananthapuram-695033 |
| 4. Publisher's Name | : | P. Bala Kiran IAS |
| Nationality | : | Indian |
| Address | : | Director of Panchayats<br>Thiruvananthapuram-695033 |
| 5. Editor's Name | : | P. Bala Kiran IAS |
| Nationality | : | Indian |
| Address | : | Director of Panchayats,<br>Thiruvananthapuram-695033 |
| 6. Name and addresses of individuals who own the newspaper and partners or shareholders holding more than 1% of the total capital | : | Government of Kerala |

I, P. Bala Kiran IAS hereby declare that the particulars given above are true to the best of my knowledge and belief.

Thiruvananthapuram
01-03-2017

Sd/-
Director of Panchayats



# മികവിന്റെ അമരത്ത് ആലപ്പുഴ

***പഞ്ചായത്തുകളുടെ പൗരാവകാശരേഖയും ഗുണഭോക്തൃപട്ടികയും തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ്സൈറ്റിൽ ചേർത്ത സംസ്ഥാനത്തെ ആദ്യ ജില്ല***

ജലസിക്തസുന്ദരമായ ഭൂമിയാൽ ഹൃദയത്തെ തൊടുന്ന ആലപ്പുഴ ജില്ല. ഈ ജില്ലയിലെ പ്രാദേശിക സർക്കാരുകൾ തങ്ങളുടെ ജനകീയപ്രവർത്തനമണ്ഡലങ്ങളിൽ നേട്ടങ്ങൾ വാരിക്കൂട്ടുന്നതിന്റെ കഥയാണിത്.

ഗ്രാമപഞ്ചായത്തുകൾ ഭരണസുതാര്യത ഉറപ്പുവരുത്തുന്നതിനും സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ നടത്തി ഗ്രാമപഞ്ചായത്തുകളുടെ പൗരാവകാശരേഖയും ഈ സാമ്പത്തിക വർഷത്തെ ഗുണഭോക്തൃപട്ടികയും തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ്സൈറ്റിൽ ചേർത്ത സംസ്ഥാനത്തെ ആദ്യ ജില്ലയായി ആലപ്പുഴ. ഇതിന്റെ ജില്ലാതല പ്രഖ്യാപനം പുന്നപ്രവടക്ക് ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ച് ജില്ലാകളക്ടർ വീണ.എൻ.മാധവൻ നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി.വേണുഗോപാൽ ഉത്ഘാടനം നിർവ്വഹിച്ചു. ഗ്രാമപഞ്ചായത്തുകളുടെ യോഗനടപടിക്രമങ്ങൾ സകർമ്മ സോഫ്റ്റ്വെയർ മുഖേന രേഖപ്പെടുത്തുന്ന ജില്ലയായും വസ്തുനികുതി ഇ-പേയ്മെന്റിന്റെ ഭാഗമായ സഞ്ചയ-സാംഖ്യ സംയോജനം പൂർത്തിയായ ജില്ലയായും ആലപ്പുഴ മിന്നുന്നു. പ്രഖ്യാപനയോഗത്തിൽ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് അഡ്വ.ഡി.പ്രിയേഷ് കുമാർ ആധ്യക്ഷ്യം വഹിച്ചു. ചടങ്ങിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പി.ഡി.സുദർശനൻ റിപ്പോർട്ട് അവതരിപ്പിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ ജില്ലാ സെക്രട്ടറി ജി.വേണുലാൽ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രജിത് കാരിക്കൽ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുവർണപ്രതാപൻ, കെ.ഗോപകുമാർ, കെ.കുഞ്ഞച്ചൻ എന്നിവർ പ്രസംഗിച്ചു.

ജില്ലയിലെ ഗ്രാമപഞ്ചായത്ത് ഭരണസമിതികളുടെ നേതൃത്വപരമായ ഇടപെടലുകൾ, ഉദ്യോഗസ്ഥരുടെ പരിശ്രമം, ഇൻഫർമേഷൻ കേരളമിഷൻ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിന്റെ നിരന്തരമായ ഇടപെടലുകളിലൂടെയാണ് ജില്ലയ്ക്ക് ഈ നേട്ടം കൈവരിക്കാനായത്. 2016-17 വർഷത്തെ ഗുണഭോക്തൃപട്ടികകൾ പൂർണ്ണമായും വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തു. ഗ്രാമപഞ്ചായത്തുകളിൽ പുതിയ ഭരണസമിതികൾ അധികാരമേറ്റ് ഒരു വർഷത്തിനുള്ളിൽ തന്നെ പൗരാവകാശരേഖ പുതുക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പദ്ധതിചെലവ് പുരോഗതിയിൽ മുമ്പിലെത്തിയ ഗ്രാമപഞ്ചായത്തുകളെ ചടങ്ങിൽ അനുമോദിച്ചു. ◆

ടി.വി. അബ്ദുറഹിമാൻ കുട്ടി
alfaponnani@gmail.com

# ഗുരുവായൂർ സത്യാഗ്രഹം വീണ്ടും വായിക്കുമ്പോൾ



സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി കേരളത്തിൽ ചെറുതും വലുതുമായ പല പോരാട്ടങ്ങളും അരങ്ങേറിയിട്ടുണ്ട്. ചിലത് പൂർണ്ണമായും മറ്റു ചിലത് ഭാഗികമായും സജീവസാന്നിദ്ധ്യമറിയിച്ചു.വിഷയ ഗാംഭീര്യത്താലും ജനകീയ പങ്കാളിത്തത്താലും ദേശീയനേതാക്കളുടെ സജീവ ഇടപെടലുകളാലും ശ്രദ്ധനേടിയവയാണ് വൈക്കം സത്യാഗ്രഹവും ഗുരുവായൂർ സത്യാഗ്രഹവും. തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരും ദൃഷ്ടിയിൽപ്പെട്ടാൽ അയിത്തമുള്ളവരുമായി അവഗണിക്കപ്പെട്ട ഒരു വിഭാഗം ജനതയെ ക്ഷേത്രപരിസരത്തുകൂടി വഴിനടക്കുന്നതിനു വേണ്ടിയുള്ളതായിരുന്നു വൈക്കം സത്യാഗ്രഹമെങ്കിൽ ഇഷ്ടദൈവത്തെ കൺകുളിർക്കെ ദർശിച്ച് പ്രാർത്ഥിച്ച് സായൂജ്യമടയുന്നതിനു ക്ഷേത്രസന്നിധാനത്തിൽ പ്രവേശിക്കുന്നതിനു വേണ്ടിയുള്ളതായിരുന്നു ഗുരുവായൂർ സത്യാഗ്രഹം.

അവിഭക്ത പൊന്നാനി താലൂക്കിലെ ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രം കോഴിക്കോട് ശ്രീ തളി ക്ഷേത്രം, പൊന്നാനി തൃക്കാവ് ശ്രീ ദുർക്ഷാഭഗവതി ക്ഷേത്രം എന്നീ മൂന്ന് ക്ഷേത്രങ്ങൾ ആദ്യകാലം മുതലെ മലബാറിൽ സാമൂതിരിയുടെ നിയന്ത്രണത്തിലുള്ള പ്രസിദ്ധ ക്ഷേത്രങ്ങളാണ്. ഇതിൽ പോർച്ചുഗീസ് ഭരണകാലഘട്ടംതൊട്ട് മറ്റു ക്ഷേത്രങ്ങളേക്കാൾ പൂർവ്വോപരി ക്രമാനുഗതമായി പ്രശസ്തിയിലേക്കുയർന്ന





മാതൃഭൂമി

The Mathrubhumi.

ക്ഷേത്രമാണ് ഗുരുവായൂർ. ഭക്തകവികളായ പൂന്താനം നമ്പൂതിരിയുടെയും മേൽപ്പത്തൂർ ഭട്ടതിരിയുടെയും രചനകളും ഇതര കൃതികളും മാഹാത്മ്യങ്ങളും മികവുറ്റ സവിശേഷതകളും ഈ ക്ഷേത്രത്തെ കേരളത്തിനകത്തും പുറത്തും പുകൾപ്പെറ്റതാക്കുന്നതിൽ സുപ്രധാന പങ്ക് വഹിച്ചു.

പ്രതിഷ്ഠ വിഷ്ണുവിന്റേതാണെങ്കിലും വിഷ്ണു അവതാരമായ ശ്രീകൃഷ്ണ ക്ഷേത്രമെന്നാണ് പ്രസിദ്ധം. ശ്രീകൃഷ്ണ ഭഗവാന്റെ മാതാപിതാക്കളായ വസുദേവരും ദേവകിയും പൂജിച്ചിരുന്ന വിഷ്ണു വിഗ്രഹം അവരുടെ കാലശേഷം ദ്വാരകയിലേക്കു കൊണ്ടുവന്നു പൂജിച്ചു. ഭഗവാൻ ശ്രീകൃഷ്ണൻ സ്വർഗാരോഹണത്തിന് ഒരുങ്ങിയ സമയത്ത് ഭഗവാന്റെ ചൈതന്യം പ്രസ്തുത വിഗ്രഹത്തിലേക്ക് സന്നിവേശിച്ചു. തന്മൂലം വിഷ്ണു വിഗ്രഹം ശ്രീകൃഷ്ണ വിഗ്രഹമായി കേൾവിപ്പെട്ടു. ഭക്തനായ ഉദ്ധവരെ വരുത്തി പ്രതിഷ്ഠിക്കാൻ വേണ്ടുന്ന ഒരുക്കങ്ങൾ ഭഗവാൻ നടത്തി. ശ്രീകൃഷ്ണന്റെ സ്വർഗാരോഹണത്തിനു ശേഷം ദ്വാരക സമുദ്രത്തിൽ മുങ്ങിപ്പോയി. പിന്നീട് ആ വിഗ്രഹം കണ്ടെടുത്ത ദേവഗുരുവായ ബൃഹസ്പതിയും വായുവും ചേർന്ന് പ്രതിഷ്ഠിച്ച ഇടം ഗുരുവായൂർ എന്നും പ്രതിഷ്ഠ ഗുരുവായൂരപ്പൻ എന്നും പുകഴ്പ്പെറ്റു.

മൂന്ന് അറകളോട് കൂടിയ ശ്രീകോവിലിന്റെ ഗർഭഗൃഹത്തിനുള്ളിൽ കിഴക്കോട്ട് ദർശനമായിട്ടാണ് ശ്രീകൃഷ്ണ പ്രതിഷ്ഠ. പൂജാവിധികളും മറ്റു ചടങ്ങുകളും ചിട്ടപ്പെടുത്തിയത് ശ്രീ ശങ്കരാചാര്യർ(788-820)ആണ്. അന്നത്തെ ആചാരാനുഷ്ഠാനങ്ങളെയും പൂജാകർമ്മങ്ങളെയും ക്രമീകരിച്ച് നിലവിലുള്ള സംവിധാനങ്ങൾക്ക് അടിത്തറ പാകി എന്നാണ് വിശ്വാസം. പുലർച്ചെ മൂന്ന് മണിക്കുള്ള നിർമ്മാല്ല്യത്തെ തുടർന്ന് ചടങ്ങുകൾ ആരംഭിക്കും. എണ്ണാഭിഷേകം, വാകചാർത്ത്, ശംഖാഭിഷേകം, മലർനിവേദ്യം, അലങ്കാരം എന്നിവയ്ക്ക് ശേഷം ആറുമണിയോടെ ഉഷപൂജയെ തുടർന്നുവരുന്ന ആരാധനാ കർമ്മങ്ങൾ രാത്രിവരെ തുടരും. തെക്കേ ഇന്ത്യയിലെ മറ്റു മഹാക്ഷേത്രങ്ങളിൽനിന്നും ആചാരാനുഷ്ഠാനങ്ങളിലും ആരാധനാരീതികളിലും ഈ ക്ഷേത്രം പ്രത്യേകത പുലർത്തുന്നു.

പൗരാണിക കാലം മുതൽ ഉത്തരേന്ത്യയിൽ നിലനിന്നിരുന്ന ജാതിപിശാചിന്റെ ക്രൂരമായ തേർവാഴ്ച ഇരുപതാം നൂറ്റാണ്ടിൽ ആദ്യത്തിലും കേരളത്തിൽ പലയിടത്തും തുടർന്ന് വന്നിരുന്നു. ആദ്യകാലത്ത് ചാതുർ വർണ്യ വ്യവസ്ഥ മനുസ്മൃതി അനുശാസിക്കുന്ന പ്രകാരമായിരുന്നു ക്ഷേത്രത്തിലെ നടപടിക്രമങ്ങളും ചടങ്ങുകളും. ഗുരുവായൂർ ക്ഷേത്രത്തിന്റെ കിഴക്കേ നടയിലും പടിഞ്ഞാറേ നടയിലും ക്ഷേത്രത്തിന് നിശ്ചിത അകലംവരെ മാത്രമെ ഹരിജനങ്ങൾക്കും അവർണ്ണർക്കും നിൽക്കാൻ അനുവാദം നൽകിയിരുന്നുള്ളു. ക്ഷേത്രത്തിൽ പ്രവേശിക്കാൻ അനുവാദം ലഭിക്കണമെങ്കിൽ കൊല്ലത്തിലൊരിക്കലുള്ള ഏകാദശി നാൾ വരെ അവർ കാത്തിരിക്കണം.

ഈ സമ്പ്രദായത്തിനെതിരായി ക്ഷേത്രത്തിൽ മുഴുവൻ ഹൈന്ദവ വിശ്വാസികൾക്കും ആരാധനാ സ്വാതന്ത്ര്യം നേടിയെടുക്കുന്നതിന് വേണ്ടി പോരാട്ടം ആരംഭിക്കാൻ തീരുമാനിച്ചു. 1931 മെയ് മാസത്തിൽ വടകരയിൽ നടന്ന കേരളാ പ്രദേശ് കോൺഗ്രസ് സമ്മേളനം തത്വത്തിൽ ഈ ആശയം അംഗീകരിച്ചു. 1931 ജൂലായ് 12ന് മുംബൈയിൽ ചേർന്ന ഓൾ ഇന്ത്യാ കോൺഗ്രസ്സ് കമ്മിറ്റിയിൽ അന്നത്തെ കെപിസിസി പ്രസിഡന്റ് കേളപ്പൻ ശക്തമായി വാദിച്ചതിനെ തുടർന്ന് അതിനായി പോരാട്ടം നടത്താൻ കമ്മിറ്റിയും ഗാന്ധിജിയും അനുവാദം നൽകി. 1931 ആഗസ്റ്റ് 2ന് കോഴിക്കോട് ചേർന്ന കേരളാപ്രദേശ് കോൺഗ്രസ്സ് കമ്മിറ്റിയിൽ ഈ ആവശ്യം കേളപ്പൻ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഗുരുവായൂർ ക്ഷേത്രനടയിൽ സത്യാഗ്രഹം അനുഷ്ഠിക്കാൻ അദ്ദേഹത്തെ തന്നെ ചുമതലപ്പെടുത്തി.

പുന്നത്തൂർ ഗോദവർമ്മ വലിയരാജയുടെ അദ്ധ്യക്ഷതയിൽ സെപ്തംബർ 24ന് ഗുരുവായൂരിൽ ചേർന്ന യാഥാസ്ഥിതിക വിഭാഗത്തിന്റെ യോഗത്തിൽ നിരവധി സവർണ്ണർ പങ്കെടുത്തു. അവർണ്ണർക്ക് ക്ഷേത്രപ്രവേശനം നൽകിയാലുള്ള മഹാവിപത്തിനെ കുറിച്ച് പ്രമാണങ്ങളും ആചാരങ്ങളും ഉദ്ധരിച്ച് കിടുവത്ത് കൃഷ്ണൻ



നായർ തുടങ്ങിയ സവർണ്ണ നേതാക്കൾ നയങ്ങൾ വിശദീകരിച്ചു പ്രസംഗിച്ചു. കൃഷ്ണൻ നായരും കുടുംബവും പിന്നീട് സത്യാഗ്രഹപക്ഷക്കാരായി മാറി. പുരോഗമനാശയക്കാരായ മുല്ലമംഗലത്ത് മനയ്ക്കൽ രാമൻ ഭട്ടതിരിപ്പാട്(എം.ആർ.ബി), മുല്ലമംഗലത്ത് മനയ്ക്കൽ പരമേശ്വരൻ ഭട്ടതിരിപ്പാട്(പ്രേംജി) കൊടമന നാരായണൻ നായർ, ബാലകൃഷ്ണ കുറുപ്പ്, മാധവ കുറുപ്പ്, അച്ചുത കുറുപ്പ്, പെണ്ണാലത്ത് ശേഖരൻ നായർ തുടങ്ങിയവർ യോഗം ആരംഭിക്കുന്നതിനു മുമ്പെ സദസ്സിൽ സ്ഥാനം പിടിച്ചിരുന്നു. പ്രത്യേക ക്ഷണിതാവായി എത്തിയ കേളപ്പൻ പ്രസംഗത്തിനായി എഴുന്നേറ്റപ്പോൾ തന്നെ പുരോഗമനാശയക്കാർ ഉൾപ്പെടെ സദസ്യരിൽ വലിയൊരു വിഭാഗം കരഘോഷം മുഴക്കി അദ്ദേഹത്തിന് അഭിവാദ്യങ്ങൾ അർപ്പിച്ചു. സവർണ്ണനേതാക്കളുടെ ആശയങ്ങൾ ഖണ്ഡിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രസംഗം സമ്മേളനത്തിന് ലക്ഷ്യപ്രാപ്തി നേടാൻ സാധിച്ചില്ല. പിന്നീടൊരിക്കൽ മറ്റൊരിടത്ത് രഹസ്യമായി പുന്നത്തൂർ രാജയുടെ അദ്ധ്യക്ഷതയിൽ വളരെ കരുതലോടെ ചേർന്ന യോഗം ക്ഷേത്ര സംരക്ഷണ വിരുദ്ധ സമിതി രൂപീകരിച്ചു.

കേരളത്തിൽ നടന്ന മറ്റു സത്യാഗ്രഹപോരാട്ടങ്ങളേക്കാൾ മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും വിപുലമായ പ്രചരണപരിപാടികൾ ആസൂത്രണം ചെയ്തായിരുന്നു തുടക്കം. തന്മൂലം പരിവർത്തനത്തിന്റെ കൊടുങ്കാറ്റടിച്ചു വീശിയ പ്രക്ഷോഭമായി മാറി. താമസിയാതെ സമരം കേരളത്തെ മുഴുവൻ ഇളക്കിമറിച്ചു. സ്വാതന്ത്ര്യ സമരത്തിന്റെ മൂർദ്ധന്യഘട്ടമായിരുന്നതിനാൽ ദേശീയ നേതാക്കളുടെ ശ്രദ്ധയും ആശീർവാദവും പിന്തുണയും പോരാട്ടത്തിന് ഊർജ്ജംപകർന്നു. വിജയത്തിനായി തുടക്കത്തിൽതന്നെ അയ്യായിരം രൂപയും ഊർജ്ജസ്വലരായ അഞ്ഞൂറ് സമരഭടന്മാരെയും ആവശ്യപ്പെട്ടുകൊണ്ടുള്ള കേളപ്പന്റെ അഭ്യർത്ഥനയ്ക്ക് മികച്ച പ്രതികരണമാണ് വിവിധപ്രദേശങ്ങളിൽ നിന്നും ലഭിച്ചത്. തുടർന്ന് പണക്കിഴികളും ഹൃദ്യമായ വരവേൽപ്പുകളും ലഭിച്ചു. എസ്.കെ. പട്ടേൽ തുടങ്ങിയ ദേശീയ നേതാക്കൾ സന്ദേശങ്ങൾ അയച്ചു.കസ്തൂർബാഗാന്ധി തുടക്കം മുതലേ സത്യാഗ്രഹത്തിന് പൂർണ പിന്തുണ നൽകി. അവരയച്ച സന്ദേശത്തിന്റെ രൂപം ഇങ്ങനെ സംഗ്രഹിക്കാം.

ധീര കേരള പുത്രിമാരേ, സമരത്തിന്റെ സമയമായിക്കഴിഞ്ഞു. സർവ്വരുടേയും സ്വാതന്ത്ര്യം സ്ഥാപിക്കാൻ വേണ്ടി നിങ്ങളുടെ സഹോദരന്മാരും ഭർത്താക്കന്മാരും പുത്രന്മാരും ഇതാ ക്ഷേത്രപ്രവേശന സത്യഗ്രഹമെന്ന പുണ്യപോരാട്ടത്തിന് ഒരുങ്ങിക്കഴിഞ്ഞു. പലർക്കും ലാത്തിപ്രയോഗവും ജയിൽവാസവും അനുഭവിക്കേണ്ടിവരും. ഭാഗ്യവാന്മാരായ അപൂർവ്വം ചിലർ സമരാങ്കണത്തിൽ മരിച്ചുവീണ് വീരസ്വർഗം പ്രാപിച്ചേക്കാം. തൽസമയങ്ങളിൽ നിങ്ങളുടെ പ്രധാനകർത്തവ്യം കുങ്കുമവസ്ത്രധാരിണികളായി അവരെ അനുഗമിച്ച് അവരുടെസങ്കടങ്ങളിൽ പങ്കുചേരണം. ഈശ്വരൻ നിങ്ങൾക്കു ശക്തി നൽകട്ടെ. മഹത്തായ ഈ സമരത്തിൽ എന്റെ ഹൃദയം നിങ്ങളുടെ കൂടെത്തന്നെയുണ്ട്.

സമരത്തിന്റെ മുന്നോടിയായി നമ്പൂതിരി യുവാവായ സുബ്രഹ്മണ്യൻ തിരുമുമ്പിന്റെ നേതൃത്വത്തിൽ എ.കെ.ജി. ക്യാപ്റ്റനായി ഒക്ടോബർ 21ന് കണ്ണൂരിൽ നിന്നാരംഭിച്ച സത്യാഗ്രഹ പ്രചരണ ജാഥ പയ്യന്നൂരിനടുത്ത് കണ്ടോത്ത് എത്തിച്ചേർന്നു. അവിടുത്തെ ഒരു ക്ഷേത്രം അശുദ്ധമാകുമെന്ന് പറഞ്ഞ് ക്ഷേത്രത്തിനടുത്തുള്ള തെരുവിൽക്കൂടി സഞ്ചരിക്കാൻ ദളിതരെ അനുവദിച്ചിരുന്നില്ല. എ.കെ.ജി.യുടെ നേതൃത്വത്തിലുള്ള ജാഥ താഴ്ന്ന ജാതിക്കാരോടൊപ്പം ഈ തെരുവിലേക്ക് പ്രവേശിച്ചു. തൽസമയം ഇരുന്നൂറോളം വരുന്ന ജനക്കൂട്ടം ജാഥയിൽ പങ്കെടുത്തവരെ കഠിനമായി മർദ്ദിച്ചു. എ.കെ.ജി.യും കേരളീയനും ബോധരഹിതനായി നിലംപതിച്ചു. കേരളീയന്റെ മരണമൊഴിപോലും രേഖപ്പെടുത്തി. ഈ കൊടിയ മർദ്ദനം കണ്ടോത്തെ കുറുവടി എന്ന പേരിൽ അറിയപ്പെട്ടു.

*(തുടരും)*



*മലപ്പുറം ജില്ലയിൽ ആദ്യമായി ഇ-പേയ്മെന്റ് സംവിധാനമൊരുക്കിയ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിനുള്ള പുരസ്കാരം മന്ത്രി ഡോ. കെ.ടി. ജലീൽ സമ്മാനിക്കുന്നു*

# മലപ്പുറത്ത് വസ്തുനികുതി ഓൺലൈനിൽ

വസ്തുനികുതി ഓൺലൈനായി അടയ്ക്കാവുന്ന സംസ്ഥാനത്തെ ആദ്യ ജില്ലയായി മലപ്പുറത്തെ പ്രഖ്യാപിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി.ജലീൽ ആണ് പ്രഖ്യാപനം നടത്തിയത്. ഇതോടെ ജില്ലയിലെ 94 ഗ്രാമപഞ്ചായത്തുകളിലെയും കെട്ടിടനികുതി വീട്ടിലിരുന്ന് tax.lsgkerala.gov.in/epayment/index.php വെബ്സൈറ്റിൽ പൊതുജനങ്ങൾക്ക് അടയ്ക്കാൻ കഴിയും. ഇതിനുപുറമെ പഞ്ചായത്തുകളുടെ കമ്മിറ്റി തീരുമാനങ്ങൾ വെബ്സൈറ്റിൽ നിന്നും പൊതുജനങ്ങൾക്ക് അറിയാവുന്ന സകർമ്മ സോഫ്റ്റ്വെയറിന്റെ ജില്ലാതല ഉദ്ഘാടനവും മന്ത്രി നിർവ്വഹിച്ചു. ഏറ്റവും കൂടുതൽ ജനങ്ങളും പഞ്ചായത്തുകളുമുള്ള ജില്ല കൈവരിച്ച നേട്ടത്തിൽ ഉദ്യോഗസ്ഥരേയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരേയും മന്ത്രി അഭിനന്ദിച്ചു. 1054639 കെട്ടിടങ്ങളാണ് ജില്ലയിലുള്ളത്. 38 കോടിയോളം രൂപയാണ് നികുതിയിനത്തിൽ പിരിക്കേണ്ടത്. കലക്ട്രേറ്റ് സമ്മേളനഹാളിൽ നടന്ന ചടങ്ങിൽ പി.ഉബൈദുള്ള എം.എൽ.എ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ.പി.ഉണ്ണികൃഷ്ണൻ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് എ.കെ.നാസർ, എ.ഡി.എം.പി.സെയ്യിദലി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കെ.മുരളീധരൻ, എസ്.ബി.ടി അസിസ്റ്റന്റ് മാനേജർ തമ്പിപോൾ, ഐ.കെ.എം. ജില്ല കോഡിനേറ്റർ രാജൻ, എം.പി. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറി സത്യൻ തിരുമംഗലത്ത് തുടങ്ങിയവർ സംസാരിച്ചു.

◆




ആർ. അജയകുമാർ

# ഓച്ചിറ ബ്ലോക്കിൽ ഹരിതകാമ്പസ്

സംസ്ഥാന സർക്കാരിന്റെ ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് കൊല്ലം ജില്ലയിൽ ആദ്യമായി ഹരിത കാമ്പസ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. സാങ്കേതികതയുടേയും സ്മാർട്ട്ഫോൺ ആപ്പുകളുടേയും പിറകേ പായുന്ന യുവതലമുറയിൽ നിന്നും യുവജനകൂട്ടായ്മയും കാർഷികബോധവും അന്യമായി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളിലും യുവാക്കളിലും കാർഷിക അവബോധം വളർത്തി പുത്തൻ കാർഷിക സംസ്ക്കാരം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് ആവിഷ്ക്കരിച്ച ഹരിതകേരളം പദ്ധതി വള്ളിക്കാവിലെ അമൃത ഇൻസിസ്റ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി കാമ്പസിൽ ആർ.രാമചന്ദ്രൻ എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ രാജ്യസഭാംഗം അഡ്വ. കെ. സോമപ്രസാദ് ഉദ്ഘാടനം ചെയ്തു.

ഹരിതകാമ്പസിന്റെ ആദ്യഘട്ടം എന്ന നിലയിൽ ബ്ലോക്ക് പരിധിയിലുള്ള കരുനാഗപ്പള്ളി ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജ്, കരുനാഗപ്പള്ളി പോളി ടെക്നിക്ക്, കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജി, വവ്വാക്കാവ്, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി എന്നീ സ്ഥാപനങ്ങളിലെ 20 ഏക്കർ സ്ഥലത്ത് പച്ചക്കറി, വാഴ, കിഴങ്ങുവർക്ഷങ്ങൾ എന്നിവ കൃഷിയിറക്കി വിഷുവിന് വിഷരഹിതമായ പച്ചക്കറി കാമ്പസുകളിൽ ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. വരുന്ന അദ്ധ്യയന വർഷം ബ്ലോക്ക് പരിധിയിലുള്ള എല്ലാ വിദ്യാലയങ്ങളിലും സർക്കാർസ്ഥാപനങ്ങളിലും വിഷരഹിതമായ പച്ചക്കറി ഉൽപ്പാദനം ലക്ഷ്യമിടുന്നു.

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഓച്ചിറ, കുലശേഖരപുരം, തൊടിയൂർ, ക്ലാപ്പന, തഴവ, ആലപ്പാട് എന്നീ ആറ് ഗ്രാമപഞ്ചായത്തുകളിലായി 538 ഹെക്ടർ ഭൂമിയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയുടേയും സംയുക്തസംരംഭത്തിന്റെ ഭാഗമായി കൃഷി യോഗ്യമാക്കിയിട്ടുണ്ട്.

ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് സമ്പൂർണ്ണ പ്ലാസ്റ്റിക് വിമുക്ത ബ്ലോക്ക് പഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി ആറ് ഗ്രാമപഞ്ചായത്തുകളിലായി കുടുംബശ്രീ, സന്നദ്ധ പ്രവർത്തകർ, ആശാ വർക്കർമാർ, ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ മറ്റ് സാമൂഹ്യ പ്രവർത്തകർ, വിദ്യാർത്ഥികൾ എന്നിവരുടെ നേതൃത്വത്തിൽ ഭവന സന്ദർശനം നടത്തി വിവരവിജ്ഞാന വ്യാപനത്തിലൂടെ ജൈവമാലിന്യ രഹിതമായ പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനും ഇവ സംസ്ക്കരണ യൂണിററുകൾക്ക് നൽകി സമ്പൂർണ്ണ പ്ലാസ്റ്റിക് വിമുക്ത ബ്ലോക്ക് പഞ്ചായത്തായി മാറുന്നതിന് തീവ്രയജ്ഞ പരിപാടിയിലാണ്. ◆

*ലേഖകൻ ഓച്ചിറ ബ്ലോക്ക് ഡവലപ്മെന്റ് ആഫീസറാണ്*

ഘടികാരം കൃത്യസമയത്തു തന്നെ വിളിച്ചുണർത്തി. സമയം രാവിലെ 5 മണി. എഴുന്നേറ്റാൽ ഉടൻ ഒരു കട്ടൻകാപ്പി നിർബന്ധമാണ്. അതു കുടിച്ചു കഴിഞ്ഞപ്പോൾ ഇന്ന് ഓഫീസിൽ സമർപ്പിക്കുവാനുള്ള ഒരു റിപ്പോർട്ടിന്റെ കാര്യം ഓർത്തു. റിപ്പോർട്ട് എഴുതി പൂർത്തിയായപ്പോൾ 7.30. കുളി കഴിഞ്ഞ് ആഹാരവും കഴിച്ച്, പഴയ ചേതക് സ്റ്റാർട്ടാക്കി. ഏതായാലും എന്നും യാത്ര ചെയ്യുന്ന ട്രെയിൻ കിട്ടുന്നത് സംശയമാണ്. ചേപ്പാട്ടുനിന്നും പുറപ്പെട്ട് കായംകുളം വരെ എത്തണം. റെയിൽവേ സ്റ്റേഷനിലെ പാർക്കിംഗ് ഏരിയായിൽ സ്ക്കൂട്ടർ കയറ്റി വച്ചു. പാർക്കിംഗ് ഫീസ് ശേഖരിക്കുവാൻ ഒരു പയ്യൻ അടുത്തെത്തി.

"സ്കൂട്ടർ പഞ്ചറായത് സാറു കണ്ടില്ലേ?" പയ്യൻ ചോദിച്ചു. ശരിയാണ്. പുറകിലത്തെ ചക്രം പഞ്ചറാണ്. പഞ്ചർ ഒട്ടിക്കുന്നതിനുള്ള ക്രമീകരണം

**ഈപ്പൻ വറുഗീസ്**
**ചീഫ് ടൗൺ പ്ലാനർ(റിട്ട.)**

# ഇടവപ്പാതിയിലെ സന്ധ്യ



ചെയ്ത് ഞാൻ റയിൽവേ സ്റ്റേഷനിലേക്ക് യാത്രയായി. പെട്ടി തുറന്നു നോക്കിയപ്പോൾ സീസൺ ടിക്കറ്റില്ല. ഇന്നലെ ധരിച്ചിരുന്ന ഉടുപ്പിന്റെ പോക്കറ്റിൽ നിന്നും എടുക്കുവാൻ മറന്നു.

സാരമില്ല. ഇന്നൊരു സ്ലീപ്പർ ടിക്കറ്റെടുത്ത് തിരുവനന്തപുരത്തിനു പോകാം. അടുത്ത ട്രെയിൻ മദ്രാസ് മെയിൽ കൃത്യസമയം എന്ന് നോട്ടീസ് ബോർഡിൽ എഴുതി ഇട്ടിരിക്കുന്നു. ഒരു ചായയും കുടിച്ച്, പത്രവും വായിച്ചിരുന്നപ്പോൾ ട്രെയിൻ എത്തി.

S8 എന്ന കമ്പാർട്ട്മെന്റിൽ കയറി. വലിയ തിരക്കില്ല. ഒരു കാബിനിൽ ഒരാൾ മാത്രം. ഞാൻ അവിടെയിരുന്ന് പത്രം വീണ്ടും വായിച്ചു. എനിക്കെതിരെ ഇരുന്ന ആളിനെ ഞാൻ ഒന്നു ശ്രദ്ധിച്ചു. കറുത്ത വണ്ണമുള്ള ഒരു മനുഷ്യൻ. കാലിൽ അല്പം നീരുണ്ട്. എന്തോ ചിന്തിച്ചു കൊണ്ടിരിക്കുന്നു. കണ്ണിൽ നിന്നും ഊറിയ കണ്ണുനീർ തോളത്തിട്ടിരുന്ന തോർത്തു കൊണ്ട് തുടച്ചു.

വീണ്ടും ഞാൻ ശ്രദ്ധിച്ചു. "ആ മനുഷ്യന് എന്തോ കാര്യമായ പ്രശ്നമുണ്ട്", ഞാൻ എന്നോടു തന്നെ പറഞ്ഞു. അല്പം കഴിഞ്ഞ് ഞാൻ ചോദിച്ചു. "സർ എങ്ങോട്ടാണ്".

"തിരുവനന്തപുരത്തിന്" അദ്ദേഹം മറുപടി പറഞ്ഞു.

"എവിടെ നിന്നും വരുന്നു"? ഞാൻ ചോദിച്ചു.

"മദ്രാസ് അപ്പോളോ ഹോസ്പിറ്റലിൽ പോയിട്ടു വരികയാണ്. എന്റെ കിഡ്നിക്ക് അല്പം പ്രശ്നമുണ്ട്".

ഞാൻ തരിച്ച് ഇരുന്നു പോയി. പിന്നീട് ഒന്നും അല്പ സമയം ചോദിച്ചില്ല. ട്രെയിൻ കൊല്ലത്തെത്തി. എന്തെങ്കിലും ആവശ്യമുണ്ടോ എന്നു ഞാൻ ചോദിച്ചു. ഒരക്ഷരം പോലും മിണ്ടാതെ മൂകനായിരിക്കുക മാത്രം ചെയ്തു. ട്രെയിൻ കഴക്കൂട്ടം റെയിൽവേ സ്റ്റേഷനോട് അടുക്കാറായപ്പോൾ ഞാൻ പേരു ചോദിച്ചു.

"ഭാസി" എന്നു മറുപടി പറഞ്ഞു. എന്നോടും പേരു ചോദിച്ചു. ഞാൻ പറഞ്ഞു. എന്റെ ജോലി സംബന്ധമായ കാര്യങ്ങൾ ചോദിച്ചറിഞ്ഞു. "ഒരു വീടു നിർമ്മിക്കുവാൻ ഞാൻ

ആഗ്രഹിച്ചിരുന്നു. ഈ ജന്മത്തിൽ എനിക്കു കഴിയുമെന്ന് തോന്നുന്നില്ല. എന്റെ അസുഖം എന്നെ കീഴടക്കികഴിഞ്ഞു". വളരെ പ്രയാസത്തോടുകൂടി അദ്ദേഹം പറഞ്ഞു. പേട്ടയിൽ ട്രെയിൻ നിർത്തി.

ചെറിയ ഒരു പെട്ടി. ഞാൻ എടുത്ത് വാതിൽക്കൽ വരെ കൊണ്ടെത്തിച്ചു. ആരെങ്കിലും സ്റ്റേഷനിൽ വരുമോ?

"മകൾ വരും"

ട്രെയിൻ നീങ്ങിത്തുടങ്ങി. ഞാൻ അദ്ദേഹത്തെത്തന്നെ നോക്കിക്കൊണ്ടിരുന്നു. നടക്കുവാൻ വലിയ പ്രയാസം. കഷ്ടം, എനിക്ക് പൂർണ്ണ ആരോഗ്യമുള്ളത് എന്റെ ഭാഗ്യം. ഞാൻ എന്നോടു തന്നെ പറഞ്ഞു.

തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ ഇറങ്ങി ഒരു ഓട്ടോ പിടിച്ച് ഞാൻ സെക്രട്ടേറിയേറ്റിൽ എത്തി. നേരെ തദ്ദേശസ്വയം ഭരണ സെക്രട്ടറിയുടെ ഓഫീസിൽ. ഇന്നത്തെ ചീഫ് സെക്രട്ടറി ശ്രീ. എസ്.എം.വിജയാനന്ദായിരുന്നു അന്ന് തദ്ദേശസ്വയം ഭരണ വകുപ്പു സെക്രട്ടറി. തദ്ദേശസ്വയംഭരണ വകുപ്പിലെ വിജിലൻസ് സീനിയർ ടൗൺ പ്ലാനറായ എന്നെ കാത്ത് പലരും സെക്രട്ടറിയുടെ ഓഫീസിലുണ്ടായിരുന്നു. അവരെ കൂട്ടിക്കൊണ്ട് എന്റെ മുറിയിൽ കൊണ്ടുപോയി. പരാതികൾ പലതും എഴുതിത്തന്നത് പരിശോധിച്ചു. അതിലൊന്ന് ഉള്ളൂർ പഞ്ചായത്ത് (ഇന്നത്തെ കോർപ്പറേഷൻ ഏരിയ) പരിധിയിലെ അപ്പുക്കുട്ടൻ നായരുടെ പരാതി.

ഫോൺ ബെല്ലടിച്ചു.

സെക്രട്ടറിയുടെ ഓഫീസിൽ നിന്നാണ്. സെക്രട്ടറിയുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗോപിയാണ് സംസാരിക്കുന്നത്.

"സർ അപ്പുക്കുട്ടൻ നായരുടെ പരാതിയിൽ ഉടൻ അന്വേഷിച്ച് റിപ്പോർട്ടു നൽകിയാൽ നന്നായിരിക്കും. അപ്പുക്കുട്ടനെക്കുറിച്ച് ചില കാര്യങ്ങൾ എനിക്കു സാറിനോടു പറയുവാനുണ്ട്. അപ്പുക്കുട്ടൻ എന്നയാൾ കഴിഞ്ഞ 10-12 വർഷമായി വാടകവീട്ടിലാണ് താമസം. രോഗിയാണ്. കഴിഞ്ഞ വർഷം ഭാര്യ മരിച്ചുപോയി. പഞ്ചായത്ത് ഓഫീസിൽ ഒരു അപേക്ഷ നൽകിയിട്ട് ആറ് വർഷമായി. ഓരോ കാരണവും പറഞ്ഞ് നിരസിക്കുകയാണ്".

ഞാൻ വീണ്ടും പരാതി പരിശോധിച്ചു. ശരിയായ വിലാസമോ, സ്ഥലത്തെക്കുറിച്ച് വിവരമോ, പെർമിറ്റിനു നൽകിയ അപേക്ഷയിലെ വിവരങ്ങളോ ഒന്നും പരാതിയിൽ പറഞ്ഞിട്ടില്ല. അന്വേഷണം എങ്ങനെ ആരംഭിക്കണം. ഞാൻ ആലോചിച്ചു. കൈവശമുള്ള വിശദാംശങ്ങൾ എല്ലാം കൊണ്ടുവരുവാൻ പരാതിക്കാരനോട് പറയുവാൻ ഞാൻ ഗോപിയോട് ആവശ്യപ്പെട്ടു. രണ്ടാഴ്ചക്കുശേഷം ഗോപി എന്റെ മുറിയിൽ വന്നു. അപ്പുക്കുട്ടൻ എന്ന വ്യക്തി ആശുപത്രിയിലാണ്. ആകെ ലഭിച്ചത് ഒരു രസീതും, ഒരു ബസ് ടിക്കറ്റും മാത്രമാണ്. ഗോപി പറഞ്ഞു. ഉള്ളൂർ പഞ്ചായത്ത് ഓഫീസിലേതാണ് രസീത്. ബസ് ടിക്കറ്റിന്റെ പുറകിൽ ഒരു നമ്പരും എഴുതിയിരിക്കുന്നു. ഒരു ഫയൽ നമ്പർ. പഞ്ചായത്ത് ഓഫീസിൽ പോയി ഫയൽ എടുപ്പിച്ചു. 6 വർഷംമുൻപ് സമർപ്പിച്ച ഫയൽ - കാര്യമായ നടപടിക്രമങ്ങൾ ഒന്നും നടന്നിട്ടില്ല. പഞ്ചായത്ത് സെക്രട്ടറിയെ വിളിച്ച് കാര്യം അന്വേഷിച്ചു. പ്രസ്തുത നിർമ്മാണത്തിന് പെർമിറ്റ് നൽകരുതെന്ന് ഒരു പഞ്ചായത്ത് അംഗം പറഞ്ഞതിനാൽ മാറ്റിവെച്ചിരിക്കുകയാണ്. പരാതിക്കാരന്റെ സ്ഥലം ആരെങ്കിലും ചോദിച്ചാൽ ചന്തയുടെ വികസനത്തിന് അക്വയർ ചെയ്യുവാൻ ഉദ്ദേശിച്ചിരിക്കുന്നു എന്നു പറയുവാനും നിർദ്ദേശിച്ചിരിക്കുന്നു. വിശദമായ അന്വേഷണം നടത്തി. അപ്പുക്കുട്ടൻ നായരുടെ അപേക്ഷയിന്മേൽ പെർമിറ്റ് നിരസിക്കുന്നതിന് യാതൊരു കാരണവും ഇല്ല എന്നു മനസ്സിലാക്കുകയും 15 ദിവസത്തിനകം പെർമിറ്റ് നൽകുന്നതിന് സർക്കാർ മുഖേന നിർദ്ദേശവും നൽകി. 2 മാസം കഴിഞ്ഞിട്ടും പെർമിറ്റ് നൽകാത്തതിനാൽ 7 ദിവസത്തിനകം പെർമിറ്റ് നൽകുവാൻ വീണ്ടും സർക്കാരിൽ നിന്നും നിർദ്ദേശം നൽകി.

അവസാനം പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തു നിന്നും നടപടി ഉണ്ടാകാതിരുന്നതിനാൽ 3 ദിവസത്തിനകം പെർമിറ്റ് നൽകി ഫയലുമായി തദ്ദേശ സ്വയംഭരണ സെക്രട്ടറി മുമ്പാകെ ഹാജരാകുവാൻ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

അവസാനം അപ്പുക്കുട്ടൻ നായർക്ക് പെർമിറ്റ് ലഭിച്ചു. പഞ്ചായത്ത് മെമ്പറുടെ ഭീഷണി സെക്രട്ടറിക്ക് ഉണ്ടായതിനാലാണ് പെർമിറ്റ് നൽകാത്തത് എന്ന് സർക്കാരിനെ പഞ്ചായത്ത് സെക്രട്ടറി ബോദ്ധ്യപ്പെടുത്തി.

വർഷങ്ങൾ പോയതറിഞ്ഞില്ല. 5 വർഷത്തിനു ശേഷം ഒരു ദിവസം ഇടവപ്പാതിയുടെ ശക്തമായ മഴ - നേരം സന്ധ്യ. കുടയും പിടിച്ച് പകുതി നനഞ്ഞ ഗോപി. ആദ്യം ഒരു ചെറു പുഞ്ചിരി - പിന്നീട് കാണുന്നത് കണ്ണിൽ നിന്നും ഊറുന്ന കണ്ണുനീർ. "ഗോപി സാറേ എന്തു പറ്റി" ഞാൻ ചോദിച്ചു. "അപ്പുക്കുട്ടൻ നായർ മരിച്ചു. സാറിനെ നേരിട്ടു കാണണം എന്ന് എന്നോടു പറഞ്ഞിരുന്നു. അവസരം എനിക്ക് ഉണ്ടാക്കിക്കൊടുക്കുവാൻ പറ്റിയില്ല. ട്രെയിൻ യാത്രയിൽ ഒരിക്കൽ സാറിനെ അയാൾ പരിചയപ്പെട്ടിട്ടുണ്ട്. ഞങ്ങൾ വിളിക്കുന്ന പേര് ഭാസി" എന്റെ വയറ്റിൽ തീ പാറി. "രണ്ട് മാസം മാത്രം ഡോക്ടർമാർ ആയുസ്സ് പറഞ്ഞിരുന്ന ഭാസിയേട്ടന് സാറു കാരണം ആറ് വർഷം ആയുസ്സു നീട്ടിക്കിട്ടി. കഴിഞ്ഞ ആഴ്ച ഭാസി എന്നോടു പറഞ്ഞതാണിത്. ഗോപി പറഞ്ഞു. വീടു പണി പൂർത്തിയാക്കി - കയറിത്താമസിച്ചു - മകളുടെ വിവാഹം ഭംഗിയായി നടന്നു. ഇനിയും എനിക്ക് ആയുസ്സ് നീട്ടിക്കിട്ടുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഒരാഗ്രഹം മാത്രം ബാക്കി - കെട്ടിടം നിർമ്മിക്കുവാൻ പെർമിറ്റ് നിഷേധിച്ചപ്പോൾ അന്വേഷണം നടത്തി എന്നെ സഹായിച്ച സാറിനെ ഒരു നോക്കു കാണണം. ഗോപി --- ഒന്നു സഹായിക്കണം".

ഇന്ന് അപ്പുക്കുട്ടൻ നായരുടെ ശരീരം ചിതക്കു വെച്ചപ്പോൾ ഞാൻ വിങ്ങിപ്പൊട്ടി, ഗോപി പറഞ്ഞു. ആഗ്രഹം സാധിച്ചു കൊടുക്കാത്തതിലുള്ള കുറ്റബോധവും. ഞാൻ എന്നെത്തന്നെ പഴിച്ചു - ശപിച്ചു. ഇങ്ങനെയുള്ള കറുത്ത മേഘവും, ഇടവപ്പാതിയും എന്റെ ജീവിതത്തിൽ ഉണ്ടാകാതിരിക്കട്ടെ. ഗോപി പറഞ്ഞു. ഒരക്ഷരം പോലും മിണ്ടാതെ ഗോപി നടന്നകന്നു.. ഞാനും. ◆

# ഇ-ഹെൽത്ത്
## പൊതുജനാരോഗ്യ രംഗത്ത് സമഗ്രമായ മാറ്റം

ദിലീപ് നായർ



കേരളത്തിന്റെ പൊതുജനാരോഗ്യ രംഗത്ത് സമഗ്രമായ മാറ്റം ലക്ഷ്യമിടുന്ന ഒരു ബൃഹത് പദ്ധതിയാണ് ഇ - ഹെൽത്ത് കേരള. ഇപ്പോൾ കേരളത്തിലെ ഏഴു ജില്ലകളിൽ നടപ്പിലാക്കുന്ന ഈ പദ്ധതി ഏറെതാമസിയാതെ തന്നെ പതിനാലു ജില്ലകളിലേക്കും വ്യാപിപ്പിക്കുവാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. ഈ പദ്ധതിക്ക് പ്രധാനമായും മൂന്ന് ഘടകങ്ങളാണുള്ളത്.

ഒന്നാമത്തെ ഘടകം പൊതുജനങ്ങൾക്ക് ഏറ്റവും പ്രകടമായ രീതിയിൽ പ്രയോജനം ലഭ്യമാക്കുന്ന ആശുപത്രികളുടെ കമ്പ്യൂട്ടർവൽക്കരണമാണ്. രണ്ടാമത്തെ ഘടകം രോഗപ്രതിരോധ രംഗത്ത് കൃത്യവും ഫലപ്രദവുമായ ഇടപെടൽ സാധ്യമാക്കുന്ന മൊബൈൽ സാങ്കേതികവിദ്യയുടെ ഫീൽഡുതല വിന്യാസവും മൂന്നാമത്തെ ഘടകം ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വിവരശേഖരണവുമാണ്.

### ആശുപത്രികളുടെ കമ്പ്യൂട്ടർവൽക്കരണം

വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി, കേരളത്തിലെ സർക്കാർ ആതുരാലയങ്ങളിൽ സേവനം തേടിയെത്തുന്ന സാധാരണക്കാരായ ലക്ഷോപലക്ഷം ജനങ്ങൾക്ക് കാര്യക്ഷമവും സുഗമവും സൗകര്യപ്രദവുമായ രീതിയിൽ സേവനങ്ങൾ ലഭ്യമാക്കുകയാണ് ആശുപത്രികളുടെ കമ്പ്യൂട്ടർവൽക്കരണത്തിലൂ

**കേരളത്തിലെ ഏതു സർക്കാർ ആശുപത്രിയിലും ഉപയോഗിക്കാവുന്ന ആരോഗ്യ സംബന്ധിയായ ഒരു വ്യക്തിഗത യുണീക് ഐഡന്റിറ്റി നമ്പറാണ് ഈ പദ്ധതി യുടെ ഏറ്റവും വലിയ പ്രത്യേകത. ആധാർ ഉള്ളവർക്ക് ആധാർ നമ്പർ തന്നെയാണ് ഈ യുണീക് ഹെൽത്ത് ഐഡി. ഇ–ഹെൽത്തിന്റെ കേന്ദ്രീകൃത സെർവർ കമ്പ്യൂട്ടറിലെ ഡേറ്റാബേസിൽ ഒരു വ്യക്തിയുടെ ആധാർ നമ്പർ ഉൾക്കൊള്ളിക്കുന്നതോടെ ആ വ്യക്തി ഇ–ഹെൽത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്നു.**

ടെ സർക്കാർ ലക്ഷ്യമിടുന്നത്. കേരളത്തിലെ സർക്കാർ മേഖലയിലുള്ള ആരോഗ്യ ചികിത്സാകേന്ദ്രങ്ങളിലെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുകയും ഈ പൊതുജനാരോഗ്യകേന്ദ്രങ്ങളെ ഒരു കേന്ദ്രീകൃത സെർവർ കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ട സർക്കാർ ആശുപത്രികളിലെത്തുന്ന രോഗികൾക്ക് കാര്യക്ഷമതയിലും ലഭിക്കുന്ന സേവനങ്ങളുടെ ഗുണനിലവാരത്തിലും വലിയ മാറ്റങ്ങൾ പ്രകടമാകും. കമ്പ്യൂട്ടർവൽക്കരണത്തിലൂടെ എഴുത്തുകുത്തുകളും രജിസ്റ്ററുകളും പരമാവധി ഒഴിവാക്കി പൊതുജനാരോഗ്യപ്രവർത്തകരുടെ ജോലിഭാരം ലഘൂകരിച്ച് അവർക്ക് സ്വന്തം സേവനമേഖലയിൽ കൂടുതൽ ശ്രദ്ധയൂന്നി പ്രവർത്തിക്കാനുള്ള സാഹചര്യം ഒരുക്കുകയാണ് ഇവിടെ ചെയ്യുന്നത്.

കേരളത്തിലെ ഏതു സർക്കാർ ആശുപത്രിയിലും ഉപയോഗിക്കാവുന്ന ആരോഗ്യ സംബന്ധിയായ ഒരു വ്യക്തിഗത യുണീക് ഐഡന്റിറ്റി നമ്പറാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ പ്രത്യേകത. ആധാർ ഉള്ളവർക്ക് ആധാർ നമ്പർ തന്നെയാണ് ഈ യുണീക് ഹെൽത്ത് ഐഡി.. ഇ-ഹെൽത്തിന്റെ കേന്ദ്രീകൃത സെർവർ കമ്പ്യൂട്ടറിലെ ഡേറ്റാബേസിൽ ഒരു വ്യക്തിയുടെ ആധാർ നമ്പർ ഉൾക്കൊള്ളിക്കുന്നതോടെ ആ വ്യക്തി ഇ-ഹെൽത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്നു. പദ്ധതിയുടെ ഭാഗമായ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വിവരശേഖരണത്തിലൂടെയോ അല്ലെങ്കിൽ ആശുപത്രികളിൽ ഏർപ്പെടുത്തുന്ന രജിസ്ട്രേഷൻ കൗണ്ടറുകളിലൂടെയോ ആണ് വ്യക്തികളുടെ ആധാർ നമ്പർ ഇ-ഹെൽത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്നത്.

രോഗികളെ സംബന്ധിച്ചിടത്തോളം പേരും മറ്റു വിവരങ്ങളും നേരത്തേ തന്നെ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നതിനാൽ ഒപി ടിക്കറ്റ് എടുക്കുന്ന പ്രക്രിയ സുഗമവും എളുപ്പവുമായി തീരും. ഒപി ക്ലിനിക്കുകൾ, ഫാർമസി, ലാബറട്ടറി, എക്സറേ എന്നിങ്ങനെ എല്ലാ സ്ഥലങ്ങളിലും ടോക്കൺ അടിസ്ഥാനത്തിലുള്ള ക്യൂ സമ്പ്രദായം നിലവിൽ വരും. ഡോക്ടർമാരുടെ പ്രിസ്ക്രിപ്ഷനുകൾ നെറ്റ്‌വർക്ക് വഴി ഫാർമസികളിലും ലാബറട്ടറികളിലും എക്സറേ കൗണ്ടറിലും അപ്പപ്പോൾ എത്തുന്നു. ടെസ്റ്റ് റിസൽറ്റുകൾ ഡോക്ടർമാരുടെ മുന്നിലെ കമ്പ്യൂട്ടറിൽ തൽസമയം ലഭ്യമാണ്.

വ്യക്തികളുടെ ഈ സമഗ്രമായ ആരോഗ്യരേഖകൾ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയ ഏതൊരു ആശുപത്രിയിലും കമ്പ്യൂട്ടർ ശൃംഖലവഴി ലഭ്യമാകും എന്നതിനാൽ വിവിധ ആശുപത്രികളിൽ തുടർചികിൽസകൾ വേണ്ടി വരുന്ന സന്ദർഭങ്ങളിൽ ഡോക്ടർമാർക്ക് തങ്ങളുടെ മുന്നിലിരിക്കുന്ന രോഗിയുടെ പൂർണ്ണമായ രോഗ ചികിൽസാ സംഗ്രഹം ഞൊടിയിടയിൽ തന്നെ കേന്ദ്രീകൃത കമ്പ്യൂട്ടറിൽ നിന്നും ലഭ്യമാക്കി കൃത്യമായ തുടർചികിൽസ നിർണ്ണയിക്കാൻ സാധിക്കുന്നു. അതായതു രോഗികൾക്ക് തങ്ങളുടെ ചികിൽസാസംബന്ധിയായ രേഖകൾ കൊണ്ടുനടക്കേണ്ട ആവശ്യം ഇല്ലാതാകുന്നു എന്നർത്ഥം.

കേന്ദ്രീകൃത ആരോഗ്യ വിവരശേഖരണത്തിന്റെ മറ്റൊരു വലിയ നേട്ടം സാംക്രമിക രോഗങ്ങളുടെ ഉത്ഭവത്തെ കുറിച്ചു ലഭിക്കുന്ന മുന്നറിയിപ്പുകളാണ്. പനി, ഡയറിയ, നേത്രരോഗങ്ങൾ തുടങ്ങിയ സാംക്രമിക രോഗങ്ങളുമായി ആശുപത്രികളിലെത്തുന്ന രോഗികളുടെ എണ്ണം സാധാരണയിൽ കൂടുതലായി കാണപ്പെടുമ്പോൾ മുന്നറിയിപ്പുകൾ നൽകുവാനുള്ള കമ്പ്യൂട്ടർ സംവിധാനവും ഇതിന്റെ ഭാഗമാണ്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രവർത്തിക്കുന്ന



പേരൂർക്കട ജില്ലാ ആശുപത്രിയിലെ രോഗിക്ക് ഇലക്ട്രോണിക് മെഡിക്കൽ റിപ്പോർട്ട് കൈമാറിക്കൊണ്ട് ഇ-ഹെൽത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നു

ആരോഗ്യവിദഗ്ദ്ധർക്ക്, തൽസമയം ലഭിക്കുന്ന കൃത്യതയാർന്ന ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സമയോചിതവും ഫലപ്രദവുമായ ഇടപെടലുകൾ നടത്താൻ സാധിക്കുന്നു.

ആർ എസ് ബി വൈ, ജനനി സുരക്ഷായോജന, ആരോഗ്യകിരണം തുടങ്ങി സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും നിരവധി സാമൂഹ്യസുരക്ഷാ പദ്ധതികൾ ഇപ്പോൾ നിലവിലുണ്ട്. ഏറ്റവും അനുയോജ്യമായ സാമൂഹ്യസുരക്ഷാ പദ്ധതിയുടെ പ്രയോജനം വ്യക്തികൾക്ക് ലഭ്യമാകുന്നതിന് വേണ്ടി, ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി ഒരു ഏകജാലക സംവിധാനം എല്ലാ സർക്കാർ ആശുപത്രികളിലും നിലവിൽ വരും.

കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ചുള്ള സർവ്വ വിവരങ്ങളും ഇ-ഹെൽത്ത് വെബ്പോർട്ടലിൽ ലഭ്യമാകും. ഈ വിവരങ്ങൾ ഏതു സർക്കാർ ആശുപത്രികളിലെ റിസപ്ഷൻ കൗണ്ടറിൽ നിന്നും പൊതുജനങ്ങൾക്ക് മനസ്സിലാക്കാനുള്ള സൗകര്യവും ഉണ്ടായിരിക്കും. അതോടൊപ്പം തന്നെ വെബ് പോർട്ടൽ, മൊബൈൽ ഫോൺ, ആശുപത്രികളിൽ സ്ഥാപിക്കുന്ന കിയോസ്ക്കുകൾ എന്നിവ വഴി മുൻകൂട്ടി ഒ.പി ടോക്കണുകൾ എടുക്കുവാനുള്ള സൗകര്യവും ലഭ്യമാകും.

**കേരളത്തിന്റെ പൊതുജനാരോഗ്യസേവന രംഗം അടിമുടി മാറുകയാണ്. വികസിത രാജ്യങ്ങളിൽ മാത്രം ലഭ്യമായിരുന്ന ആരോഗ്യസേവന മേഖലയിലെ ഉന്നത മാതൃകകൾ ഇവിടെയും ലഭ്യമായി തുടങ്ങുന്നതോടെ മറ്റെല്ലാ കാര്യങ്ങളിലുമെന്നതു പോലെ ഇവിടെയും കേരളം മറ്റു സംസ്ഥാനങ്ങളിൽ നിന്നും ബഹുകാതം മുന്നിലെത്തും. ആരോഗ്യവകുപ്പും തദ്ദേശസ്വയംഭരണവകുപ്പും കൈകോർത്തു പ്രവർത്തിച്ചാൽ സമാനതകളില്ലാത്ത ഒരു കുതിച്ചുചാട്ടത്തിന് കേരളത്തിലെ പൊതുജനാരോഗ്യരംഗം സാക്ഷിയാവും.**

ആശുപത്രികളിലെ ഫാർമസികളിൽ മരുന്നുകളുടെ സ്റ്റോക്ക് തീരുന്ന മുറയ്ക്ക് മുന്നറിയിപ്പുകൾ നൽകാനുള്ള സംവിധാനവും തുടർന്ന് ജില്ലാ സ്റ്റോറിലേക്കും അവിടെ നിന്നും മരുന്നു വാങ്ങുന്നതിന്റെ ചുമതലയുള്ള KMSCL ലേക്കും നെറ്റ്വർക്ക് വഴി ഇൻഡന്റുകൾ എത്തിക്കാനുള്ള സംവിധാനവും പദ്ധതി വഴി നിലവിൽ വരുന്നതോടെ ആശുപത്രികളിലെ മരുന്നുകളുടെ ലഭ്യത കൃത്യമായി ഉറപ്പാക്കാൻ കഴിയും.

## രോഗപ്രതിരോധ പ്രവർത്തനങ്ങൾ

പകർച്ചവ്യാധികളുടെയും ജീവിതശൈലീ രോഗങ്ങളുടെയും നിയന്ത്രണം; ക്ഷയം, കുഷ്ഠരോഗം, അർബ്ബുദം, തുടങ്ങിയ മഹാവ്യാധികളുടെ യഥാസമയത്തുള്ള രോഗനിർണ്ണയം, മാതൃശിശു സംരക്ഷണം എന്നീ സാമൂഹിക ആരോഗ്യ പ്രവർത്തനങ്ങളാണ് ഇ-ഹെൽത്തിലൂടെ വലിയ പുരോഗതി സാധ്യമാക്കുന്ന മറ്റൊരു കർമ്മരംഗം.

പദ്ധതിയുടെ ഭാഗമായി അത്യാധുനിക ടാബ്ലറ്റ് കമ്പ്യൂട്ടറുകളുമായി ആരോഗ്യ പ്രവർത്തകർ ഭവന സന്ദർശനം നടത്തി പൊതുജനങ്ങളുടെ ആരോഗ്യ സംബന്ധിയായ വിവരങ്ങൾ ശേഖരിക്കുന്നു. വ്യക്തികളുടെ ആധാർ, വോട്ടർ ഐഡി, ഡ്രൈവിങ്ങ് ലൈസൻസ് എന്നിങ്ങനെയുള്ള തിരിച്ചറിയൽ നമ്പറുകൾ, അവരുടെ പ്രായം, രക്ത ഗ്രൂപ്പ്, വിവാഹിതരാണോ, വിദ്യാഭ്യാസയോഗ്യത, തൊഴിൽ, പുകവലി, മദ്യപാനം മുതലായ സ്വഭാവരീതികൾ, പ്രമേഹം, രക്തസമ്മർദ്ദം മുതലായ രോഗാവസ്ഥകൾ എന്നിങ്ങനെയുള്ള വിവരങ്ങളാണ് ഇങ്ങനെ ശേഖരിക്കുന്നത്. വീടുകളുടെ അക്ഷാംശവും രേഖാംശവും ടാബ്ലെറ്റ് കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി വീടുകളുടെ കൃത്യമായ സ്ഥാനം കേരളത്തിന്റെ ഭൂപടത്തിൽ അടയാളപ്പെടുത്തുകയും ചെയ്യുന്നു.

ഇങ്ങനെ ശേഖരിക്കുന്ന പൊതുജനാരോഗ്യത്തെ സംബന്ധിക്കുന്ന എല്ലാ പ്രസക്തമായ വിവരങ്ങളും അപ്പപ്പോൾ തന്നെ സർക്കാരിന്റെ കേന്ദ്രീകൃത സെർവർ കമ്പ്യൂട്ടറിലേക്ക് അപ്ലോഡ് ചെയ്യപ്പെടുന്നു. ആരോഗ്യ ചികിത്സാ കേന്ദ്ര



ങ്ങളിൽ നിന്നും വ്യക്തികളുടെ രോഗവും ചികിത്സയും ആരോഗ്യവും സംബന്ധിക്കുന്ന വിവരങ്ങളും ഫീൽഡ് സർവ്വേയിൽ നിന്നും ലഭിക്കുന്ന വിവരങ്ങളും തമ്മിൽ ഡിജിറ്റൽ രീതിയിൽ ബന്ധിപ്പിച്ച് സൂക്ഷിക്കുന്നതു വഴി ഓരോ വ്യക്തിയുടെയും ആരോഗ്യ സംബന്ധിയായ വിവരങ്ങളുടെ പൂർണ്ണത ഈ പദ്ധതി ഉറപ്പാക്കുന്നു.

പഞ്ചായത്തുകളിലെ ഫീൽഡുതല ആരോഗ്യ പ്രവർത്തകരുടെ ടാബ്ലെറ്റ് കമ്പ്യൂട്ടറിൽ നിന്നും കേന്ദ്രീകൃത കമ്പ്യൂട്ടറിൽ വിവരങ്ങൾ എത്തുന്നതു പോലെ തന്നെ ആശുപത്രികളിലെത്തുന്ന രോഗികൾക്ക് കൂടുതൽ ശ്രദ്ധയോ പരിചരണമോ ആവശ്യമെങ്കിൽ ആ വിവരങ്ങൾ കേന്ദ്രീകൃത കമ്പ്യൂട്ടറിൽ നിന്നും തിരിച്ചു ആരോഗ്യ പ്രവർത്തകരുടെ ടാബ്ലെറ്റ് കമ്പ്യൂട്ടറിലേക്ക് സ്വയമേവ എത്തുന്നതിനുള്ള സംവിധാനവും ഈ പദ്ധതി വഴി നിലവിൽ വരുന്നു. ഗർഭിണികളായ സ്ത്രീകളെ കൃത്യമായ ഇടവേളകളിൽ സന്ദർശിച്ച് ആവശ്യമായ മരുന്നുകളും ഉപദേശങ്ങളും നൽകൽ, കുട്ടികളുടെ പ്രതിരോധ കുത്തിവയ്പുകൾ, പ്രമേഹം, രക്തസമ്മർദ്ദം എന്നിങ്ങനെ അതീവശ്രദ്ധ ആവശ്യമുള്ള രോഗികളെ ഭവനങ്ങളിൽ സന്ദർശിച്ചുള്ള രോഗശമന പ്രവർത്തനങ്ങൾ ഇവയെല്ലാം ഇരു ദിശകളിലുള്ള വിവര കൈമാറ്റത്തിലൂടെ വളരെ കാര്യക്ഷമമായി നിർവഹിക്കപ്പെടുന്നു.

സാംക്രമിക രോഗങ്ങളുമായി ആശുപത്രികളിലെത്തുന്ന രോഗികളുടെ കൃത്യമായ വിവരങ്ങൾ ആരോഗ്യപ്രവർത്തകരുടെ ടാബ്ലെറ്റ് കമ്പ്യൂട്ടറിൽ എത്തുന്നു. രോഗികളുടെ വാസസ്ഥലം, കുടിവെള്ളത്തിന്റെ സ്രോതസ്സ് എന്നിങ്ങനെ എല്ലാ സ്ഥലങ്ങളും ജി ഐ എസ് സംവിധാനമുപയോഗിച്ച് കേരളത്തിന്റെ ഭൂപടത്തിൽ അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നതിനാൽ കൃത്യസ്ഥലം കണ്ടെത്തി നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് വളരെ എളുപ്പത്തിൽ സാധിക്കുന്നു.

## ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വിവരശേഖരണം

കേരളത്തിലെ എല്ല പഞ്ചായത്തുകളിലെയും വീടുകൾ, പൊതു സ്ഥാപനങ്ങൾ, മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ, കുടിവെള്ള സ്രോതസ്സുകൾ, അംഗനവാടി, സ്കൂൾ, കോളേജ്, ഹോസ്പിറ്റൽ, ക്ലിനിക് ഡയഗ്നോസ്റ്റിക് സെന്റർ, ഫാർമസി, മറ്റ് പബ്ലിക് സ്ഥാപനങ്ങൾ, പൊതു പ്രാധാന്യമുള്ള സ്ഥലങ്ങൾ, പബ്ലിക് യൂട്ടിലിറ്റീസ് തുടങ്ങിയ വിവിധതരം സ്ഥാപനങ്ങളെപറ്റിയുള്ള വിശദാംശങ്ങൾ എന്നിങ്ങനെയുള്ള വിവരങ്ങളാണ് പൊതുജനാരോഗ്യ പ്രവർത്തകർ തങ്ങളുടെ ടാബ്ലെറ്റ് കമ്പ്യൂട്ടർ ഉപയോഗിച്ച് ഡിജിറ്റൽ രീതിയിൽ നടത്തുന്ന സർവ്വേയിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ ഡേറ്റാബേസിൽ ശേഖരിക്കപ്പെടുന്നത്. പൊതുജനാരോഗ്യം, വികസനം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ടു പഞ്ചായത്തുതല ജനകീയാസൂത്രണത്തിന് സഹായകമാകുന്ന വിലപ്പെട്ട വിവരങ്ങളാണ് ഇവ. പൊതുസ്ഥാപനങ്ങളെ സംബന്ധിച്ച വിവരശേഖരണത്തിന്റെ വ്യാപ്തി മനസ്സിലാകാൻ താഴെക്കൊടുത്തിരിക്കുന്ന ചില ഉദാഹരണങ്ങൾ ശ്രദ്ധിച്ചാൽ മതിയാകും.

### 1. അംഗൻവാടി

ശിശുക്കൾ, കുട്ടികൾ, കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, വൃദ്ധർ, അശരണർ എന്നിങ്ങനെ ഗുണഭോക്താക്കളുടെ ഇനം തിരിച്ചുള്ള എണ്ണം, പാചകത്തിനുപയോഗിക്കുന്ന ഇന്ധനം, കുടിവെള്ള സ്രോതസ്സ്, അംഗൻവാടിയിൽ ലഭ്യമായ സൗകര്യങ്ങൾ.

### 2. വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ഒരോ ക്ലാസ്സിലേയും ആൺകുട്ടികൾ, പെൺകുട്ടികൾ ഭിന്നലിംഗക്കാർ എന്നിങ്ങനെ ഇനം തിരിച്ചുള്ള എണ്ണം, മാനേജ്മെന്റ് (സർക്കാർ സ്ഥാപനം, സ്വകാര്യ സ്ഥാപനം), കരിക്കുലം (സ്റ്റേറ്റ് സിലബസ്സ്, സിബിഎസ്ഇ, ഐസിഎസ്സിഇ), കുടിവെള്ള സ്രോതസ്സ്, സ്ഥാപനത്തിൽ ഉപയോഗിക്കുന്ന ഇന്ധനം, സ്ക്കൂളിൽ ലഭ്യമായ സൗകര്യങ്ങൾ

### 3. ആശുപത്രികൾ, ക്ലിനിക്കുകൾ, ഡയഗ്നോസ്റ്റിക് സെന്ററുകൾ

ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും എണ്ണം, ആശുപത്രിയിൽ ലഭ്യമായ സേവനങ്ങളുടെ വിവരം, സമയക്രമം, ബയോമെഡിക്കൽ മാലിന്യങ്ങളുടെ സംസ്കരണ രീതി,

ക്ലബ്ബുകൾ, ബ്യൂട്ടി പാർലർ, ബസ് സ്റ്റേഷനുകൾ, കമ്മ്യൂണിറ്റി ഹാൾ, ഹോട്ടലുകൾ, റെയിൽവേ സ്റ്റേഷൻ, തിയേറ്ററുകൾ, പെട്രോൾ പമ്പുകൾ, പമ്പ് ഹൗസുകൾ, ഫാക്ടറികൾ, ഡേ കെയർ സെന്ററുകൾ, വൃദ്ധസദനങ്ങൾ, പൊതുകിണർ, പമ്പ് ഹൗസ്, ശ്മശാനം, പൊതുശൗചാലയങ്ങൾ, പോതുകുഴൽക്കിണർ, മാർക്കറ്റ്, തുടങ്ങിയ സ്ഥാപനങ്ങളും സർവ്വേയിൽ





ഉൾപ്പെടുത്തിയിട്ടുണ്ട്.

വീടുകളെ സംബന്ധിച്ച് മേൽവിലാസം, ഏതു തരത്തിലുള്ള വീടാണ്, വൈദ്യുതീകരിച്ച വീടാണോ, ശൗചാലയം ഉണ്ടോ, വീട്ടിൽ വളർത്തുന്ന പക്ഷിമൃഗാദികൾ, കുടിവെള്ളത്തിന്റെ സ്രോതസ്സും സംഭരണ രീതിയും മാലിന്യസംസ്കരണ രീതികൾ എന്നീ വിവരങ്ങളും റേഷൻ കാർഡ്നമ്പർ, കുടുംബനാഥൻ അല്ലെങ്കിൽ കുടുംബനാഥയുടെ വിവരം, കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധം എന്നിങ്ങനെയുള്ള വിവരങ്ങളും ശേഖരിക്കുന്നു.

വീടുകളുടെയും സ്ഥാപനങ്ങളുടെയും അക്ഷാംശവും രേഖാംശവും ടാബ്‌ലെറ്റ് കമ്പ്യൂട്ടർ ഉപയോഗിച്ച് ശേഖരിച്ച് ഡേറ്റാബേസിൽ ഉൾപ്പെടുത്തുന്നതിനാൽ ജിഐഎസ് സംവിധാനത്തിൽ ഇവയുടെ സ്ഥാനം കേരളത്തിന്റെ ഭൂപടത്തിൽ അടയാളപ്പെടുത്തുവാൻ സാധിക്കുന്നു.





## ഇ – ഹെൽത്ത് ഡേറ്റാബേസ് – പഞ്ചായത്തുകൾക്ക് അമൂല്യ വിവരശേഖരം

ചുരുക്കത്തിൽ, കേരളത്തിന്റെ ഗ്രാമപ്രദേശങ്ങളെപ്പറ്റിയുള്ള ഒരു സമഗ്രമായ വിവരശേഖരണമാണ് നടക്കുന്നത്. ഒരു പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പ്രദേശത്തിന്റെയും പ്രദേശവാസികളുടെയും ഭൗതികസാഹചര്യങ്ങളുടെ ഒരു യഥാതഥമായ ചിത്രം ലഭ്യമാകുന്നു. കൂടാതെ, ആരോഗ്യപ്രവർത്തകരുടെ ഈ സർവ്വേ ഒരു തുടർപ്രക്രിയ ആകയാൽ ഈ വിവരശേഖരം നിരന്തരം അപ്ഡേറ്റ് ചെയ്യപ്പെടുകയും ചെയ്യുന്നു. ഇതു നിരവധി സാധ്യതകൾ പഞ്ചായത്തുകൾക്ക് തുറന്ന് നൽകുന്നു.

വീടുകളുടെ നമ്പർ, അക്ഷാംശം, രേഖാംശം, മേൽവിലാസം, പൊതുസ്ഥാപനങ്ങളുടെ വിവരങ്ങൾ എന്നിവ ലഭ്യമാകുന്നതിനാൽ പഞ്ചായത്തിന്റെ ഒരു സമഗ്രമായ ഭൂപടം ജിഐഎസ് സംവിധാനത്തിൽ സൃഷ്ടിക്കാൻ കഴിയും. പഞ്ചായത്തിലെ ജനങ്ങളുടെ തൊഴിൽ, ജീവിതരീതി, ആരോഗ്യസ്ഥിതി എന്നിങ്ങനെ സമഗ്രമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജനകീയാസൂത്രണം കൂടുതൽ ഫലപ്രദമായി നടത്തുവാൻ സാധിക്കുന്നു. നിലവിലെ മാലിന്യനിർമ്മാർജ്ജന രീതികളെകുറിച്ചുള്ള യഥാർത്ഥമായ വിവരങ്ങൾ ലഭ്യമാകുന്നതിനാൽ പരിഹാരമാർഗ്ഗങ്ങൾ ഊർജ്ജിതമാക്കുവാനും സാധിക്കും.

## ഇ–ഹെൽത്ത് പദ്ധതിയുടെ നടത്തിപ്പിൽ പഞ്ചായത്തുകളുടെ പങ്ക്

ഇ-ഹെൽത്ത് പദ്ധതിയുടെ നടത്തിപ്പിൽ പഞ്ചായത്തുകൾക്ക് വലിയൊരു പങ്ക് വഹിക്കുവാനുണ്ട്. ആരോഗ്യവകുപ്പ് ഇ-ഹെൽത്ത് സർവ്വേ നടത്തുന്നത് പഞ്ചായത്തുകളുടെ സഹകരണത്തോടെ ആയിരിക്കും. സർവ്വേ ആരംഭിക്കുന്നതിന് മുൻപ് പഞ്ചായത്തിന്റെ നേതൃത്വത്തിൽ യോഗം ചേർന്ന് സർവ്വേ നടപടികളെക്കുറിച്ച് കൃത്യമായ ആസൂത്രണവും തുടർന്ന് ഇടവേളകളിൽ അവലോകനങ്ങളും ഉണ്ടാകേണ്ടതുണ്ട്.

ആശുപത്രികളുടെ കമ്പ്യൂട്ടർവൽക്കരണത്തിലും പഞ്ചായത്തുകളുടെ വലിയ തോതിലുള്ള സഹകരണം ആവശ്യമാണ്. കേവലം കമ്പ്യൂട്ടർവൽക്കരണം മാത്രമല്ല, ആശുപത്രികളുടെ പ്രവർത്തനത്തിൽ ഗുണപരമായ ഒരു കുതിച്ചുചാട്ടമാണ് ലക്ഷ്യമിടേണ്ടത്. ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാകുമെങ്കിലും അതോടൊപ്പം തന്നെ മറ്റ് അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കേണ്ടതുണ്ട്. രോഗികൾക്കുള്ള കാത്തിരിപ്പു കേന്ദ്രങ്ങൾ, റിസപ്ഷൻ കൗണ്ടർ, ആവശ്യത്തിനുള്ള ജീവനക്കാർ എന്നിങ്ങനെയുള്ള പല ഘടകങ്ങൾകൂടി മെച്ചപ്പെട്ടാൽ മാത്രമെ പൊതുജനങ്ങൾക്ക് പദ്ധതിയുടെ പൂർണ്ണമായ ഗുണഫലം ലഭ്യമാകുകയുള്ളു.

ഓരോ ആശുപത്രിയുടെയും കമ്പ്യൂട്ടർവൽക്കരണത്തിന് മുമ്പായി അവിടെ ആവശ്യമായ അടിസ്ഥാനസൗകര്യവികസനത്തിന്റെ ഒരു രൂപരേഖ പഞ്ചായത്തിന്റെയും ആശുപത്രി അധികൃതരുടെയും എച്ച്എംസിയുടെയും സഹകരണത്തോടെ തയ്യാറാക്കുവാനാണ് ഇ-ഹെൽത്ത് പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് ഉദ്ദേശിക്കുന്നത്.

കേരളത്തിന്റെ പൊതുജനാരോഗ്യസേവനരംഗം അടിമുടി മാറുകയാണ്. വികസിത രാജ്യങ്ങളിൽ മാത്രം ലഭ്യമായിരുന്ന ആരോഗ്യസേവന മേഖലയിലെ ഉന്നത മാതൃകകൾ ഇവിടെയും ലഭ്യമായി തുടങ്ങുന്നതോടെ മറ്റെല്ലാ കാര്യങ്ങളിലുമെന്നതു പോലെ ഇവിടെയും കേരളം മറ്റു സംസ്ഥാനങ്ങളിൽ നിന്നും ബഹുകാതം മുന്നിലെത്തും. ആരോഗ്യവകുപ്പും തദ്ദേശസ്വയംഭരണവകുപ്പും കൈകൊർത്തു പ്രവർത്തിച്ചാൽ സമാനതകളില്ലാത്ത ഒരു കുതിച്ചുചാട്ടത്തിന് കേരളത്തിലെ പൊതുജനാരോഗ്യരംഗം സാക്ഷിയാവും. ◆

*(ലേഖകൻ ഇ-ഹെൽത്ത് പ്രോജക്ടിന്റെ ചീഫ് കൺസൾട്ടന്റാണ്)*



# പുഴയെ സ്നേഹിക്കുന്ന വാണിമേൽ പഞ്ചായത്ത്

ടി.ഷാഹുൽ ഹമീദ്





ചരിത്രത്തിൽ പുഴകൾക്ക് സംസ്ക്കാരവുമായി ഹൃദയബന്ധമുണ്ടായിരുന്നു. സംസ്ക്കാരങ്ങൾ തഴച്ചുവളർന്നത് നദീതീരങ്ങളിലായിരുന്നു. പുഴകൾ ഓരോ പ്രദേശത്തിനും നൽകുന്നത് ജീവൽ തുടിപ്പിന്റെ തെളിനീർ ചോലകളാണ്. 3000 മില്ലിലിറ്റർ മഴ ലഭിക്കുന്ന 44 നദികളുള്ള നമ്മുടെ കേരളം രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്നതിന്റെ പ്രധാനകാരണം നിലവിലുള്ള ജലസ്രോതസ്സുകളെ വേണ്ട വിധം സംരക്ഷിക്കാത്തതു കൊണ്ടാണ്. 44 പുഴകളും 50000 കുളങ്ങളും 60 ലക്ഷം കിണറുകളുമുള്ളതും ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നതുമായ കേരളം എന്തുകൊണ്ട് വറ്റിവരളുന്നു എന്നത് അന്വേഷിക്കുമ്പോഴാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുഴ സംരക്ഷണം ദൗത്യമായി ഏറ്റെടുക്കേണ്ട പ്രാധാന്യം ബോധ്യപ്പെടുന്നത്.

കോഴിക്കോട് ജില്ലയിലെ പ്രധാന 6 നദികളിൽ ചാലിയാർ, കുറ്റ്യാടി, കടലുണ്ടി, കല്ലായി, കോരപ്പുഴ, മയ്യഴിപ്പുഴ എന്നിവയിൽ മയ്യഴിപ്പുഴയുടെ ഉൽഭവസ്ഥാനം സ്ഥിതിചെയ്യുന്നതും 16 കിലോമീറ്റർ നീളത്തിൽ സഞ്ചരിക്കുന്നതും വാണിമേൽ ഗ്രാമപഞ്ചായത്തിലൂടെയാണ്. വാണിമേൽപുഴ എന്നാണ് ഈ നദി അറിയപ്പെടുന്നത്. വിലങ്ങാട്,പാനോം, ഉരുട്ടി, വാളാംതോട്, പുഴമൂല, പുതുക്കയം, മുടിക്കൽ, പാക്കോയി എന്നീ പ്രദേശങ്ങളിലൂടെ ഒഴുകി നാദാപുരം, നരിപ്പറ്റ പഞ്ചായത്തുകളിൽ വാണിമേൽപുഴ അതിർത്തി പങ്കിടുന്നു.

വാണിമേൽ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ആവാസവ്യവസ്ഥയ്ക്ക് ഒഴിച്ചുകൂടാനാവാത്തതും ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ട് കിടക്കുന്നതുമായ വാണിമേൽ പുഴ കഴിഞ്ഞ കുറച്ചു നാളുകളായി വിവിധ പ്രശ്നങ്ങളാൽ പ്രയാസപ്പെടുകയാണ്. വാണിമേൽ പുഴയിൽ വെള്ളം ക്രമാതീതമായി കുറയുന്നതും വിവിധങ്ങളായ മത്സ്യസമ്പത്ത് ഇല്ലാതാവുന്നതും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കുന്നുകൂടുന്നതും സുഗമ

മായ ഒഴുക്കിന് വിഘാതമായുള്ള തടസ്സങ്ങൾ ഉണ്ടാകുന്നതും ഈ പുഴയുടെ ജീവൽ പ്രശ്നങ്ങളാണ്.

## ഓപ്പൺ ഫോറം

വാണിമേൽ പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം പ്രത്യേക സമിതി പുഴ സന്ദർശിക്കുകയും പുഴയെ സംരക്ഷിക്കുന്നതിന് ശാസ്ത്രീയമായ ഒരു പഠനം ആവശ്യമാണെന്ന് ബോധ്യപ്പെടുകയും ചെയ്തു. പഞ്ചായത്ത് ചുമതലപ്പെടുത്തിയതു പ്രകാരം കേന്ദ്രഗവൺമെന്റ് സ്ഥാപനമായ സി.ഡബ്ല്യൂ.ആർ. ഡി.എമ്മിലെ ശാസ്ത്രഞ്ജൻ ഡോ:വി.പി.ദിനേശൻ വാണിമേൽ പുഴയുടെ ഉൽഭവസ്ഥാനം മുതൽ എല്ലാ സ്ഥലങ്ങളും സന്ദർശിക്കുകയും പുഴയുടെ മുഴുവൻ പ്രശ്നങ്ങളും നേരിൽ കാണുകയും ചെയ്തു. തുടർന്ന് പുഴയോരത്ത് ഡോ.ദിനേശന്റെ നേതൃത്വത്തിൽ ഓപ്പൺ ഫോറം നടത്തി. ഇതിൽ പരിസ്ഥിതി പ്രവർത്തകരടക്കം നിരവധി പേർ പങ്കെടുത്തിരുന്നു.

ഓപ്പൺ ഫോറത്തിലെ പ്രധാന നിരീക്ഷണങ്ങൾ

1. പുഴയിൽ മൽസ്യങ്ങൾ ഇല്ലാതാകുന്നു.
2. മാലിന്യങ്ങൾ വലിയ തോതിൽ നിക്ഷേപിക്കുന്നു.
3. പുഴയിൽ വാഹനം ഇറക്കി കഴുകുന്നു.
4. പുഴയിൽനിന്ന് മോട്ടോർ ഉപയോഗിച്ച് ജലചൂഷണം ചെയ്യുന്നു.
5. പ്ലാസ്റ്റിക്ക് കുന്നുകൂടി ഒഴുക്ക് തടസ്സപ്പെടുന്നു.

ഓപ്പൺ ഫോറത്തിന്റെ നിർദ്ദേശങ്ങളും ഫീൽഡ് വിസിറ്റിന്റെ അനുഭവവും ഉൾക്കൊണ്ട് ഡോ. ദിനേശൻ വിശദമായി ഒരു പഠനറിപ്പോർട്ട് പഞ്ചായത്തിന് നൽകി.

## പ്രധാന നിർദ്ദേശങ്ങൾ

1. പുഴകൈയ്യേറ്റം തടയാൻ പുഴ പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുക. പ്രധാന ഭാഗങ്ങളിൽ നിർദ്ദേശിക സൂചിക സ്ഥാപിക്കുക.
2. പുഴമലിനീകരണം ഇല്ലാതാക്കുവാൻ പുഴയോര സംരക്ഷണസേന ഉണ്ടാക്കുക, പ്ലാസ്റ്റിക്ക് മാലിന്യം പൂർണ്ണമായും നീക്കം ചെയ്ത് ബോധവൽക്കരണം നടത്തുക, പുഴയിൽ വാഹനങ്ങൾ കഴുകുന്നത് അവസാനിപ്പിക്കുക.
3. പുഴയുടെ തീരങ്ങൾ ഇടിയുന്നത് തടയാൻ സംവിധാനങ്ങൾ ഉണ്ടാക്കുക. തീരങ്ങൾ സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കുക.പുഴയുടെ സ്വാഭാവിക ഒഴുക്കിനെ തടയുന്ന ഘടകങ്ങൾ ഇല്ലാതാക്കുക. തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ലഭ്യമായ വിഭവങ്ങൾ വെച്ച് ഭിത്തി നിർമ്മിക്കുക.
4. നദീജല സംരക്ഷണത്തിന്റെ ഭാഗമായി തടയണകൾ നിർമ്മിക്കുക. കുറഞ്ഞ വെള്ളം അധികമായി ചൂഷണം ചെയ്യുന്നത് തടയുക.പുഴയിലേക്ക് ജലം റീച്ചാർജ്ജ് ചെയ്യുന്ന അരുവികൾ, തണ്ണീർത്തടങ്ങൾ എന്നിവ സംരക്ഷിക്കുക. പുഴയോരസഭകൾ എല്ലാ വാർഡുകളിലും നടത്തി ജലസാക്ഷരത പ്രവർത്തനം ഏറ്റെടുക്കുക.

## പഞ്ചായത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

1. 2016-17 സാമ്പത്തിക വർഷം വാണിമേൽ പുഴ സംരക്ഷണം എന്ന പദ്ധതി ആവിഷ്ക്കരിച്ച് 2 ലക്ഷം രൂപ വകയിരുത്തി സി.ആർ.ഡബ്ല്യൂ.സി. എമ്മിന്റെ നിർദ്ദേശപ്രകാരമുള്ള പദ്ധതി നടപ്പിലാക്കുന്നു.
2. അമിത ജലചൂഷണം തടയുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബിയുമായി സഹകരിച്ച് 300ഓളം മോട്ടോർ പമ്പുകൾ പുഴയിൽ നിന്ന് നീക്കം ചെയ്തു.
3. പുഴ തീരങ്ങളിൽ വാഹനങ്ങൾ ഇറക്കാൻ കഴിയാത്ത വിധം ചങ്ങലകൾ സ്ഥാപിക്കുവാനും പുഴയോര ബോർഡുകൾ സ്ഥാപിക്കുവാനും നടപടികൾ സ്വീകരിച്ചു.
4. ലോകപരിസ്ഥിതി ദിനമായ ജൂൺ 5ന് പുഴയോരങ്ങളിൽ വൃക്ഷതൈ നടുകയും 1500 മുളതൈകൾ പുഴയോരത്ത് വെച്ചുപിടിപ്പിക്കുകയും ചെയ്തു.
5. നാദാപുരം ഗവ:കോളേജ് എൻ.എസ്.എസ് യൂണിറ്റുമായി സഹകരിച്ച് നൂറോളം കുട്ടികൾ 3 ടൺ പ്ലാസ്റ്റിക്കുകൾ പുഴയിൽ നിന്ന് നീക്കം ചെയ്ത് റീസൈക്ലിംഗ് ചെയ്തു.
6. പുഴയോരത്തെ പ്ലാസ്റ്റിക്കുകൾ ഉണക്കി പഞ്ചായത്തിലെ ഷ്രെഡ്ഡിംഗ് യൂണിറ്റിൽ എത്തിച്ചു.
7. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പതിനാറോളം സ്ഥലങ്ങളിൽ ജനകീയമായി തടയണകൾ നിർമ്മിച്ചു. തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് തൊഴിലാളികളെ ഈ പ്രവർത്തിക്ക് ലഭ്യമാക്കി.
8. നൂതന പദ്ധതിയായ പുഴയോര സഭകൾ സംഘടിപ്പിച്ച് ജനങ്ങളെ ബോധവൽക്കരിക്കുവാൻ പരിപാടികൾ ആവിഷ്ക്കരിച്ചു. 6 സഭകളാണ് ഈ സാമ്പത്തിക വർഷം നടത്തുക. പുഴയോരസഭകളിൽ പുഴയുടെ പ്രാധാന്യം, മാലിന്യം നിക്ഷേപിക്കുന്നതിനെതിരെയുള്ള ജാഗ്രത,പുഴയോര കർമ്മസേന രൂപീകരിക്കുക,ജലപ്രതിജ്ഞ എന്നിവയാണ് അജണ്ട.
9. നീർത്തടാധിഷ്ഠിത പദ്ധതി പ്രകാരം പുഴയിലേക്കുള്ള നീരുറവകൾ സംരക്ഷിക്കുവാൻ പദ്ധതികൾ ആവിഷ്ക്കരിച്ചു.
10. വിലങ്ങാട് ടൗണിലെ കച്ചവടക്കാരുടെ പ്രത്യേക യോഗം ചേർന്ന് പുഴയിലേക്ക് മാലിന്യങ്ങൾ തള്ളുന്നത് തടയാനുള്ള പ്രവർത്തനം നടത്തി.
11. വാഹനങ്ങൾ പുഴയിൽ ഇറക്കുന്നതിനെതിരെ ജനകീയ ജാഗ്രതാ സമിതികൾ ഉണ്ടാക്കി.
12. പുറമ്പോക്ക് നിശ്ചയിക്കുന്നതിന് റിസർവ്വേ നടപടി ആരംഭിക്കുവാൻ സർക്കാരിനോട് അഭ്യർത്ഥിച്ചു.
13. ജൈവവൈവിധ്യ പരിപാലന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പുഴസംരക്ഷണത്തിന് ഒരു പ്രോജക്ട് തയ്യാറാക്കി സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് നൽകി.
14. പുഴയോര ടൂറിസം പദ്ധതിക്കായി ടൂറിസം ഡിപ്പാർട്ട്മെന്റിന് മുമ്പാകെ പ്രൊപ്പോസൽ നൽകി.
15. സേവ് വാണിമേൽ പുഴ എന്ന ജനകീയ സംവിധാനം ഉണ്ടാക്കി
16. വ്യാപകമായി മഴക്കുഴി നിർമ്മിച്ചു.

ലോകത്ത് 71% ജലവും 29% കരഭൂമിയുമാണ്.2.5% മാത്രമാണ് ശുദ്ധജലമുള്ളത്. ഇതൊക്കെ വിളിച്ചോതുന്നത് ജലസംരക്ഷണ പ്രവർത്തനത്തിന്റെ കാലിക പ്രസക്തിയാണ്.ഈ കാര്യത്തിൽ പഞ്ചായത്ത് ജനങ്ങളുടെ പിന്തുണയോടെ ഗ്രാമപഞ്ചായത്തിന്റെ ഹൃദയതാളമായ വാണിമേൽ പുഴസംരക്ഷണം ഒരു ദൗത്യമായി ഏറ്റെടുത്ത് ഉദ്യോഗസ്ഥരുടെയും നാട്ടുകാരുടെയും പരിസ്ഥിതി പ്രവർത്തകരുടെയും പിന്തുണയോടെ നടത്തുന്ന പ്രവർത്തനങ്ങൾ മറ്റ് പഞ്ചായത്തുകൾക്ക് മാതൃകയാക്കുവാൻ കഴിയാവുന്നതാണ്. ◆

*ലേഖകൻ വാണിമേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്*

# വാർത്തകളും വിശേഷങ്ങളും

## കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി

വരൾച്ച കാരണം കുടിവെള്ളം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ കുടിവെള്ളവിതരണത്തിനായി താഴെപറയും പ്രകാരം തുക ചെലവഴിക്കാൻ അനുമതി നൽകി ഉത്തരവായി.

| തദ്ദേശസ്വയംഭരണ സ്ഥാപനം | 31-03-2017 വരെ ചെലവഴിക്കാവുന്ന തുക | 01-04-2017 മുതൽ 31-05-2017 വരെ ചെലവഴിക്കാവുന്ന തുക |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | 5 ലക്ഷം | 10 ലക്ഷം |
| മുനിസിപ്പാലിറ്റികൾ | 10 ലക്ഷം | 15 ലക്ഷം |
| കോർപ്പറേഷൻ | 15 ലക്ഷം | 20 ലക്ഷം |

(സ.ഉ(സാധാ) നം.662/2017/തസ്വഭവ, തീയതി 09-03-2017)

## ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ വേതന വർദ്ധനവിന് മുൻകാലപ്രാബല്യം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ പ്രതിമാസവേതനം 20,000/- രൂപ (ഇരുപതിനായിരം രൂപ മാത്രം) ആയി വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകി. ഉത്തരവിന് 01-04-2016 മുതൽ മുൻകാലപ്രാബല്യം നൽകിയിട്ടുണ്ട്.

(സ.ഉ(സാധാ) നം.109/2017/തസ്വഭവ , തീയതി 13-01-2017)

(സ.ഉ(സാധാ) നം.612/2017/തസ്വഭവ , തീയതി 06-03-2017)

## ഗ്രാമപഞ്ചായത്തുകൾ നൽകുന്ന സേവനങ്ങൾ സംബന്ധിച്ച ചെക്ക് ലിസ്റ്റ് അംഗീകരിച്ചു

ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകുന്ന സേവനങ്ങൾ സംബന്ധിച്ച് 'കില' തയ്യാറാക്കിയ ചെക്ക് ലിസ്റ്റ് അംഗീകരിച്ചുകൊണ്ടും പ്രസ്തുത ചെക്ക് ലിസ്റ്റ് ബന്ധപ്പെട്ട സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവായി.

(സ.ഉ(സാധാ) നം.605/2017/തസ്വഭവ , തീയതി 03-03-2017)

## വിവരാവകാശനിയമം 2005 – എസ്.പി.ഐ.ഒ/അപ്പീൽ അധികാരിയുടെ വിവരങ്ങൾ സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കണം.

വിവരാവകാശനിയമം ബാധകമാക്കിയിട്ടുള്ള സംസ്ഥാനത്തിലെ എല്ലാ സ്ഥാപനങ്ങളിലെയും എല്ലാ ഓഫീസുകളിലേയും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/അപ്പീൽഅധികാരി എന്നിവരുടെ പേര്, ഉദ്യോഗപ്പേര്, ഫോൺ നമ്പർ എന്നിവയിൽ മാറ്റമുണ്ടാകുമ്പോൾ പ്രസ്തുതവിവരം നിർബന്ധമായും വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിരിക്കണമെന്ന് നിർദ്ദേശം പുറപ്പെടുവിച്ചു.

(സർക്കുലർ നം. സി.ഡി.എൻ5/14/2017/തസ്വഭവ തീയതി 14-02-2017)


## എഎവൈ വിഭാഗത്തിൽപ്പെട്ടവർക്ക് 28 കിലോ അരിയും ഏഴു കിലോ ഗോതമ്പും സൗജന്യം

സംസ്ഥാന പൊതുവിതരണ സമ്പ്രദായത്തിലൂടെ മാർച്ച് മാസത്തിൽ റേഷൻ കടകൾ വഴി എഎവൈ വിഭാഗത്തിൽപ്പെട്ടവർക്ക് കാർഡിന് 28 കിലോഗ്രാം അരിയും ഏഴു കിലോഗ്രാം ഗോതമ്പും സൗജന്യമായി ലഭിക്കുമെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ അറിയിച്ചു. മുൻഗണനാവിഭാഗത്തിൽപ്പെട്ട കാർഡുകളിലെ ഓരോ അംഗത്തിനും നാലു കിലോഗ്രാം അരിയും ഒരു കിലോഗ്രാം ഗോതമ്പും സൗജന്യമായി ലഭിക്കും. മുൻഗണനേതര വിഭാഗത്തിൽപ്പെട്ട രണ്ടു രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് (എൻപിഎസ്) ഓരോ അംഗത്തിനും രണ്ടു കിലോഗ്രാം അരിവീതം കിലോഗ്രാമിന് രണ്ടു രൂപ നിരക്കിൽ ലഭിക്കും. രണ്ടു രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെടാത്ത മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്ക് (എൻപിഎൻഎസ്) കാർഡിന് ആറ് കിലോഗ്രാം ഭക്ഷ്യധാന്യം (അരിയും ഗോതമ്പുമുൾപ്പെടെ) അരി കിലോഗ്രാമിന് 8.90 രൂപ നിരക്കിലും ഗോതമ്പ് 6.70 രൂപ നിരക്കിലും ലഭിക്കും. വൈദ്യുതീകരിച്ച വീടുള്ള കാർഡുടമകൾക്ക് അര ലിറ്റർ വീതവും വൈദ്യുതീകരിക്കാത്ത വീടുള്ള കാർഡുടമകൾക്ക് നാലു ലിറ്റർ വീതവും മണ്ണെണ്ണ ലിറ്ററിന് 21 രൂപ നിരക്കിൽ ലഭിക്കും.

ബന്ധപ്പെട്ട റേഷൻ കടകളിൽ നിന്ന് കാർഡുടമകൾ ഇവ ചോദിച്ചു വാങ്ങണമെന്നും ഭക്ഷ്യ-പൊതുവിതരണ വകുപ്പ് ഡയറക്ടർ അറിയിച്ചു. പരാതികളും നിർദ്ദേശങ്ങളും 1967 എന്ന ടോൾഫ്രീ നമ്പരിലോ ബന്ധപ്പെട്ട ജില്ലാ, താലൂക്ക് സപ്ലൈ ഓഫീസുകളിലോ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രിയുടെ ഓഫീസിലോ സിവിൽസപ്ലൈസ് ഡയറക്ടർ, പബ്ലിക് ഓഫീസ്, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ അറിയിക്കണം.

**തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.**

Edited and Published by P. Bala Kiran IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Orange Printers Pvt. Ltd., Thiruvananthapuram




# പഞ്ചായത്ത്‌രാജ്

## പരസ്യ നിരക്ക്

| | തുക രൂപയിൽ |
|---|---|
| കവർ (അവസാനപുറം) കളർ | 12000/ |
| കവർ (ഉൾവശം) കളർ | 10000/ |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | 8000/ |
| മറ്റു പേജുകൾ (കളർ) | 8000/ |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | 6000/ |
| അര പേജ് (കളർ) | 5000/ |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | 3000/ |

**PANCHAYAT RAJ** (Monthly) March 2017
Annual Subscription ₹ 120/-, Published on 20th March 2017
Posted at Trivandrum RMS on 25th & 26th of every month

RNI. No. : 7959/64
Postal Reg. No. KL/TV(N) 391/2015-17
Licenced Post without Prepayment No. KL/TV(N) WPP-85/2015-17



# ഫോർ ദി പീപ്പിൾ

## പരാതിപ്പെടാം .... ഓൺലൈനിലൂടെ

- പൊതുജനങ്ങൾക്ക് ''For the people'' പോർട്ടലിൽ (http//pglsgd.kerala.gov.in) പരാതികൾ ONLINE ആയി നൽകാം.
- ഈ സംവിധാനം വഴി പഞ്ചായത്തുകളെയും നഗരസഭകളെയും സംബന്ധിച്ച് രണ്ട് തരം പരാതികൾക്ക് പരിഹാരം തേടാം
  - സേവന ലഭ്യതയിൽ വരുന്ന വീഴ്ചകൾ
  - അഴിമതി സംബന്ധിച്ച പരാതി
- വ്യാജപരാതികൾ ഒഴിവാക്കാൻ ആധാർ/ഇലക്ഷൻ തിരിച്ചറിയൽ കാർഡ് നിർബന്ധം
- പരാതിക്കാരുടെ വ്യക്തിവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിന് സൗകര്യം
- പഞ്ചായത്ത് വകുപ്പ്, ഗ്രാമവികസന വകുപ്പ്, നഗരകാര്യ വകുപ്പ്, നഗരഗ്രാമാസൂത്രണ വകുപ്പ്, LSGD എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പുകളെയാണ് ഈ web portal ൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

Printed & Published by P. Bala Kiran IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: P. Bala Kiran IAS